

# നവതിയുടെ നിറവിൽ

അഡ്വ. ഒ. റ്റി വർഗ്ഗീസ്



malankaralibrary.com



'ധന്യം ഈ ജീവിതം'



കുടുംബാംഗങ്ങളോടൊപ്പം

malankaralibrary.com

# നവതിയുടെ നിറവിൽ

## അഡ്വ.ഒ.റ്റി വർഗ്ഗീസ്
## ഒഴുകയിൽ

ജനനം : 25th June 1928

## സ്മരണിക
## ജൂലൈ ൨൦൧൮

malankaralibrary.com

Malayalam

**NAVATHIYUDE NIRAVIL**

Published by :

George Varghese Erumeda

Tomy Varghese Ozhukayil

First Edition-July 2018

Editorial Board :

Prof. Dr. P J Sebastian Pazheparambil

P M Thomas Pazheparambil

George Varghese Erumeda

Tomy Varghese Ozhukayil

Printed at : Don Bosco IGACT, Kochi

*(For private circulation only)*

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# ഉള്ളടക്കം


## നവതി ആശംസാസന്ദേശങ്ങൾ

1. ആർച്ച് ബിഷപ്പ് ജോർജ്ജ് കോച്ചേരി
- Papal Nuncio in Bangladesh .................................................. 4
2. മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ - Bishop Emeritus of Pala ...... 5
3. ശ്രീ ഉമ്മൻ ചാണ്ടി - മുൻ കേരള മുഖ്യമന്ത്രി ................................ 6
4. ശ്രീ ടോം ജോസ് IAS - Chief Secretary Kerala State .................... 7
5. അഡ്വ. റ്റി.പി.എം ഇബ്രാഹിം ഖാൻ
-Special Senior Counsel Govt.of India .................................... 8
6. ശ്രീ സുകുമാരൻ മൂലേക്കാട്
- ബാലജനസഖ്യം മുൻപ്രസിഡന്റ് ............................................ 9
7. ഡോ. സിറിയക് തോമസ്
- Form. Vice Chancellor M G University .................................. 11
8. ഡോ. ജാൻസി ജെയിംസ്
- Form. Vice Chancellor M G and Central University ................ 14
9. ശ്രീ ജോഷി മാത്യു - സിനിമ സംവിധായകൻ ................................ 21
10. പ്രൊഫ. ഡോ. ലാലി മാത്യു - ഭാരത മാതാ കോളേജ് ............... 23

## ജീവിതപാദമുദ്രകൾ

11. അവതാരിക - ശ്രീ പി.എം തോമസ് (Rtd. H M) ........................... 25
12. ആമുഖം - ഡോ. പി.ജെ സെബാസ്റ്റ്യൻ (Rtd. Prof ) .................. 27
13. ബാല്യകാലം ............................................................................ 28
14. ഉന്നതവിദ്യാഭ്യാസവും കോൺഗ്രസ്സ് പ്രവർത്തനവും ................. 31
15. ഗുരുക്കന്മാർ സുഹൃത്തുക്കൾ ..................................................... 33
16. അഖില കേരള ബാലജനസഖ്യം .................................................. 37
17. വിമോചന സമരം ...................................................................... 39
18. കോൺഗ്രസ്സിൽ ഉദാസീനനാകുന്നു. ......................................... 49
19. ബിസ്സിനസ് ജീവിതം ................................................................ 52
20. വിവാഹവും കുടുംബജീവിതവും ................................................ 55
21. അസുലഭ കൂടിക്കാഴ്ചകൾ, നിരവധി വേദികൾ ........................... 58
22. അനുബന്ധം ............................................................................ 65

malankaralibrary.com



APOSTOLIC NUNCIATURE
IN BANGLADESH

26th June 2018

It is an honour for me to write this short message on this auspicious occasion when my good friend Adv. O.T. Varghese celebrates his "***navathy***" as well as the Diamond Jubilee of his wedding with his gracious wife Alice.

A good tree produces good fruits. It is truly verified in the family of Adv. OT Varghese; it is a blessed family rooted in strong Catholic principles and values.

I have known him through their children in Zimbabwe and Zambia, particularly through his son Ligu who was my close friend in Zimbabwe where I was the Papal Nuncio for 7 years. Ligu, his wife Alphonsa and three children follow an exemplary Catholic family life; surely, an outcome of the strong foundation of faith and ethics taught by the parents. I am happy to note that OT's children lead ideal family life. In fact, OT Varghese and Alice can be proud of their children and grandchildren.

My interaction with Adv. OT in Ernakulum gives me a vivid picture of his deep knowledge and views on various issues that make him a true visionary and man of strong faith. I have personally seen his collections of articles, speeches and other valuable documents.

May the good Lord bless him and his entire family with peace and happiness during the proud moments of his life.

Archbishop George Kocherry
*Papal Nuncio in Bangladesh*

HOLY SEE - VATICAN EMBASSY
BANGLADESH

U.N. Road 2, Baridhara, Gulshan 2, Dhaka 1212.
Tel: (+88-02) 9842018; 9842143; Fax (+88-02) 9843574



malankaralibrary.com



Mar Joseph Pallikaparampil
Bishop Emeritus of Palai

BISHOP'S HOUSE, PALAI
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
Fax : 04822-211379
E-mail : aramanapala@gmail.com
Web : www.palaidiocese.com

ശ്രീ കെ.റ്റി. വർഗ്ഗീസ്, ഒറ്റുകാവിൽ ജൂലൈ മാസം 7-ാം തീയതി നവതി ആഘോഷിക്കുകയാണെന്ന് അറിയുന്നതിൽ സന്തോഷിക്കുന്നു. ഹാർദ്ദമായ ആശംസകൾ നേരുന്നു.

ദൈവം തനിക്കു നൽകിയ കഴിവുകൾ മറ്റുള്ളവർക്ക് ഉപകരിക്കുവാൻ കാരുണ്യപ്രവർത്തനങ്ങളിലൂടെ അനുഗ്രഹങ്ങൾ അവയെല്ലാം വിനിയോഗിക്കുവാൻ ശ്രീ വർഗ്ഗീസ് ശ്രമിച്ചിരുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു. നല്ലവനായ ദൈവം ശ്രീ വർഗ്ഗീസിനെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

Pallikaparampil
03.03.2018



malankaralibrary.com




**ഉമ്മൻ ചാണ്ടി**
(പുതുപ്പള്ളി)
മെമ്പർ
കേരള നിയമസഭ
കരോട്ട് വള്ളക്കാലിൽ
പുതുപ്പള്ളി
കോട്ടയം

ഫോൺ:
കോട്ടയം: 0481-2351135
വസതി: 0471-2342602
ഓഫീസ്: 0471-2512200
ഫാക്സ്: 0471-2512200
ചന്ദ്രഗിരി ബ്ലോക്ക്-101,
എം.എൽ.എ. ഹോസ്റ്റൽ,
തിരുവനന്തപുരം-33
ഇ-മെയിൽ: oommenchandymla@gmail.com


13.06.2018

## സന്ദേശം

അഡ്വ. ഒഴുകയിൽ തോമസ് വർഗ്ഗീസ് അവർകളുടെ നവതിയും വിവാഹ വജ്ര ജൂബിലിയും 2018 ജൂലൈ 7-ാം തീയതി വിപുലമായി ആഘോഷിക്കാൻ തീരുമാനിച്ചതിൽ അതിയായ സന്തോഷമുണ്ട്. പ്രസ്തുത ചടങ്ങിൽ പങ്കെടുക്കാൻ എന്നെ ക്ഷണിച്ചതിനുള്ള ഹൃദ്യമായ നന്ദി ആദ്യമേ അറിയിക്കട്ടെ. പ്രമുഖ അഭിഭാഷകനും സംരംഭകനുമായ വർഗ്ഗീസ് സാർ മദ്ധ്യകേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയാണ്. വിമോചന സമരത്തിൽ ഉൾപ്പെടെ തന്റെ മഹനീയ സാന്നിധ്യം അറിയിച്ച അദ്ദേഹത്തിന്റെ ജീവിതം വളരെ ആദരണീയമാണ്. നവതിയും വിവാഹ വജ്ര ജൂബിലിയും ആഘോഷിക്കുന്ന അദ്ദേഹത്തിനും പത്നി ശ്രീമതി ആലീസ് വർഗ്ഗീസിനും മറ്റ് കുടുംബാംഗങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

13/6/18

**ഉമ്മൻ ചാണ്ടി**

**ശ്രീ ഒഴുകയിൽ തോമസ് വർഗ്ഗീസ്**
ഒഴുകയിൽ ഹൗസ്
പി.ജെ.ആർ.എ. 193
പാലാരിവട്ടം
കൊച്ചി.



malankaralibrary.com



**Tom Jose** IAS
Additional Chief Secretary to Govt.

Labour, Skills, Excise &
Water Resources Department
Government Secretariat
Thiruvananthapuram-695 001
Kerala, India
Telefax : +91- 471-2327582
Phone : +91- 471-2518973
E-mail : tomjoseias@gmail.com

28.06.2018

## Message

Shri. O.T. Varghese Ozhukayil is fondly known to all of us as "Varghese Sir". As a young boy growing up in Paingulam, I have memories of him occasionally visiting our home discussing things with my grandfather, late Shri. Augusty Thomas and my father Shri. Joseph Thomas, sometimes casting a benevolent eye in my direction. I also remember that he used to exhort me to do well in studies, as he believed education to be of paramount importance for future success.

Varghese Sir is truly a remarkable person who accomplished several things in his rich,varied and experiential life. He joined politics in 1954 when I wasn't even born and was considered as a very vibrant youth leader, described to me as such by my grandfather, who used to fondly call him "Pappachan". Along with countless relatives, friends and neighbours, our family had the benefit of a great friendship with Shri. O.T. Varghese and we cherish those memories fondly. On this day, we celebrate his 90th birthday which marks the beginning of a fulfilled and contended life. I take this opportunity to wish him the very best in the years to come, which we fervently hope, will be many.

Tom Jose
Additional Chief Secretary



malankaralibrary.com




# TPM IBRAHIM KHAN

Senior Advocate

Senior special counsel
Govt. of India

**Founder President**
Indian Lawyers Congress
(The Legal wing of KPCC)

Former Asst.
**Solicitor General of India**

**Chairman**
Al-Ameen Educational Trust (Regd)

**President**
Kerala CBSE School
Management Association (Regd.)

**Chairman**
Kerala Federation of
CBSE & ICSE Schools

**Chairman & manager**
Al-Ameen Public School, Edappally
Al-Ameen Cheranan
Malik Public School, Kodungallore

**Chairman**
Al-Ameen Arts & Science College,
Al-Ameen ITC
Al-Ameen College of Medical Sciences
Al-Ameen Public Schools
Chandiroor, Edathala,
Sreemoolanagaram & Kaloor.

**President**
Islamic Service Society
of Kerala. (Regd.)

**Former Director**
State Bank of India and
Bank of Maharashtra

**Secretary**
All India Muslim Educational
Co-ordination Committee


## വർഗീസ് സാറിന്റെ നർമ ബോധവും സുഹൃത്ത് ബന്ധവും

നവതിയുടെ നിറവിൽ ചൈതന്യവത്തായി നിലകൊള്ളുന്ന ഒ.റ്റി. വർഗീസ് സാറുമായുള്ള എന്റെ സുഹൃത്ത് ബന്ധം അര നൂറ്റാണ്ട് കാലത്തെക്കാൾ പഴക്കമുള്ളതും അവിസ്മരണീയവും ഹൃദയാവർജകവും ആണ്. മീനച്ചിലാറിന്റെ സ്നേഹ സ്പർശം ഏറ്റു വാങ്ങി വളർന്നതുകൊണ്ട് ഞങ്ങളുടെ പരസ്പര ബന്ധം കൂടുതൽ ഊഷ്മളമാണ്. പ്രത്യേകിച്ച് പാല കെ.എം. മാത്യൂസ് സാർ എന്ന ഒരു മഹാവൃക്ഷത്തിന്റെ തണലിൽ വളരാനുള്ള അപൂർവ്വ സൗഭാഗ്യം ലഭിച്ചവർ എന്ന നിലയ്ക്ക്.

നർമ ഭാവം നിറഞ്ഞു നിൽക്കുന്നതാണ് ഒ.റ്റി. വർഗീസ് സാറിന്റെ സംഭാഷണ ശൈലി. പത്രത്തിന്റെ ചരമ കോളം വായിച്ച് കൊണ്ട് അദ്ദേഹം പറഞ്ഞ നർമം കലർന്ന വാക്കുകൾ ഞാൻ ഇപ്പോഴും കൗതുകത്തോടു കൂടി ഓർക്കുന്നു. ചരമ കോളത്തിൽ ദിവംഗതൻ ആകുന്നതു മുതൽ മരിച്ചു എന്ന് വരെയുള്ള പരാമർശങ്ങൾ കാണാൻ കഴിയും. ഓരോ വ്യക്തിയുടെയും പ്രഭാവം മരണ തലക്കെട്ടുകളിലൂടെയാണ് മനസിലാകുന്നത് എന്ന് അദ്ദേഹം പറഞ്ഞു.അതോടൊപ്പം തികഞ്ഞ നർമ ഭാവത്തോടെ എന്നോട് ചോദിച്ചു "ഞാൻ ഇന്ന് മരിച്ചാൽ ഏത് തലക്കെട്ടിലാകും വാർത്ത വരിക?" "ദിവംഗതൻ" ആകാൻ ഒരിക്കലും കഴിയില്ല. "അന്തരിക്കാൻ" പോലും കഴിയുകയില്ല."പരാമവധി നിര്യാതനായി എന്ന പദവിക്ക് മാത്രമെ എനിക്ക് അർഹതയുള്ളൂ". ദിവംഗതൻ ആകാനും അന്തരിക്കാനും കാലം ചെയ്യാനും ഉള്ള അർഹതനേടണം എങ്കിൽ നാം എന്ത് ചെയ്യണം? നർമ്മം കലർന്ന വിമർശന ശൈലിയും നർമ സംഭാഷണവും ആണ് അദ്ദേഹത്തിന്റെ മുഖമുദ്ര. സജീവമായ സാന്നിദ്ധ്യം കൊണ്ടും സംഭാഷണ ശൈലി കൊണ്ടും എല്ലാവരെയും കർമ്മ നിരതരാക്കുന്ന അദ്ദേഹത്തിന്റെ നൂറാം ജന്മദിനത്തിലും ഇത് പോലൊരു കുറിപ്പ് എഴുതാൻ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആരോഗ്യ പൂർണ്ണമായ ഉൻമേഷ പ്രദമായ അദ്ദേഹത്തിന്റെയും നമ്മുടെയും ദീർഘായുസിന് വേണ്ടി പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

അഡ്വ. ടി.പി. എം. ഇബ്രാഹിം ഖാൻ


**UNITED LAW CHAMBERS,**
Near Lisie Jn., S.R.M. Road, Kochi - 682 018.
Phone : 0484-2403001, 2403002, Fax : 0484 2403004, Mobile :+91 - 94471 41423
Email : tpmkhan@gmail.com, advtpm@yahoo.com




malankaralibrary.com



# നവതി ആശംസകൾ

## സുകുമാരൻ മൂലേക്കാട്

ബാലജനസഖ്യം മുൻസംസ്ഥാന വൈസ് പ്രസിഡന്റ്

ശ്രീ.ഒ.റ്റി.വർഗ്ഗീസിന് നവതി. അതറിഞ്ഞപ്പോൾ ഒരു വിസ്മയം. ചുറു ചുറുക്കോടെ ഓടിനടക്കുന്ന മുണ്ടും ജുബ്ബയും ധരിക്കുന്ന ശുഭ്രവസ്ത്ര ധാരി. അദ്ദേഹത്തിന് 90 വയസ്സായെന്നറിഞ്ഞപ്പോഴാണ്, എനിക്കും പ്രായ മേറിയതായി തിരിച്ചറിവുണ്ടായത്. അഖിലകേരള ബാലജനസഖ്യ ത്തിന്റെ ഏതോ ഒരു സംസ്ഥാനക്യാമ്പിൽ വച്ചാണ് വർഗ്ഗീസ് സാറിനെ ഞാൻ ആദ്യമായി കാണുന്നത്. ഞങ്ങളുടെ തലമുറയുടെ ആചാര്യ നായ ശ്രീ പാലാ കെ.എം.മാത്യുവിന്റെ ബാല്യകാല സുഹൃത്തും സഹ പ്രവർത്തകനും ബിസ്സിനസ് പങ്കാളിയും ആയിരുന്നു.

സ്വാതന്ത്ര്യസമര കാലത്തും തുടർന്നുള്ള കോൺഗ്രസ്സ് പ്രവർത്ത നങ്ങളിലും സജീവനേതൃത്വം പാലായിലും പരിസരപ്രദേശങ്ങളിലും വഹിച്ചിരുന്നു. ജോർജ് തോമസ് കൊട്ടുകാപ്പള്ളി; പ്രൊഫസർ കെ.എം. ചാണ്ടി, ആർ.വി.തോമസ്, ചെറിയാൻ കാപ്പൻ തുടങ്ങിയ പ്രഗത്ഭമതിക ളോടൊപ്പം സമ്മേളനങ്ങളിൽ പ്രസംഗിച്ചിരുന്നു. തീപ്പൊരി പ്രസംഗക നായിട്ടല്ല. ഇടിവെട്ട് പ്രസംഗകനായിട്ടാണ് അന്ന് അദ്ദേഹത്തെ അറി ഞ്ഞിരുന്നത്. അക്കാലങ്ങളിൽ യോഗങ്ങളിൽ ഉച്ചഭാഷിണി ഉണ്ടാകു മായിരുന്നില്ല. സദസ്സിൽ എത്തിച്ചേരുന്ന മുഴുവൻ യോഗവാസികളി ലേക്കും ഘനഗംഭീരമായ വർഗ്ഗീസ് സാറിന്റെ പ്രഭാഷണം എത്തിച്ചേ രുമായിരുന്നു. അന്നത്തെ യോഗനോട്ടീസിൽ വിശിഷ്ടവിഭവം പോലെ യോഗത്തിന് ഉച്ചഭാഷിണി ഉണ്ടായിരിക്കുന്നതാണ് എന്ന് പ്രസിദ്ധം ചെയ്യുമായിരുന്നു. അക്കാലങ്ങളിലെ വർഗ്ഗീസ് സാറിന്റെ പ്രസംഗങ്ങ ളക്കുറിച്ചു പാലാ മാത്യു സാറ് തന്നെ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കനുസരിച്ചുള്ള യാതൊരു സ്ഥാന മാനങ്ങളും ലഭിച്ചിട്ടില്ല എന്നുള്ളത് എന്നെ അത്ഭുതപ്പെടുത്തുന്നു.

ഞങ്ങൾ സുഹൃത്തുക്കൾക്ക് ഒ.റ്റി സാറുമായി ഒത്തുകൂടാനുള്ള പല അവസരങ്ങളും ഉണ്ടായിട്ടുണ്ട്. പാലാ മാത്യു സാർ, കിളിരൂർ രാധാകൃഷ്ണൻ, അഡ്വ: ജയിംസ് കുര്യൻ, ചലചിത്ര സംവിധായകൻ ജോഷി മാത്യു തുടങ്ങിയവരോടൊപ്പം പല വിഷയങ്ങളെക്കുറിച്ചും



malankaralibrary.com

ഞങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. എപ്പോഴും സന്തോഷവാനായി ഫലിത രൂപേണ സാഹിത്യ ആസ്വാദനം നടത്തുന്ന വർഗ്ഗീസ് സാറിന്റെ വായനാ അനുഭവം എന്നെ വിസ്മയപ്പെടുത്തിയിട്ടുണ്ട്. രാഷ്ട്രീയം, സാമൂഹികം, സാംസ്കാരികം തുടങ്ങി വിവിധ വിഷയങ്ങളെക്കുറിച്ചും അദ്ദേഹത്തിനുള്ള അഗാധജ്ഞാനം പലരും മനസ്സിലാക്കാതെ പോയി ട്ടുണ്ട്. ഉള്ള അഭിപ്രായം തുറന്നടിച്ച് പറയുമ്പോഴും ആർക്കു വേദനി ക്കുന്നു എന്നത് ഒരു വിഷയമായി അദ്ദേഹം എടുക്കാറില്ല.

എന്നും സൗഹൃദം നിലനിർത്താനും ഊഷ്മളമായ സ്നേഹം പകർന്ന് നല്കുവാനും എന്റെ ഈ ജേഷ്ഠസഹോദരൻ ശ്രദ്ധിക്കുന്നു എന്നത് ശ്ലാഘിക്കപ്പെടേണ്ടതാണ്. കുഞ്ഞമ്മ ചേച്ചിയോടും മക്കളോ ടുമൊന്നിച്ച് ഒരു പുരുഷായുസുമുഴുവൻ സന്തോഷത്തോടെ ആഹ്ലാദ ത്തോടെ, അഭിമാനത്തോടെ ജീവിക്കുവാൻ സർവ്വേശ്വരൻ അനുഗ്രഹി ക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



malankaralibrary.com



# A Leader With a Difference

Dr Cyriac Thomas
Former Vice-Chancellor
M G University Kerala

It is quite a heartening news that O.T. Varghese Sir is turning ninety this year. I recollect having seen him very young and truly handsome, smart and jovial, dressed in impeccable white khadi, always talking and laughing loud, most of the time on walk, distributing Congress literature at the village grass root level, working as a genuinely committed Congress worker, doing good to those around.

OT Varghese Sir has always been " a Sathyagrahi " of the first order, making both Gandhi and Nehru his heroes. A very brilliant student in his younger days, O T Varghese Sir took his M.A and LLB and was initiated to the Congress as his natural political vehicle to enter into public life. Shri O.T's allegiance to the Congress was inimitable as he believed Congress was the best choice for a citizen to serve the Nation.

In those sunny days, O.T. Varghese Sir kept his life active and emerged as a smart and daring young volunteer of the Youth Congress. Those were Nehruvian days in India. People also had an appreciation for the police force, reformed under the new atmosphere of hope and freedom. The Civil service was also on the path of a reorientation of its premises and style.



malankaralibrary.com

The Congress which symbolised the hope and visions of the common man was reigning the hearts of the masses. O.T. Varghese Sir was in the front line of the Congress in Palai, representing the second line of leadership, the front line being filled by the leaders of the first order in the Party, most of them were freedom fighters too, R.V. Thomas, Prof. K.M. Chandy, George Thomas Kotukappally, Cherian. J. Kappen, T.A. Thomman and a host of veterans. The second line was consisting of very dynamic youth like O.T. Varghese, V.M. Augustine, M.M. Jacob, A.T. Devasia, K.M. Mani, M.M. Devaisa, M.C. George Manayani, T.J. Joseph Mundackale, K.M. Mathen and so on. Amongst them some made their mark as good organizers while the others raised their ratings as well known public orators.

O.T. Varghese Sir made himself unique by combining high qualities as a fire brand orator and a popular grass root organizer, making him so dear to the leadership on the one hand, and to the ranks on the other.

Always dressed in immaculate white khadi, but occasionally preferring to wear yellow khadi silk also, OT, as he was always addressed by his friends, as also by his political Guru and mentor, Prof. K.M. Chandy Sir, remained active as a full time Congress worker, leading and guiding the Youth wing of the Congress. O.T. also made his mark as an impressive conversationalist with his spicy humour about leaders and his colleagues in the Congress. In friendship, O.T. has always been very firm, and loyal too, always ready to help anyone around in need.

O.T.'s uniqueness was perhaps his nobility, being never jealous of his friends or colleagues in their political attainment,


malankaralibrary.com

even at his expense. A stead fast Congress man althrough, always upholding high political and ethical values in his life, O.T. kept himself close to the Gandhi - Nehru school of politics.

In later years, O.T. Varghese Sir drifted to the business sphere for some time, but I am afraid he became a victim of his own qualities of honesty and straight forwardness, suffering some loss on the finance side, as business was never in tune with his traits. Yet, he took his setbacks to his stride and faced that Crisis with dignity, and in silence, never uttering a word against those business friends of him who caused him heavy loss in his business venture.

I am only proud to say that we, the R.V. family as such always enjoyed O.T. Varghese Sir's love and support. O.T. was a pet of my father, R.V. Thomas, and equally dear to my mother, Mrs. R.V. too. He always had been one of our close family friends. Now O.T. Varghese Sir is turning Ninety, certainly a grace and blessing of the Lord. Aunty was always his strength- indeed they made a very blessed couple. Now his sons and the daughter takes the initiative organizing a celebration, to make his Navathy and publish a Souvenir too on the occasion. On behalf of the entire R.V. family as also on behalf of his friends and fans, I recite the blessing prayer of our sages, saints and Rishis -

**Ayushman Bhava........**

*'Dr. Cyriac Thomas is a member of the National Commission for Minority Educational Institutions of India.'*


malankaralibrary.com

# എന്റെ ഒ.റ്റി.അങ്കിൾ



പ്രൊഫ.ഡോ.ജാൻസി ജയിംസ്
മുൻവൈസ്ചാൻസലർ
മഹാത്മാഗാന്ധി സർവ്വകലാശാല &
കേന്ദ്രസർവകലാശാല

രണ്ടാം ക്ലാസ് വിദ്യാർത്ഥിനി ആയിരുന്ന കാലത്താണ് ഞാൻ ഒ.റ്റി. അങ്കിളിനെ ആദ്യമായി കാണുന്നത്. അഥവാ, ആ കാലം മുതലാണ് എന്റെ ഓർമ്മകളിൽ അങ്കിൾ തെളിഞ്ഞുവരുന്നത്. എന്റെ ജന്മനാടായ വൈക്കത്തെ പാട്ടപ്പറമ്പിൽ വീട്ടിൽ അങ്കിളിന്റെ വരവും, സാന്നിദ്ധ്യവും, കുടുംബാംഗങ്ങളും അയൽക്കാരും ജോലിക്കാരും ഒക്കെ ആദരവോടെയാണ് നോക്കിനിന്നത്. ഫ്യൂഡൽ വ്യവസ്ഥിതി നിലനിന്നിരുന്ന അക്കാലത്ത് എന്റെ വല്യമ്മച്ചിയുടെ (നല്ലമ്മച്ചി എന്നു ഞാൻ വിളിച്ചിരുന്ന എന്റെ അമ്മയുടെ അമ്മ) വീട്ടിൽ, ഒരു ജന്മി കുടുംബത്തിന്റെ എല്ലാ കീഴ്‌വഴക്കങ്ങളും നിലനിർത്തിയിരുന്നു. നല്ലമ്മച്ചിയുടെ ഏക സഹോദരന്റെ മൂത്തമകളുടെ ഭർത്താവായാണ് ആ കുടുംബത്തിലേയ്ക്ക് അങ്കിൾ കടന്നുവരുന്നത്. വളരെ ചെറുപ്പത്തിലേ വിധവയായിത്തീർന്ന നല്ലമ്മച്ചി ഏക സന്താനമായ എന്റെ അമ്മച്ചിയെയും വളർത്തി സ്വന്തം കുടുംബത്തിൽ തന്നെ ജീവിക്കുകയായിരുന്നു, മകളെ വിവാഹം കഴിച്ചയക്കുന്നതുവരെ. പാട്ടപ്പറമ്പിൽ വീട് അങ്ങനെ അമ്മച്ചി സ്വന്തം വീടു പോലെ കരുതിപ്പോന്നിരുന്നു. നല്ലമ്മച്ചിയുടെ സഹോദരൻ വർക്കിവക്കീൽ പ്രശസ്തനും നാട്ടുപ്രമാണിയുമായിരുന്നു. അദ്ദേഹത്തിന്റെ മരുമകൻ എന്നതിനുമപ്പുറം, അതിലും പ്രശസ്തനും അഭ്യസ്തവിദ്യനുമായ-ബോംബെയിൽ ഉപരിപഠനം പൂർത്തിയാക്കിയ MA.LLB ക്കാരൻ- ഒ.റ്റി.വർഗ്ഗീസിനു ചുറ്റും ആദരണീയതയുടേയും നേതൃപാടവത്തിന്റേയും ഒരു പ്രഭാവലയം ഉണ്ടായിരുന്നു. അതി പുരാതനമായ ആ തറവാട് (പുത്തനങ്ങാടി) വീടിനോടു ചേർന്ന് പിന്നീടു പണിതു ചേർത്ത, വിസ്താരവും വെളിച്ചവും ധാരാളമുള്ള, ചാവടി മുറിയിലാണ് വല്ലപ്പോഴുമെത്തുന്ന പാലാക്കാരനായ അങ്കിളിന്റെ താമസവും മറ്റും. വിശിഷ്ടാതിഥികൾക്കായി ഒരുക്കിയ കസേരകളും



malankaralibrary.com

മേശയും നിറഞ്ഞ, പൂക്കൾ കൊണ്ട് തിരുഹൃദയഫോട്ടോ അലങ്കരിച്ചു വച്ചിരുന്ന ആ മുറി തന്നെ പഴയ മുറികളിൽ നിന്നും വേറിട്ടു നിന്നു. കോൺഗ്രസ് പാർട്ടി നേതാവും, പ്രസംഗകനും ഒക്കെയായ മരുമകൻ, വക്കീലച്ചാച്ചന്റെ അഭിമാനമായിരുന്നു. വിദ്യാഭ്യാസത്തിന്റെ മഹിമയിൽ ആഹ്ലാദിച്ചിരുന്ന വേറൊരു പണ്ഡിതശ്രേഷ്ഠനും ആ കുടുംബത്തിൽ ഉണ്ടായിരുന്നു. ഞാൻ നാലാംക്ലാസിൽ പഠിക്കുമ്പോൾ ഇഹലോക വാസം വെടിഞ്ഞ അപ്പൂപ്പൻ. വക്കീലച്ചാച്ചന്റെയും, എന്റെ നല്ലമ്മച്ചി യുടെയും, വിവാഹിതയായി അയർക്കുന്നത്തു താമസിച്ചിരുന്ന ഏലമ്മ (കൊച്ചമ്മ) യുടെയും പിതാവ്. അപ്പാപ്പൻ, സംസ്കൃതപണ്ഡിതനും, സാമൂഹ്യമാറ്റങ്ങളെ പുരോഗമന ദൃഷ്ടിയോടെ വീക്ഷിച്ചിരുന്ന ആളു മായിരുന്നു. ആജ്ഞാശക്തിയുടേയും കുടുംബാധികാരത്തിന്റേയും ആൾരൂപമായ ഒരു കാരണവർ. തന്റെ കൊച്ചുമകൾക്ക് (ഞാൻ കുഞ്ഞ മ്മയാന്റി എന്നു വിളിക്കുന്ന ആലീസ്) ഇത്ര മിടുക്കനായൊരു ഭർത്താ വിനെ ലഭിച്ചതിൽ അപ്പാപ്പനും കുറച്ചൊന്നുമല്ല അഭിമാനിച്ചിരുന്നത്. അപ്പാപ്പൻ തന്റെ ശിക്ഷണത്തിലും ലാളനയിലും വളർത്തിയ കൊച്ചു മകളായ എന്റെ അമ്മച്ചിയോട് അങ്കിളിനെക്കുറിച്ച് തനിക്കുള്ള മതിപ്പ് പങ്കുവയ്ക്കുമായിരുന്നു. അമ്മച്ചി എന്നോട് ഇതിനെക്കുറിച്ച് ഞാൻ പ്രായപൂർത്തിയായ ശേഷം പറഞ്ഞിട്ടുണ്ട്.

വക്കീലായ അച്ഛനും വൈക്കം ഗവ.ഹൈസ്ക്കൂൾ അധ്യാപിക യായിരുന്ന അമ്മച്ചിയ്ക്കുമൊപ്പം, വൈക്കം ടൗണിലാണ് ഞാൻ താമ സിച്ചിരുന്നത്. ടൗണിൽ നിന്നും ഒട്ടകലെയുള്ള ഗ്രാമപ്രദേശത്തായി രുന്നു പാട്ടപ്പറമ്പിൽ വീട്. അവിടെ വളർന്ന എന്റെ അമ്മച്ചിയ്ക്ക് 2015 ൽ മരിക്കുന്നതുവരെ വളരെ തീവ്രമായ സ്നേഹവും അടുപ്പവും ആ വീടിനോടും തന്റെ കസിൻസിനോടുമുണ്ടായിരുന്നു. എന്നെയും കൂട്ടി അവിടെ പോകുന്നതും എല്ലാവരുമായി ഇടപഴകുന്നതും അമ്മച്ചിയ്ക്കു വലിയ സന്തോഷമായിരുന്നു. എനിക്കാകട്ടെ, ഒ.റ്റി. അങ്കിളിന്റേയും കുഞ്ഞമ്മയാന്റിയുടെയും മൂത്തമകളായ സിജിമ്മ യന്ന ഒന്നരവയസ്സുകാരിയെ എടുത്തുകൊണ്ടു നടക്കുന്നതായിരുന്നു ഏറ്റവും വലിയ ആകർഷണം. ചില അവധി ദിവസങ്ങളിൽ ലഭിച്ച നിർവൃതിദായകമായ ബോണസ്സായിരുന്നു എനിക്കത്. ഏകസന്താന മായ ഞാൻ ആദ്യമായി എളിയിലേറ്റിയശിശുവും സിജിമ്മയാണ്. വർഷ ങ്ങൾക്കു ശേഷം, ഞാൻ എറണാകുളം സെന്റ്തെരേസാസ് കോളേ ജിൽ ഇംഗ്ലീഷ് ലെക്ച്ചററായി വന്നപ്പോൾ എന്റെ ക്ലാസ്സിലെ വിദ്യാർ ത്ഥിനിയായി കുസൃതിച്ചിരിയുമായി അവളെ കണ്ടപ്പോഴുള്ള ആഹ്ലാദം പറഞ്ഞറിയിക്കാൻ വയ്യ.


malankaralibrary.com

അമ്മച്ചിയും ഒരു പ്രശസ്ത പ്രസംഗകയും സാമൂഹ്യപ്രവർത്തകയും ഒക്കെ ആയിരുന്നതു കൊണ്ട് കൂടിയാവാം, പ്രിയപ്പെട്ട അനുജത്തിയുടെ ഭർത്താവെന്നതിലുപരി, യൂത്ത് കോൺഗ്രസ് നേതാവും, ബാലജനസംഖ്യം രക്ഷാധികാരിയും, പാലാ കരൂർ പഞ്ചായത്തിലെ ആദ്യത്തെ പ്രസിഡന്റും ഒക്കെയായ യുവപ്രതിഭയായ ഒ.റ്റി.വർഗ്ഗീസിനോട് (പാപ്പച്ചൻ എന്നാണ് അമ്മച്ചി വിളിച്ചിരുന്നത്.) എന്റെ അമ്മച്ചിയ്ക്ക് വലിയ ഇഷ്ടവും പ്രത്യേക മതിപ്പുമുണ്ടായിരുന്നു. പൊതുപ്രവർത്തനത്തിലേർപ്പെടുന്നവർ തമ്മിലുള്ള സമാനഹൃദയത്വം അവർക്കിടയിലുണ്ടായിരുന്നു. തങ്കമ്മച്ചേച്ചിയോട് (അമ്മച്ചിയെ അങ്ങനെയാണ് വിളിച്ചിരുന്നത്) ഒ.റ്റി.അങ്കിളും ഏറെ സ്നേഹവും ബഹുമാനവും പുലർത്തിയിരുന്നു. കുടുംബത്തിലെ മൂത്ത ചേച്ചി കുഞ്ഞമ്മയാന്റി ആണെങ്കിലും 'അതുക്കുംമേലേ' ചേച്ചിയായി അമ്മച്ചിയെ എല്ലാ കസിൻസും കരുതിപ്പോന്നു.

ഞാൻ എറണാകുളം സെന്റ് തെരേസാസ് കോളേജിൽ പഠിക്കുമ്പോൾ ഒ.റ്റി.അങ്കിളും കുഞ്ഞമ്മയാന്റിയും കലൂരിൽ ആയിരുന്നു താമസം. വാരാന്ത്യങ്ങളിൽ അമ്മച്ചി ഹോസ്റ്റലിൽ നിന്നും എന്നെ വിളിച്ചുകൊണ്ടു പോയി അവിടെ താമസിക്കുമായിരുന്നു. വീടുനിറയെ മക്കൾ. എനിക്കതൊരു പുതിയ അനുഭവമായിരുന്നു, എല്ലാ ഗാർഹിക ക്ലേശങ്ങൾക്കു നടുവിലും, ശാന്തതയും പ്രസന്നതയും നിലനിറുത്തിയിരുന്ന കുഞ്ഞമ്മയാന്റിയെ ഞാൻ പ്രത്യേകം ഓർമ്മിക്കുന്നു. അന്ന് ഒ.റ്റി.അങ്കിൾ രാഷ്ട്രീയത്തിലും ബിസിനസ്സിലും ഒക്കെ വളർന്നു വലുതായിക്കഴിഞ്ഞിരുന്നു. മുഴങ്ങുന്ന ശബ്ദത്തിൽ എന്റെ പഠനത്തെക്കുറിച്ചൊക്കെ അന്വേഷിക്കും. പ്രസംഗമത്സരങ്ങളിൽ നിരവധി സമ്മാനങ്ങൾ ലഭിച്ചിരുന്ന എന്റെ ഫോട്ടോ പലപ്പോഴും പത്രത്തിൽ വന്നിരുന്നത് അങ്കിളിന് വലിയ സന്തോഷവും അഭിമാനവും ആയിരുന്നു. അതുകൊണ്ടുതന്നെ എന്നോട് പ്രത്യേകവാത്സല്യവുമുണ്ടായിരുന്നു. പിന്നീട് പഠനത്തിന്റേയും വിവാഹജീവിതത്തിന്റേയും തിരക്കുകളിൽ മുങ്ങിയ ഞാൻ അങ്കിളിനേയും ആന്റിയേയും കാണുന്നത് വിരളമായി. കുടുംബാംഗങ്ങളുടെ വിവാഹാവസരങ്ങളിൽ ഒത്തുകൂടും, പിരിയും. പക്ഷേ അവർ രണ്ടുപേരും മക്കളുമൊന്നിച്ച്-ടോമിച്ചനാണ് പലപ്പോഴും കൂടെയുണ്ടായിരുന്നതെന്ന് തോന്നുന്നു-അമ്മച്ചിയെ കാണാൻ വൈക്കത്ത് അയ്യർകുളങ്ങരയിലുള്ള വീട്ടിൽ പോകുന്നത് പതിവായിരുന്നു. അങ്ങനെ എല്ലാവരുടെയും വിശേഷങ്ങൾ പരസ്പരം അറിഞ്ഞു തന്നെയാണ് കാലം കടന്നുപോയത്. അമ്മച്ചിക്ക് അവരുടെ സന്ദർശനം വലിയ ആനന്ദവും ആശ്വാസവും ആയിരുന്നു. കുറെ


malankaralibrary.com

സമയം അങ്കിളുമായി വർത്തമാനം പറഞ്ഞിരിക്കാനും മക്കളുടെ വിവരങ്ങൾ എല്ലാം അറിയാനും അമ്മച്ചിക്ക് വലിയ ആവേശമായിരുന്നു. ഓരോ വരവിനുശേഷവും എനിക്കു ഫോൺ ചെയ്യുമ്പോൾ പാപ്പച്ചനെക്കുറിച്ച് പ്രത്യേകിച്ചെന്തെങ്കിലും പറയാൻ കാണും. "ധീരനാണ്, ഭാഗ്യവാനാണ്, മക്കൾക്കൊക്കെ ജീവനാണ്. എല്ലാവർക്കും ബഹുമാനം തോന്നുന്ന വ്യക്തിത്വമാണ്." അങ്ങനെ പോകും വിവരണങ്ങൾ (അനിയത്തിയോടുള്ള സ്നേഹ വാത്സല്യവും ഈ പ്രശംസയിലുണ്ട്. എനിക്കും അങ്കിളിനെക്കുറിച്ചു പറയാനുള്ളത് അതു തന്നെയാണ്. ബഹുമാന്യമായ വ്യക്തിത്വം. എനിക്ക് ചെറുപ്പത്തിൽ ആദ്യമൊക്കെ പേടി കലർന്ന സ്നേഹമായിരുന്നു. പഠനത്തിലും പ്രസംഗമത്സരത്തിലും എപ്പോഴും ഞാൻ ഒന്നാം സ്ഥാനത്തെത്തണമെന്ന് അങ്കിളിന് എന്താഗ്രഹമായിരുന്നു. എപ്പോഴും പ്രോത്സാഹിപ്പിയ്ക്കും. ജീവിതത്തിൽ എനിക്കുകൈവന്ന ഓരോ നേട്ടവും നിരീക്ഷിക്കുകയും അതിൽ ആഹ്ലാദിക്കുകയും അഭിമാനിക്കുകയും ചെയ്യുന്ന അങ്കിളിനോടുള്ള വ്യക്തിബന്ധം ഈ ഓർമക്കുറിപ്പിലൊതുക്കാവുന്നതല്ല. ഇപ്പോഴും എന്റെ നന്മയും ഉയർച്ചയും സ്വപ്നം കാണുന്ന സ്നേഹധനൻ. തന്റെ മക്കളുടെ മൂത്തചേച്ചിയുടെ സ്ഥാനം എനിക്കുണ്ട് എന്ന് ബോധ്യപ്പെടുത്തുന്ന വാത്സല്യപൂർവ്വമായ പെരുമാറ്റം എനിക്കു തരുന്ന ഒരു പ്രത്യേക ആത്മവിശ്വാസവും, സ്നേഹബന്ധങ്ങളുടെ പിൻബലവും പകരം വയ്ക്കാവുന്നതല്ല.

മൂന്നുമാസങ്ങൾക്കു മുമ്പ് ആഫ്രിക്ക കാണണമെന്ന് ഞാനും ജയിംസും ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ, അവിടെയുള്ള നാലുമക്കളുടേയും സഹായവും ഉള്ളപ്പോൾ പിന്നെ എന്തിനു വൈകിക്കണം എന്നായിരുന്നു അങ്കിളിന്റേയും ആന്റിയുടേയും പ്രതികരണം. ഏതാനും മണിക്കൂറുകൾക്കുള്ളിൽ തന്നെ ലാലിന്റേയും സിജിമ്മയുടേയും ക്ഷണം വരുന്നു. അതിലും വേഗത്തിൽ അവരുടെ മകൻ അച്ചു ഞങ്ങളുടെ വിസയ്ക്കുവേണ്ട എല്ലാ ഔദ്യോഗികരേഖകളും ഈമെയിൽ ചെയ്യുന്നു. ലാൽ-സിജിമാർ ഞങ്ങളുടെ സന്ദർശനത്തിനും താമസത്തിനും സൗകര്യപ്രദമാകും വിധത്തിൽ അവരുടെ ജോഹന്നാസ്ബർഗ് യാത്ര ക്രമീകരിക്കുന്നു. ലാലിന്റെ സഹോദരൻ ഡോ:ജോയുടെയും ഭാര്യ ഡോ: നീതയുടെയും വീട് ഞങ്ങൾക്കായി ഒരുക്കുന്നു. സിംബാബ്വേയിലെ സന്ദർശനത്തിനുള്ള വിസ അപ്പോൾ ഇന്ത്യയിലായിരുന്ന ബിജുവും, അവിടുത്തെ താമസവും യാത്രയും എല്ലാം ഹരാരെയിലുള്ള ഡാജിയും ഷിബുവും ഏറ്റെടുക്കുന്നു. ബിജുവിന്റെ അഭാവത്തിലും, അൽഫോൻസയും അമ്മയും മക്കളും അവരുടെ


malankaralibrary.com

പുതിയവീട്ടിൽ വിരുന്നൊരുക്കുന്നു. സാംബിയയിൽ പോകാതിരുന്നതിന് മാർട്ടിൻ ഫോണിൽ വിളിച്ചു പരാതി പറയുന്നു. ആഫ്രിക്കയിലെ ഓരോ നിമിഷവും ധന്യവും അർത്ഥപൂർണ്ണവുമാക്കിത്തീർത്ത എന്റെ അനുജന്മാരും അനിയത്തിമാരും അവരുടെ മക്കളും ഞങ്ങളെ രണ്ടു പേരേയും ഒരിക്കൽക്കൂടി ബോധ്യപ്പെടുത്തി, അങ്കിൾ ഭാഗ്യവാനാണെന്ന്. എന്റെ അമ്മച്ചി പലപ്പോഴും പറയാറുണ്ടായിരുന്നതുപോലെ പാപ്പച്ചൻ തെരഞ്ഞെടുത്ത മരുമക്കളൊക്കെ ഒന്നിനൊന്നു മെച്ചം. ലാലിന്റെ ഉന്നത ഉദ്യോഗവും, സൽസ്വഭാവവും, അനന്യസാധാരണമായ കുടുംബസ്നേഹവും പാപ്പച്ചന്റെ ദൈവാനുഗ്രഹത്തിനുള്ള സൂചകങ്ങളായി എപ്പോഴും അമ്മച്ചി എന്നോട് വിവരിക്കാറുണ്ടായിരുന്നു. ഡാഡിയോടുള്ള അവരോരുത്തരുടേയും സ്നേഹവും ബഹുമാനവും അങ്കിളിന്റെ ഏറ്റവും വലിയ ഭാഗ്യംതന്നെ.

ഞങ്ങളുടെ ആഫ്രിക്കൻ യാത്രയുടെ വിവരണം, ദീർഘമായി എഴുതേണ്ട ഒന്നാണ്. പുഷ്കലമായ സാഹോദര്യത്തിന്റേയും, സ്നേഹവായ്പിന്റേയും, പ്രബുദ്ധമായ ആതിഥ്യത്തിന്റേയും, അവിസ്മരണീയാനുഭവങ്ങളുടേയും കഥ.

ആഫ്രിക്കയിൽ വളർന്ന് പഠിച്ചുവലുതാകുന്ന അങ്കിളിന്റെ കൊച്ചുമക്കളുടെ മര്യാദയും, സ്നേഹവും, ബഹുമാനവും നിറഞ്ഞ പെരുമാറ്റം, നാട്ടിൽ ആ പ്രായത്തിലുള്ള കുട്ടികളുടെ മാതാപിതാക്കളെ വിസ്മയിപ്പിക്കും. ആർക്ക് എപ്പോൾ എങ്ങനെ ഉപകാരം ചെയ്യാമെന്ന് എപ്പോഴും നോക്കിയിരിക്കുകയാണോ എന്നു സംശയം ജനിപ്പിക്കുന്ന സ്വഭാവമാണ് അച്ചുവിന്റേത്. സ്വന്തം ജോലിയുടേയും MBA പഠനത്തിന്റേയും നടുവിലും, മണിക്കൂറുകൾ നീളുന്ന ഡ്രൈവിംഗും, രുചികരമായ ബാർബെക്യുവും, എല്ലാം അനായാസമെന്ന് തോന്നുന്നവിധം ഞങ്ങൾക്കായി അച്ചു ചെയ്തതോർക്കുമ്പോൾ, ലാൽ-സിജിമാർക്ക് ഇതുപോലൊരു സൽപുത്രനെ നൽകിയ ദൈവത്തിന് നന്ദിപറയാതെ വയ്യ. അമ്മൂസ് ചേട്ടന്റെ പാത പിൻതുടരുന്ന പെങ്ങളാണ്. പ്രെട്ടോറിയ യുണിവേഴ്സിറ്റിയിൽ ആർക്കിടെക്ച്ചർ പഠനം കഴിഞ്ഞ്, ഉപരി പഠനത്തോടനുബന്ധിച്ചുള്ള തയ്യാറെടുപ്പുകൾക്കിടയിലും, മുഖത്തെ പുഞ്ചിരിയ്ക്കു മങ്ങലേൽക്കാതെ, ഞങ്ങളെ പരിചരിച്ചുകൊണ്ടിരുന്ന അമ്മൂസ് ഇന്ത്യയിലേക്കുള്ള മടക്കയാത്രയിലും നിത്യസഹായിയായി ഞങ്ങളോടൊപ്പമുണ്ടായിരുന്നു.

ഹരാരെയിൽ ഷിബു-ഡാജിമാരുടെ മകൾ വാവയും (മിറിയം), ബിജു-അൽഫോൺസാമാരുടെ മക്കൾ സഞ്ജുവും സാഷയും ടോമിയുമൊക്കെ, പ്രസാദാത്മകമായ പെരുമാറ്റത്തിലൂടെ ഞങ്ങളുടെ ഹൃദയം



malankaralibrary.com

കവർന്നു. ഡാജിയുടെ ഇംഗ്ലണ്ടിൽ പഠിക്കുന്ന മകൻ സച്ചുവുമായി ഫോണിൽ സംസാരിക്കുമ്പോഴും ആ ഹൃദ്യത അനുഭവപ്പെട്ടു. തീർച്ചയായും ഇത് അവരെ വളർത്തുന്ന രീതിയുടെ വിജയം തന്നെയാണ്. എല്ലാ കുടുംബങ്ങളിലും പ്രാർത്ഥനയുടെ തീവ്രതയും അനിവാര്യതയും ഞങ്ങൾക്ക് അനുഭവവേദ്യമായി. ദൈവസ്നേഹത്തിലും തികഞ്ഞ സാഹോദര്യത്തിലും അധിഷ്ഠിതമായ പാരസ്പര്യം എല്ലാവരും തമ്മിൽ ഉണ്ടെന്നത് ഒരു വലിയ മാതൃക തന്നെയാണ്.

ഞങ്ങൾ ജോഹന്നാസ്ബർഗിൽ ജോ-നീത ദമ്പതികൾക്കൊപ്പമാണ് താമസിച്ചത്. ഈ ഡോക്ടർ ദമ്പതികളോടൊത്തുള്ള വാസം ഓരോ നിമിഷവും ഞങ്ങൾ ആസ്വദിച്ചു. സ്വന്തം വീട്ടിലെന്നതുപോലെ. അവരുടെ മക്കൾ ബി.ഡി.എസിനു പഠിക്കുന്ന എലീന, പത്താം ക്ലാസ്സുകാരി റൊയാന, രണ്ടാം ക്ലാസ്സുകാരൻ ജോർജി എന്നിവരും ഞങ്ങളെ സന്തോഷിപ്പിക്കുന്നതിൽ എത്ര ശ്രദ്ധാലുക്കളായിരുന്നു! ഞങ്ങൾ എത്തിയതോടെ ജോയുടെ ചേട്ടൻ ലാലും സിജിയും കൂടി ആ വീട്ടിലാക്കി താമസം. എല്ലാവരും കൂടി ഒരു വലിയ കുടുംബമേള! ഭാര്യ അമ്മുവും മക്കൾ ജൊവാനയും ജൊഹാനുമൊത്ത് ഇന്ത്യയിലായിരുന്നതിനാൽ സിജിയുടെ മൂത്തമകൻ അപ്പുവിന് ഞങ്ങളോടൊപ്പം കൂടാനായില്ല. ഞങ്ങളുടെ യാത്രാപരിപാടികൾ നിർണ്ണയിക്കുന്നതിൽ ഡോക്ടറായ അപ്പുവും പങ്കുവഹിച്ചിരുന്നു. ഫോൺ വഴി ഞങ്ങളുടെ കൂട്ടായ്മയെ ഊഷ്മളമാക്കുകയും ചെയ്തിരുന്നു.

കൂട്ടായ്മയുടെ സന്തോഷങ്ങളെ ശുദ്ധീകരിക്കുന്ന ഒരു ഘടകം ആ അന്തരീക്ഷത്തിൽ എപ്പോഴും അല തല്ലിയിരുന്നു. ദൈവവിചാരവും, പ്രാർത്ഥനയും. ഒരു ചെറിയ കാര്യത്തിനായി പുറത്തേയ്ക്കിറങ്ങുമ്പോൾ പോലും പ്രാർത്ഥനാമുറിയിൽ വന്നുനിന്ന് എല്ലാവരും പ്രാർത്ഥിക്കുന്നത് ഹൃദയത്തെ ദ്രവീകരിക്കുന്ന അനുഭവമാണ്. എന്റെ അനിയത്തി സിജി പ്രാർത്ഥനകൾക്കു നേതൃത്വം നല്കുന്നതു കണ്ടപ്പോൾ, പലപ്പോഴും, ഒ.റ്റി.അങ്കിളിനെയും കുഞ്ഞമ്മ ആന്റിയെയും ഞാൻ പ്രാർത്ഥനാപൂർവം സ്മരിച്ചു. ശക്തമായ ഭക്തിപാരമ്പര്യമുള്ള കുടുംബത്തിലെ മൂത്തപുത്രനായ ലാലിന്റെ ദൃഢമായ ദൈവവിശ്വാസത്തിന് ആഴമുള്ള വേരുകളുണ്ടെന്ന് എനിയ്ക്കു മനസ്സിലായി.

സാമ്പത്തികസുസ്ഥിതിയും, സന്തോഷത്തിന്റെ നിറവും, ആത്മീയ ഗുണങ്ങളും കൊണ്ടു സമ്പന്നമായ മൂന്നു തലമുറകളെ കൺകുളിർക്കെ കണ്ടാനന്ദിയ്ക്കുവാൻ നവതി ആഘോഷിക്കുന്ന ഒ.റ്റി.അങ്കിളിനു കഴിഞ്ഞു എന്നതു മഹാഭാഗ്യം തന്നെ.



malankaralibrary.com

ആഫ്രിക്കൻ അനുഭവങ്ങളെക്കുറിച്ച് കുറിപ്പുകൾ എഴുതുന്നുണ്ടെന്നറിഞ്ഞപ്പോൾ അങ്കിൾ ഫോൺ വിളിച്ചു പറഞ്ഞു "എല്ലാം കുറിച്ചുവയ്ക്കണം; പുസ്തകമാക്കണം". ഉയർന്ന ചിന്തയും, സ്നേഹം നിറഞ്ഞ മനസ്സും, ആരുടെയും ബുദ്ധിപരമായ വളർച്ചയിലുള്ള പ്രത്യേക താല്പര്യവും അങ്കിളിനെ എന്റെ പ്രിയപ്പെട്ടവരിൽ വ്യതിരിക്തനാക്കുന്നു. ഓരോ പ്രാവശ്യവും എന്നെ കാണുമ്പോൾ ആ മുഖത്തു തെളിയുന്ന സന്തോഷം ഒരു വലിയ സ്വകാര്യസ്വത്തായി ഞാൻ സൂക്ഷിയ്ക്കുന്നു.


malankaralibrary.com



# ഒ.റ്റി. വർഗീസ് സാർ

ജോഷി മാത്യു
സിനിമാ സംവിധായകൻ
(പാലാ കെ.എം.മാത്യുവിന്റെ പുത്രൻ)

ഒ.റ്റി.വർഗീസ് സാറിനെ ആദ്യമായി കാണുന്നത്, എന്റെ എത്രാമത്തെ വയസ്സിലാണെന്ന് ഓർമ്മയില്ല. കാരണം, ഓർമ്മവച്ച നാൾ മുതൽ ഞങ്ങളുടെ ചാച്ചായുടെ ഏറ്റവും അടുത്ത കൂട്ടുകാരനായി, അഭ്യുദയകാംക്ഷിയായി, സന്തതസഹചാരിയായി, ഞങ്ങളുടെ കുടുംബത്തിലെ ഒരംഗമായി ഞങ്ങൾ അദ്ദേഹത്തെ കാണുന്നു.

കുട്ടിക്കാലം മുതലേ കലകളോടും, നാടകത്തോടുമൊക്കെയുള്ള ഒരിഷ്ടം ഞങ്ങൾ കുട്ടികളെ വിടാതെ പിൻതുടർന്നിരുന്നു. ഏതാണ്ട് 10-12 വയസ്സുള്ളപ്പോൾ ലഘുനാടകങ്ങൾ (നാടകം എന്നു വിളിക്കാമോ എന്നറിയില്ല) ഞങ്ങൾ തന്നെ രൂപപ്പെടുത്തിയിരുന്നു. അവ ഞങ്ങളുടെ വീടിന്റെ മുൻവശത്തെ ഹാളിൽ അവതരിപ്പിച്ചിരുന്നു. പുതപ്പുകൊണ്ടുള്ള കർട്ടൻ, ചാക്കുകൊണ്ടുള്ള ഉടയാടകൾ അമ്മച്ചിയുടെ സാരികൊണ്ടുള്ള വസ്ത്രാലങ്കാരം, പൗഡർ കുഴമ്പുള്ള മേക്കപ്പ് എന്നിവയൊക്കെ അണിഞ്ഞ് എന്റെ അനുജന്മാരായ സോമു, രാജൻ, ടോണി എന്നിവരും, സഹോദരിമാരായ ലിറ്റി, ലാലി, ലിജി തുടങ്ങിയവരും വിവിധ വേഷങ്ങൾ കെട്ടി രംഗത്തെത്തും. ബൈബിൾ കഥകളിൽ നിന്നുള്ള ഏതെങ്കിലും സംഭവം ആയിരിക്കും നാടകത്തിന്റെ ഇതിവൃത്തം. സാധാരണ അരങ്ങേറുന്നത് "സ്നാപകയോഹന്നാൻ" ആണ്. സലോമിയായി ഏതെങ്കിലും ഒരു പെങ്ങൾ രംഗത്തെത്തി നൃത്തം ചെയ്യും. സ്നാപകയോഹന്നാൻ മിക്കവാറും ഞാൻ തന്നെ. തളികയിൽ വച്ച് സ്നാപകയോഹന്നാന്റെ തല സലോമിക്ക് നല്കുന്ന രംഗം, രണ്ടു കർട്ടനിടയിലൂടെ തല നീട്ടി ഇളയ അനുജൻ ടോണിയോ, രാജനോ ആയിരിക്കും. മിക്കവാറും കണ്ണുതുറന്ന് ചിരിക്കും. ചുവന്ന കടലാസ് ചുറ്റി ബൾബ് കത്തിച്ചും കെടുത്തിയും രംഗത്തിന് കൊഴുപ്പേറ്റും. വീട്ടിലെ ഹാർമ്മോണിയത്തിൽ അപശ്രുതി മീട്ടി സംഗീതാന്തരീക്ഷവും ഒരുക്കും.



malankaralibrary.com

ഇതു കാണാൻ കാഴ്ചക്കാരെ കിട്ടണ്ടേ? അതാണ് പറഞ്ഞുവരുന്നത്. ചാച്ചായുടെ (പാലാ കെ.എം. മാത്യു) ഉറ്റ സുഹൃത്തുക്കളായ ഒ.റ്റി.വർഗീസ് സാറും, എൻ.എ.എബ്രഹാം സാറും വരുമെന്ന് അറിഞ്ഞാൽ ആകെ സന്തോഷമാണ്. ഓഡിയൻസ് ആയല്ലോ. വർഗീസ് സാർ വരുമ്പോഴാണ് ചാച്ചായുടെ മുഖത്ത് ചിരി ഞങ്ങൾ കണ്ടിട്ടുള്ളത്. വർഗീസ് സാറിന്റെ തമാശകൾ കേൾക്കുമ്പോൾ മാത്രമാണ് ചാച്ചാ ചിരിക്കുക.

അവർക്കുള്ള രാത്രിഭക്ഷണം ഒരുക്കുന്നതിനിടയിൽ അമ്മച്ചി (മേരിയമ്മ) ഞങ്ങളുടെ നാടകാവതരണത്തിനു വേണ്ടതെല്ലാം ചെയ്തുതരും. ഇന്ന് ''വേഷം കെട്ട് ഉണ്ടോടാ'' എന്നു മാത്രം ചാച്ചാ ചോദിക്കും. ചാച്ചായ്ക്കും കണ്ടു രസിക്കാനാണ്. സന്ധ്യയോടെ എത്തുന്ന വർഗീസ് സാറിനും, എബ്രഹാം സാറിനുമാണ് ഞങ്ങളുടെ നാടകം കാണുക എന്ന ശിക്ഷ. ഈ 'കൂത്തുകളി' സഹിച്ചേ പറ്റൂ. അതിനുശേഷമേ ഭക്ഷണം കിട്ടൂ. അതിനു ഞങ്ങൾ അമ്മച്ചിയെ ചട്ടം കെട്ടി ഭക്ഷണം താമസിപ്പിക്കും. അതുകൊണ്ട് അവർ സഹിച്ചിരിക്കും.

നല്ല കമന്റുകൾ പറഞ്ഞ് വർഗീസ് സാർ പ്രോത്സാഹിപ്പിക്കും. ഇടയ്ക്ക് നാടകമാമൻ എൻ.എൻ.പിള്ളയെ ഒക്കെ പോലെ ചില തിരുത്തലുകൾ ഒക്കെ വർഗീസ് സാർ നടത്തും. അപ്പോൾ ഒ.റ്റി.വർഗീസ് സാർ തികച്ചും നാടക സംവിധായകൻ ആയിരിക്കും. നിർദ്ദേശങ്ങൾ എല്ലാം കേട്ട് ഞങ്ങൾ തലകുലുക്കും. നിർദ്ദേശങ്ങൾ തീരുമ്പോൾ ''എന്നാ ഇനി കഴിച്ചേക്കാം'' എന്ന് പറഞ്ഞ് വർഗീസ് സാർ അടുക്കളയിലേയ്ക്ക് ഒറ്റ ഓട്ടമാണ്. രക്ഷപെടലാണത്.

അന്ന് ഞങ്ങളുടെ 'നാടകവധം' സഹിച്ച് ഞങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നില്ലായിരുന്നെങ്കിൽ ഒരുപക്ഷെ കലാലോകത്ത് ചെറിയ തോതിൽ എങ്കിലും എത്തിപ്പെടാൻ കഴിയുമായിരുന്നില്ല എന്ന് ഇപ്പോൾ തോന്നുന്നു. വർഗീസ് സാറിനെ കാണുമ്പോൾ, ഓർക്കുമ്പോൾ ഈ പഴയകാലമാണ് ഓർമ്മവരിക.


malankaralibrary.com



# പൊട്ടിച്ചിരിയുടെ ഒരോർമ്മ

ഡോ. ലാലിമാത്യു
ഭാരതമാതാ കോളേജ് തൃക്കാക്കര.
(ശ്രീ പാലാ കെ.എം.മാത്യുവിന്റെ പുത്രി)

നവതിയുടെ നിറവിൽ നില്ക്കുന്ന ഒ.റ്റി.വർഗ്ഗീസ് സാറിന് മംഗളങ്ങൾ നേരുമ്പോൾ, വർഗ്ഗീസ് സാർ ഞങ്ങൾക്ക് ആരായിരുന്നു എന്തായിരുന്നു എന്നു ഞാൻ ഒരു വിചിന്തനം നടത്തുകയാണ്....

ഒരു വ്യക്തി നമ്മുടെ ജീവിതത്തെ സ്പർശിക്കുന്നത് അയാൾ നമ്മിൽ ചെലുത്തിയ സ്വാധീനം, അയാളുടെ ജീവിതം നമുക്ക് നല്കിയ സന്ദേശം, അയാളിലൂടെ നമ്മൾ അറിഞ്ഞ മറ്റു വ്യക്തികളോ, മനസ്സിലാക്കിയ കാലഘട്ടമോ, രുചിച്ച അനുഭവങ്ങളോ എന്നിങ്ങനെയൊക്കെയാണ്.

എന്റെ ചാച്ചായും (ശ്രീ പാലാ കെ.എം.മാത്യു) ഒ.റ്റി.വർഗ്ഗീസ് സാറും ഒരു കാലഘട്ടത്തിന്റെ, സ്വാതന്ത്ര്യ സമരചരിത്രത്തിന്റെ ഭാഗഭാക്കുകളാണ്. കോളേജ് പഠനം മുതൽ കൂട്ടുകച്ചവടം, അഖിലകേരള ബാലജനസഖ്യം സംഘടിപ്പിക്കൽ, രാഷ്ട്രീയപ്രവർത്തനം തുടങ്ങി വിവിധ കർമ്മരംഗങ്ങളിൽ ഒന്നിച്ചു പ്രവർത്തിക്കുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തവരാണ്.

ഒ.റ്റി.വർഗ്ഗീസ് സാർ എനിക്ക് ഓർമ്മവെച്ചകാലം മുതൽ എന്റെ ചാച്ചായുടെ സുഹൃത്ത് എന്ന നിലയിൽ ഞങ്ങളുടെ വീട്ടിലെ നിത്യസന്ദർശകനാണ്. പലപ്പോഴും വന്നുപോകുന്ന, ചിലപ്പോൾ ചാച്ചായുടെ മറ്റു സുഹൃത്തുക്കൾക്കൊപ്പം, പൊട്ടിച്ചിരിയുടെ നിറസാന്നിദ്ധ്യമായി, അമ്മച്ചിയുടെ വിരുന്നാസ്വദിച്ച്, വീട്ടിൽ താമസിച്ച് പോകുന്ന, ചാച്ചായുടെ വിരലിലെണ്ണാവുന്ന ഉറ്റസുഹൃത്തുക്കളിൽ ഒരാൾ. ഞങ്ങൾ കുട്ടികളുടെ കളികളും നാടകങ്ങളും മറ്റും ആസ്വദിക്കുന്ന, മുതിർന്നവരുടെ തിരക്കുകൾക്കിടയിലും കുട്ടികളെ ശ്രദ്ധിക്കാൻ മറക്കാത്തെ, പിതൃതുല്യനായ വ്യക്തി.

കാര്യമാത്രപ്രസക്തവും അപ്രസക്തവുമായ ഏതു ചർച്ചാവേളകളിലും വർഗ്ഗീസ് സാറിന്റെ തിളങ്ങുന്ന കഷണ്ടിയും തിളയ്ക്കുന്ന



malankaralibrary.com

സംസാരവും മുഴങ്ങുന്ന പൊട്ടിച്ചിരിയും വേറിട്ടു നില്ക്കും. പൊതുവെ ഗൗരവക്കാരനായ എന്റെ ചാച്ചാ പൊട്ടിച്ചിരിച്ചു ഞാൻ കണ്ടിട്ടുള്ളത് വർഗ്ഗീസ് സാറിന്റെ തമാശകൾക്കാണ്. പലവിധ രാഷ്ട്രീയ-സാമൂഹിക പ്രശ്നങ്ങൾക്കു നടുവിൽ ചാച്ചാ ഇങ്ങനെ റിലാക്സ് ചെയ്യുന്നത് കാണാൻ അമ്മച്ചിക്കും സന്തോഷമാണ്. അതുകൊണ്ട് വർഗ്ഗീസ് സാറിനെ സൽക്കരിക്കാൻ അമ്മച്ചിക്കും ഉത്സാഹമായിരുന്നു. അമ്മച്ചിയുടെ കാലശേഷം, ചാച്ചാ എറണാകുളത്തു വരുമ്പോൾ ഒക്കെ എന്റെ ഭർത്താവ് യൂജീനും ഞാനും, വർഗ്ഗീസ് സാറിനെ ഞങ്ങളുടെ വീട്ടിൽ ക്ഷണിച്ചുവരുത്തുകയോ കൂട്ടിക്കൊണ്ടു വരുകയോ ചെയ്യും. ചാച്ചായുടെയും വർഗ്ഗീസ് സാറിന്റെയും ഈ പൊട്ടിച്ചിരി വീണ്ടെടുക്കാൻ.....

ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്ത്, എന്നെ വർഗ്ഗീസ് സാർ ഒരാഴ്ച എറണാകുളത്തെ സ്വന്തം വീട്ടിൽ കൊണ്ടുവന്നു നിർത്തി, മദ്ധ്യവേനൽ അവധി ആഘോഷിക്കാൻ. കുഞ്ഞമ്മചേച്ചിയുടെ ആതിഥ്യവും സിജിയമ്മ, ടോമി, ജോജോ, ഡാജി ഇവരൊക്കെയൊത്തുള്ള കളിച്ചുതിമിർക്കലും ഒക്കെയായി ആ അവധിക്കാലം ശരിക്കും ആസ്വദിച്ചു. അന്നൊക്കെ സൗഹൃദങ്ങൾ കുടുംബബന്ധങ്ങൾ പോലെ ദൃഢതരമായിരുന്നു; ഊഷ്മളമായിരുന്നു; ഇഴയടുപ്പമുള്ളതായിരുന്നു.

ആ സുഹൃത്ബന്ധത്തിന്റെ ശക്തികൊണ്ടാവാം, വർഗ്ഗീസ് സാറിന്റെ നവതി എനിക്ക് ഇത്രയേറെ ഹൃദ്യമാവുന്നത്. നവതിക്കു മുൻപേ കടന്നുപോയ ചാച്ചായുടെ സ്നേഹസ്പർശം പോലെ..........



malankaralibrary.com



# അവതാരിക

പി.എം തോമസ്, പഴേപറമ്പിൽ

എന്റെ ജ്യേഷ്ഠനും അൻപതുകളിലും അറുപതുകളിലും കേരളത്തിലെ പ്രത്യേകിച്ച് കോട്ടയം ജില്ലയിലെ കോൺഗ്രസ് രാഷ്ട്രീയത്തിലെയും സാമൂഹിക സാംസ്കാരിക മണ്ഡലത്തിലെയും സജ്ജീവ സാന്നിധ്യവുമായിരുന്ന ഒ.റ്റി വർഗ്ഗീസ് തൊണ്ണൂറു വയസ്സ് പൂർത്തിയാക്കുന്ന വേളയിൽ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥത്തിന് അവതാരിക എഴുതാൻ എന്നെ ഏല്പിച്ചത് യഥാർത്ഥത്തിൽ എനിയ്ക്ക് അനർഘവും അനർഹവുമായ ഒരു ബഹുമതിയായാണ് ഞാൻ കണക്കാക്കുന്നത്. ഒ.റ്റി യുടെ ഏറെ രാഷ്ട്രീയ ശിഷ്യന്മാർ കേരളത്തിലെ രാഷ്ട്രീയ മണ്ഡലത്തിൽ ഇപ്പോഴും ഉയർന്നുനിൽക്കെ, അവരിൽ ആരെയെങ്കിലും സമീപിച്ചാൽ അവർ ഈ കൃത്യം സസന്തോഷം നിർവഹിക്കുമായിരുന്നുവെന്നതിൽ എനിക്ക് യാതൊരു സംശയവുമില്ല. അതിനൊന്നും തുനിയാതെ ഒ.റ്റി യുടെ പുത്രൻ ടോമിച്ചൻ എന്നെ സമീപിച്ചത്, എന്നോടുള്ള പ്രത്യേക പരിഗണന കൊണ്ടാണെന്ന് ഞാൻ കരുതുന്നു.

ഒഴുകയിൽ കുടുംബത്തിനും, അതുപോലെ അദ്ദേഹത്തിന്റെ മാതൃഗൃഹമായ പഴേപറമ്പിൽ കുടുംബത്തിനും അഭിമാനമായ ഒരു വ്യക്തിത്വമാണ് ഒ.റ്റി വർഗ്ഗീസ്. പാലായിലെ മലഞ്ചരക്കു വ്യാപാര പ്രമുഖനായ ഒഴുകയിൽ കുഞ്ഞേട്ടൻ എന്ന ഒ.വി തോമസിന്റെയും പൂവരണി പഴേപറമ്പിൽ ഉലഹന്നാൻ വർഗ്ഗീസിന്റെ മൂത്ത പുത്രിയായ മാമ്മിയുടെയും പ്രഥമപുത്രനാണ് പാപ്പച്ചൻ എന്ന വിളിപ്പേരുള്ള ഒ.റ്റി വർഗ്ഗീസ് തന്റെ മക്കളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ പ്രത്യേക താല്പര്യമുണ്ടായിരുന്ന പിതാവ്, പാലായിൽ കോളേജില്ലാതിരുന്ന സാഹചര്യത്തിൽ വർഗ്ഗീസിനെ എറണാകുളം തേവര കോളേജിൽ ഇന്റർമീഡിയേറ്റിനു പഠിപ്പിച്ചു. തേവരകോളേജിലെ രണ്ടാം ബാച്ചിലെ വിദ്യാർത്ഥിയായിരുന്ന അദ്ദേഹം, പിന്നീട് ബോംബെയിൽ ഉന്നതവിദ്യാഭ്യാസം നടത്തിയ അദ്ദേഹം എം.എ.എൽ.എൽ.ബി ബിരുദം നേടി. റ്റാറ്റായിലും റയിൽവേയിലും കുറച്ചുകാലം ജോലിനോക്കിയശേഷം ഉദ്യോഗം രാജിവച്ച് നാട്ടിലെത്തി സജീവ കോൺഗ്രസ്



malankaralibrary.com

രാഷ്ട്രീയത്തിൽ പ്രവേശിച്ചു. പ്രൊഫ.കെ.എം ചാണ്ടിയുടെ രാഷ്ട്രീയ ശിക്ഷണത്തിൽ യൂത്ത് കോൺഗ്രസും വിദ്യാർത്ഥി കോൺഗ്രസും ഊർജസ്വലമായപ്പോൾ ശ്രീ വയലാർ രവിയോടൊപ്പം അദ്ദേഹവും രാഷ്ട്രീയ നേതൃനിരയിലേയ്ക്കുയർന്നു. വയലാർ രവി യൂത്ത് കോൺഗ്രസ് സംസ്ഥാന ഓർഗനൈസറായിരുന്നപ്പോൾ ഒ.റ്റി കോട്ടയം ജില്ലാ ഓർഗനൈസറായിരുന്നു. വിമോചന സമരകാലത്ത് യൂത്ത് കോൺഗ്രസ് നേതാവെന്ന നിലയിൽ സമരത്തിന്റെ മുൻനിരയിൽത്തന്നെ നിലകൊണ്ടു. ഉജ്ജ്വലമായ ശബ്ദഗാംഭീര്യവും നിശിതമായ വിമർശനശരങ്ങളും ആക്ഷേപമുനയും കൊണ്ട് അലംകൃതമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം. സമരനായകനായ ഭാരതകേസരി ശ്രീ മന്നത്തു പത്മനാഭനോടും കോൺഗ്രസ് നേതാവ് ടി.ഒ ബാവയോടും ആർ.ശങ്കറിനോടുമൊപ്പം അദ്ദേഹം വേദികൾ പങ്കിട്ടു. വിമോചന സമരത്തിനു ശേഷം കേരള രാഷ്ട്രീയം പ്രത്യേകിച്ചും കോൺഗ്രസ് രാഷ്ട്രീയം ജാതിമതശക്തികളുടെ വിലപേശൽ പ്രവണതകൾക്കും സ്ഥാനലാഭസമ്മർദ്ദങ്ങൾക്കും വിധേയമാകുന്നതു കണ്ടപ്പോഴാണ്, വിശ്വാസനഷ്ടത്തിന്റെ ഭാരത്തോടെ അദ്ദേഹം രാഷ്ട്രീയം വിട്ട്, ബിസിനസ് രംഗത്തേക്ക് തിരിഞ്ഞത്. ഇന്റർകോന്റിനെന്റൽ ഇൻഡസ്ട്രീസ് എന്ന ഈട്ടിത്തടി കയറ്റുമതി സ്ഥാപനം ചില സുഹൃത്തുക്കളോടു ചേർന്ന് ആരംഭിച്ചു.

വയലാർ രവി, കെ.സി ജോസഫ്, എ.കെ ആന്റണി, എം.എ ജോൺ, പാലാ കെ.എം മാത്യു തുടങ്ങിയവരോടൊപ്പം രാഷ്ട്രീയ രംഗത്ത് തുടർന്നിരുന്നെങ്കിൽ അദ്ദേഹം എത്തിപ്പെടാമായിരുന്ന തലങ്ങൾ ഭാവന ചെയ്യാൻ കൗതുകം തോന്നുന്നു. ഈ നവതിസ്മാരകഗ്രന്ഥം അദ്ദേഹത്തിനുള്ള ഉചിതമായ ഒരു ഉപഹാരം തന്നെയാണ്. പ്രസംഗപാടവം പോലെതന്നെ സവിശേഷമാണ് അദ്ദേഹത്തിന്റെ സംഭാഷണ ചാതുരി. നർമ്മവും ഫലിതവും അക്ഷേപവും ഇടകലർന്ന് തിരകൾ അലയടിക്കുന്നമാതിരിയുള്ള ആ വാഗ്ഗംഗാപ്രവാഹത്തിന്റെ പ്രകമ്പനമാണ് ഈ ഗ്രന്ഥം അവതരിപ്പിക്കുമ്പോൾ എന്റെ മനസ്സിൽ നിറയുന്നത്.

പി.എം തോമസ്, പഴേപറമ്പിൽ, പൂവരണി

(ശ്രീ ഒ.റ്റി വർഗ്ഗീസിന്റെ മാതൃസഹോദര പുത്രൻ, റിട്ട. H.M, സെന്റ് ആന്റണീസ് H.S മുത്തോലി, പാലാ.)



malankaralibrary.com



# ആമുഖം

ഡോ.പി.ജെ സെബാസ്റ്റ്യൻ

തൊണ്ണൂറ് വയസ്സു പൂർത്തിയാക്കുന്ന കർമ്മബഹുലമായ ജീവിതത്തിന്റെ ഉടമയായ ശ്രീ ഒഴുകയിൽ തോമസ് വർഗ്ഗീസ് ഏതാണ്ടിങ്ങനെയാണ് പറഞ്ഞവസാനിപ്പിച്ചത്! ''മനമോടുന്നിടത്ത് തനുവോടാത്ത വാർദ്ധക്യത്തിൽ പിന്നെ ചെയ്യാനുള്ളത് ചിന്താസക്തനാകുകയാണ്.'' അപ്രതിഹിതവും ശീഘ്രവുമായ കാലപരിണാമം മാറ്റിമറിച്ച രീതികൾ, പിഴുതെറിഞ്ഞ സമ്പ്രദായങ്ങൾ, എടുത്ത് മറിച്ചിട്ട സംവിധാനങ്ങൾ, ഭാവന ചെയ്യാൻ പോലും കഴിയാതിരുന്ന വികാസങ്ങൾ.

ഓർത്തെടുക്കാനും പറഞ്ഞുകേൾപ്പിക്കാനും ഏറെയുണ്ട്. ഒരു ചെറിയ മനുഷ്യനായ ഞാനും എന്റേതായ ചില നിയോഗങ്ങൾക്ക് ഈശ്വരേച്ഛ എന്നിലൂടെ നിറവേറ്റാൻ ആഗ്രഹിച്ച കാര്യങ്ങൾക്ക് നിന്ന് കൊടുത്തിട്ടുണ്ട്. കർമ്മധാരാളിത്തത്തിലായിരുന്നു ഒ.റ്റി.വർഗീസിന്റെ ജീവിതം. അക്കാലത്ത് അപൂർവ്വലബ്ധമായിരുന്ന വിദ്യാഭ്യാസലഭ്യത, അതിനൊപ്പവും ശേഷവും ഉണ്ടായ രാഷ്ട്രീയ ജീവിതം. മനമലിഞ്ഞു ചേർന്ന ഗാർഹികജീവിതം. ബിസിനസ്സിന്റെ ലോകം. എല്ലാം കൊണ്ടും സംഭവബഹുലമായിരുന്നു വർഗീസിന്റെ ജീവിതം. വീടിനുള്ളിൽ ഒതുങ്ങുന്ന ജീവിതങ്ങളിൽപോലുമുണ്ട് അനന്യമായ വൈകാരിക മുഹൂർത്തങ്ങൾ. സംഘർഷഭരിതവും ചലനാത്മകവുമാണ് ഓരോ ജീവിതവും. അനുഭവങ്ങളുടെ നിധിനി ക്ഷേപങ്ങളായ മനസ്സുകൾ കളം മാറിച്ചവിട്ടുമ്പോൾ ഉപേക്ഷിച്ചു പോകുന്നത് ഒരു വലിയ അനുഭവസഞ്ചയത്തെയാണ്. കുറിച്ചെടുത്ത് സൂക്ഷിച്ചില്ലെങ്കിൽ അവ എന്നേയ്ക്കുമായി നഷ്ടപ്പെട്ടുപ്പോകുമല്ലൊ എന്ന ഭീതിയാണ് ഈ ചെറിയ പുസ്തകരചനയ്ക്ക് പ്രേരണ.

ഡോ.പി.ജെ സെബാസ്റ്റ്യൻ പഴേപറമ്പിൽ

(ശ്രീ.ഒ.റ്റി വർഗ്ഗീസിന്റെ മാതൃസഹോദരപുത്രൻ, പാലാ സെന്റ്. തോമസ് കോളേജിൽ മലയാളം വിഭാഗത്തിന്റെ അധ്യക്ഷനായി 2014 ൽ വിരമിച്ചു.)


malankaralibrary.com

# ബാല്യകാലം

ഓർമ്മവെയ്ക്കുമ്പോൾ അപ്പൻ ഒ.വി.തോമസ് ബിസിനസ്സിന്റെ തിരക്കിലാണ്. ഒ.വി.തോമസ് കുരുമുളകു വ്യാപാരരംഗത്ത് പ്രസിദ്ധ മായിരുന്ന പാലായിൽ 1943-ൽ ഒ.വി.തോമസ് കമ്പനി എന്ന പേരിൽ മലഞ്ചരക്കിന്റെ ഒരു മൊത്ത സംഭരണശാല, *പാലായിൽ കിഴക്കയിൽ മത്തായിചേട്ടനുമായി (ഗവർണർ ശ്രീ കെ.എം.ചാണ്ടിയുടെ പിതാവ്) ചേർന്ന് പിന്നീട് പാലാ മെർക്കന്റയിൽ കമ്പനി (ലിമിറ്റട്)രൂപീകരിച്ചു. അന്ന് മലഞ്ചരക്കു വ്യാപാരപ്രമുഖരായിരുന്ന മഠത്തിൽമുറി സ്വാമിമാരോട് മത്സരിച്ച് മലഞ്ചരക്കു വ്യാപാരത്തിന്റെ ഔന്നിത്യത്തിൽ എത്തിച്ചേർന്നു. കൊച്ചി, ആലപ്പുഴ എന്നീ കയറ്റുമതി തുറമുഖങ്ങളോട് മാത്രമല്ല, ആസ്പിൻ വാൾ, ടാറാസ് മെയിൻ തുടങ്ങിയ ഇംഗ്ലീഷ് കയറ്റുമതി സംഘങ്ങളോടും നേരിട്ടു ബന്ധപ്പെട്ടിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിലെ കച്ചവടം ഇന്നു നമുക്കൂഹിക്കാൻ കഴിയുന്ന വിധത്തിലൊന്നുമല്ല.

സത്യസന്ധനും കണിശക്കാരനും ഗൗരവക്കാരനുമായിരുന്നു അപ്പൻ. അക്കാലത്തെ സുറിയാനിക്രിസ്ത്യാനി പിതാക്കന്മാരെപ്പോലെ തന്നെ മക്കളോടുള്ള സ്നേഹമൊക്കെ ലുബ്ധിച്ചേ പ്രകടിപ്പിക്കൂ. അമ്മ-മാമ്മി-പൂവരണി പഴേപറമ്പിൽ കുടുംബാംഗം, എന്നും ഭർത്താവിന്റെ ജീവിതവൃത്തികൾക്ക് സാമ്യമധുരമായ പിന്തുണയോടെ നില യുറപ്പിച്ചിരുന്നു. സ്നേഹവതിയും ഉല്ലാസപ്രകൃതിയും പ്രസന്നവതിയും ദയാശീലയുമായിരുന്ന മാമ്മി മക്കൾക്കെല്ലാം വാത്സല്യനിധിയായ അമ്മയായിരുന്നു. അപ്പന്റെ കാർക്കശ്യസ്വഭാവം കാരണം അമ്മ വഴിയാണ് മക്കൾ അപ്പനോട് സംസാരിക്കുക.

ആയിരത്തിത്തൊള്ളായിരത്തി ഇരുപതുകളിലെ ലോകം കണ്ടവർ ഇപ്പോൾ ഏറെയില്ല. സുറിയാനി ക്രിസ്ത്യാനികൾക്ക് ജാത്യാചാരം പ്രത്യക്ഷമായിരുന്നില്ലെങ്കിലും ചര്യകളിലൊക്കെ അതിന്റെ നിഴലുണ്ടായിരുന്നു. ഏറെ കൃഷിയിടങ്ങൾ സ്വന്തമായുണ്ടായിരുന്ന ഒഴുകയിൽ കാർ പണിക്കാരോടൊപ്പം സ്വന്തമായി ജോലിയ്ക്കിറങ്ങുമായിരുന്ന

** പൂവരണി പഴേപറമ്പിൽ കുടുംബചരിത്രം പേജ് 210 : 2*


malankaralibrary.com

വിശാലമനസ്കരായിരുന്നു. വീട്ടുപടിയ്ക്കൽ നെൽകൃഷി ചെയ്യുന്ന കണ്ടമുണ്ടാകുക അന്നൊരു വലിയ പ്രതാപമായിരുന്നു. ഇവിടെയാകട്ടെ പടിയ്ക്കലും മറ്റ് പലേടത്തുമായി വയൽ. എപ്പോഴും പണിക്കാർ. തൊഴുത്തിൽ നിറയെ കന്നുകാലികൾ. ആരവമൊഴിഞ്ഞ ദിവസങ്ങൾ കുറവായിരുന്നു അന്നൊക്കെ. ഭാസ്കരൻ എന്നൊരാളായിരുന്നു മുഖ്യ പണിക്കാരൻ. വീട്ടിനകത്തും എന്നുമുണ്ടാകും വിരുന്നുകാർ. അങ്ങനെയൊരു ഉത്സവപ്രതീതിയുള്ള കാലത്തെയാണ് വർഗീസ് ചെറുപ്പകാലമായി ഓർത്തെടുക്കുന്നത്.

ചെറുകര സെന്റ്.ആന്റണീസ് സ്കൂളിലായിരുന്നു ഒ.റ്റിയുടെ പ്രാഥമികവിദ്യാഭ്യാസം. കച്ചതോർത്തായിരുന്നു അന്ന് വിദ്യാർത്ഥികളുടെ വേഷം. കർക്കശസ്വഭാവികളും സ്നേഹശീലരുമായ അദ്ധ്യാപകരുടെ 'തിരുവായ്ക്ക് എതിർവായില്ലാത്ത' പഠിപ്പിക്കൽ അദ്ദേഹം ഓർത്തെടുക്കുന്നുണ്ട്.

അനുജൻ തോമ്മാച്ചൻ, പാപ്പച്ചനേക്കാൾ (ഒ.റ്റി) കുസൃതിയായിരുന്നു. മഴക്കാലമായാൽ അന്നൊക്കെ പാടവും പറമ്പും വഴിയുമെല്ലാം വെള്ളത്തിൽ മുങ്ങും. പ്രകൃതിയുടെ ആ ജലനീരാട്ട് കുസൃതിക്കാരുടെ ഉല്ലാസകാലമാണ്. പുത്തൻ വെള്ളത്തിൽ പുളച്ചെത്തുന്ന മീനുകളെ പിടിക്കുകയാണ് ഒരു പ്രവൃത്തി. വെള്ളത്തിൽ ചാട്ടവും നീന്തലുമൊക്കെക്കൊണ്ട് വർഷക്കാലം അന്നൊരു ഉത്സവകാലം തന്നെയായിരുന്നു.

ഇന്ന് ഒരു ചെറിയ പട്ടണത്തിന്റെ പ്രഭാവങ്ങൾ കൈവന്നിട്ടുണ്ടെങ്കിലും, അക്കാലത്ത് വള്ളിച്ചിറ ആൾപെരുമാറ്റം കുറഞ്ഞ ഒരു നാട്ടിൻപുറമായിരുന്നു. പൈങ്ങളം പള്ളിയാണ് ക്രിസ്ത്യാനികളുടെ ജീവിതകേന്ദ്രം. പള്ളിയിലെ അച്ചന്മാരുടെ സുറിയാനികുർബ്ബാന, ഞായറാഴ്ചപ്രസംഗം, എണ്ണമറ്റ നോമ്പുകൾ, വിവാഹത്തോടും മരണത്തോടും അനുബന്ധിച്ചുള്ള എണ്ണമറ്റ ആചാരങ്ങൾ, അത്ഭുതകഥകൾ ഇതെല്ലാം കൊണ്ട് പള്ളി ഭയസമ്മിശ്രമായ വികാരത്തെ ഉണ്ടാക്കിയിരുന്നു. ശാപശക്തിയും നിഗ്രഹാനുഗ്രഹശേഷിയും ദുരാത്മാക്കളെ ബന്ധിക്കാനും മോചിപ്പിക്കുവാനുമുള്ള കഴിവുകളോട് കൂടിയവരായിരുന്നു വൈദികർ. പാരമ്പര്യസിദ്ധമായിരുന്നു പുരോഹിതവൃത്തി. കാലം കുറെ കഴിഞ്ഞപ്പോഴാണ് വൈദികർ ഈശോയുടെ കാരുണ്യത്തിന്റെയും ത്യാഗത്തിന്റെയും രക്ഷാകരപ്രവർത്തനത്തിന്റെയും പ്രഘോഷകരായത്.

വാഹനങ്ങൾ വളരെ കുറവ്. നടന്നിട്ടുതന്നെയായിരുന്നു സാധാരണക്കാരുടെ പോക്കുവരവ്. ചുമടുകൾ തലയിൽ പേറിയുള്ള നടത്തം



malankaralibrary.com

സർവ്വസാധാരണമായിരുന്നു. സാധാരണ ആവശ്യമായ തീറ്റസാധന ങ്ങളൊക്കെ വീട്ടുപരിസരത്തുണ്ടാകും. ആഴ്ചയിലൊരിക്കലായിരുന്നു പാലായിലെ ചന്ത. കൊടുക്കലും വാങ്ങലും വിലപേശലും ഉച്ച ത്തിലുള്ള സംസാരവുമൊക്കെയുള്ള ഒരു ലോകമായിരുന്നു ആ ചന്ത. വീടിനോട് ചേർന്നുനിൽക്കുന്ന കുറെയേറെ ആളുകളുണ്ട്. അതിരാ വിലെ പണിയ്ക്കായി വരുന്നവർ. അവർ എല്ലാവരും ഒരുമിച്ച് ഒരു ഗ്രാമീണ ജീവിതം കെട്ടിപ്പടുത്തിരുന്നു. താൻ കണ്ടതും കേട്ടതുമായ ഈ ലോകത്തെ മറക്കാനാകാത്തതുകൊണ്ടാകണം ഒ.റ്റി വിദ്യാഭ്യാ സാനന്തരം രാഷ്ട്രീയ പ്രവർത്തകനായത്.. അനുജൻ ഒ.റ്റി.തോമാസാ കട്ടെ, സാമൂഹികനീതി സമരോത്സുകമാക്കിയ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനുമായി. അങ്ങനെ ഒരു കുടുംബത്തിൽ തന്നെ വ്യത്യസ്ത രാഷ്ട്രീയ വിക്ഷണങ്ങൾ.

പൊതുപ്രവർത്തകനായി വളർന്നപ്പോൾ ഒ.റ്റി.വർഗീസ് എന്ന പേര് ചെറുതായി ഒ.റ്റി എന്ന ദ്വയാക്ഷരമായി. കടന്നുപോന്ന വഴികളിലേ യ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ, ആ നോട്ടത്തിൽ ഒരു നിർമതയുണ്ട്. ലോകവും ജീവിതവും ഏറെ കണ്ടയാളുടെ അനുഭവഭാരമുള്ള നിസ്സംഗ തയുണ്ട്. വാർദ്ധക്യം ആ ഉജ്ജ്വലശബ്ദത്തിൽ നേർത്ത വിറയൽ അണി യിച്ചിരിക്കുന്നു. തൻപോരിമയുള്ള ആ ഒറ്റയാൾ നില്പിന് ചിലപ്പോൾ താങ്ങ് അന്വേഷിക്കുന്നു. അദ്ദേഹം ഇങ്ങനെ കുറിച്ചുതന്നു- ''ജീവിത ത്തിൽ എല്ലാം പൂർത്തിയായി. ഒന്നും ബാക്കിയില്ല. എല്ലാവരോടുമുണ്ട് കടപ്പാട്''.



**മാതാപിതാക്കൾ**



malankaralibrary.com

# ഉന്നത വിദ്യാഭ്യാസവും കോൺഗ്രസ്സ് പ്രവർത്തനവും

എറണാകുളം (തേവര) S.H കോളേജിലെ ഇന്റർമീഡിയറ്റ് പഠനത്തിനുശേഷം 1951 ൽ ഒ.റ്റി വർഗീസ്, ബോംബെ Khalsa College-ൽ ബിരുദപഠനത്തിന് ചേർന്നു. മുന്നിൽ മഹാനഗരം, ചുറ്റിലും മനുഷ്യ സാഗരം. അവിടെ നിന്ന് ബിരുദവും ബിരുദാനന്തരബിരുദവും ഗവ.ലോകോളേജിൽ നിന്ന് നിയമബിരുദവും നേടി. ഭാരതമാകെ ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ പ്രകമ്പനം കൊണ്ടിരുന്ന അക്കാലത്തെ വിദ്യാഭ്യാസജീവിതം തീർച്ചയായും അദ്ദേഹത്തിലെ ദേശാഭിമാനിയെ ഉത്തേജിപ്പിച്ചിട്ടുണ്ടാകും. അഭ്യസ്തവിദ്യരും ചിന്തശീലരുമായ ഒരു കുലീന വിഭാഗത്തിന്റെ പരിലാളന ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ആരംഭസ്വഭാവമായിരുന്നു. എന്നാൽ ബോംബെയിലെ വിദ്യാഭ്യാസഘട്ടത്തിൽ പഠനത്തിൽത്തന്നെയായിരുന്നു അദ്ദേഹം ദത്തവധാനയായിരുന്നത്. സഹജമായ വാഗ്വൈഭവവും, സുഹൃദ്സമ്പാദത്തിലുള്ള കഴിവും സൗഹൃദമേളനങ്ങളുടെയും സല്ലാപങ്ങളുടെയും നല്ലകാലം തന്നെയായിരുന്നു അവിടെ ഉണ്ടാക്കിയത്. ബോംബെയിൽ സഹപാഠികളായിരുന്ന പാലാക്കാരായ സമതരംഗദൈർഘ്യമുള്ളവരായത് ബിരുദബിരുദാനന്തര പഠനത്തെ ഉല്ലാസപൂർവ്വം തന്നെയാക്കിയെന്നു പറയാം.

പ്രശസ്തമായ വിധത്തിൽ ബിരുദാനന്തരബിരുദവും നിയമബിരുദവും നേടി പാലായിൽ തിരിച്ചെത്തുമ്പോൾ ഇവിടം അദ്ദേഹത്തിന്റെ ഉദ്ബുദ്ധമായ ദേശാഭിമാനത്തിനും രാഷ്ട്രപുനർനിർമ്മാണ സങ്കല്പത്തിനും അനുയോജ്യമായ മണ്ണായിക്കഴിഞ്ഞിരുന്നു. വിദ്യാസമ്പന്നരായ യുവാക്കൾക്ക് രാഷ്ട്രീയപ്രവർത്തനത്തിൽ നിന്നും ദേശീയ പ്രവർത്തനത്തിൽ നിന്നും മാറി നിൽക്കാനാകുമായിരുന്നില്ല. ആർ.വി. തോമസും തൊമ്മച്ചൻ കൊട്ടുകാപ്പള്ളിയും ചെറിയാൻകാപ്പനും കെ.എം.ചാണ്ടിയും പി.റ്റി.ചാക്കോയും ചേർന്ന ഉദ്ബുദ്ധകോൺഗ്രസ് മണ്ഡലം ഒ.റ്റിയെ മാടിവിളിച്ചു. തുടർന്ന് പ്രതിജ്ഞാബദ്ധതയുള്ള ഒരു കോൺഗ്രസുകാരന്റെ കാലമായിരുന്നു അദ്ദേഹത്തിന്റേത്. മീറ്റിംഗുകളും പ്രസംഗങ്ങളും പ്രകടനങ്ങളും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളും


malankaralibrary.com

ചേർന്നകാലം. അക്കാലത്ത് കരൂർ പഞ്ചായത്തിലേയ്ക്ക് അദ്ദേഹം എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. എണ്ണമറ്റ മറ്റനേകം സമരഭടന്മാരെയും രാഷ്ട്രീയപ്രവർത്തകരെയും പോലെ ഒ.റ്റിയും പ്രൊഫ.കെ.എം.ചാണ്ടിയുടെ രാഷ്ട്രീയശിഷ്യനായിരുന്നു. ശ്രീ പാലാ കെ.എം മാത്യു, എ.പി.ഉദയഭാനു തുടങ്ങിയവരോടൊപ്പം ഒ.റ്റിയും കോൺഗ്രസിന്റെ നേതൃനിരയിലെത്തി. കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ തൊഴിലാളി, കർഷക, യൂത്ത് സംഘടനകൾ ഉണ്ടാക്കാൻ ശ്രമിച്ചത് പ്രൊഫ.കെ.എം ചാണ്ടിയായിരുന്നു. ഒ.റ്റിയെ അക്കാലത്ത് യൂത്ത് കോൺഗ്രസ് കൺവീനറായി ചാണ്ടി നിയോഗിച്ചു. ചെറുകൃഷിക്കാരും തൊഴിലാളികളും വ്യാപാരികളും ആയ യുവാക്കളെ മുൻനിർത്തി സംഘടനാപരമായ പ്രവർത്തനങ്ങളിൽ ഭാഗഭാക്കായി. ത്യാഗോജ്ജ്വലമായ സമരങ്ങളിലൂടെ ഭാരതം നേടിയെടുത്ത സ്വാതന്ത്ര്യത്തെ അർത്ഥവത്തും സാർവ്വത്രികവുമാക്കുക എന്ന പ്രവർത്തനമായിരുന്നു കോൺഗ്രസിനു ചെയ്യേണ്ടിയിരുന്നത്. തിരക്കേറിയതായിരുന്നു ഒ.റ്റിയുടെ കോൺ. ജീവിതം.



**ആത്മമിത്രമായ ശ്രീ പാലാ കെ.എം മാത്യുവിനോടും ശ്രീ ഉമ്മൻചാണ്ടിയോടുമൊപ്പം**



malankaralibrary.com

# ഗുരുക്കന്മാർ, സുഹൃത്തുക്കൾ

ഒ.റ്റി വർഗീസിന്റെ ജീവിതരേഖ അടയാളപ്പെടുത്തുമ്പോൾ വിട്ടുകളയാനാവാത്ത ഭാഗമാണ് സുഹൃത്തുക്കളുടേത്. മുൻപ് സൂചിപ്പിച്ചിട്ടുള്ളതുപോലെ വഗ്യവാക്കും ഉല്ലാസപ്രകൃതിയും സുഹൃദ്ജന സമ്പാദനത്തിനുള്ള വൈഭവവും നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ പ്രകൃതി. തേവര എസ്.എച്ച് കോളേജിൽ നിന്ന് ഇന്റർമീഡിയറ്റ് കഴിഞ്ഞ് മുംബൈ Khalsa college ലേയ്ക്ക് ബിരുദപഠനത്തിനു പോകുമ്പോൾ, പുളിക്കിയിൽ (വെള്ളൂക്കുന്നേൽ) തൊമ്മച്ചൻ, മേലേടത്തു തമ്പാച്ചൻ (പി.റ്റി.ചെറിയാൻ) പൂപ്പള്ളി കുട്ടപ്പൻ (പി.റ്റി.ജോസഫ്, പിന്നീട് സെന്റ്.സേവ്യേഴ്സ് കോളേജ് പ്രൊഫസ്സർ), എട്ടുപ്പറ കുട്ടപ്പൻ (എൻ.റ്റി.സേവ്യർ) എന്നിവരും സഹവിദ്യാർത്ഥികളായി കൂടെയുണ്ടായിരുന്നു. അവിടെനിന്ന് തിരികെ വന്നതിനുശേഷവും ആ സുഹൃദ്ബന്ധം മേളക്കൊഴുപ്പോടെ തുടർന്നു. സഹപാഠിയും എക്കാലത്തെയും ആത്മാർത്ഥസുഹൃത്തുമായിരുന്നു ശ്രീ പാലാ കെ.എം.മാത്യു. (മലയാള മനോരമയിലെ ഒട്ടനവധി പദവികളിൽ വിരാജിക്കുകയും പിന്നീട് ഇടുക്കി ലോക്സഭ മെമ്പറുമായി) പാലാ കിഴക്കേൽ കുടുംബമായുണ്ടായിരുന്ന ബന്ധം പിതാക്കന്മാർ തുടങ്ങിയുള്ളതായിരുന്നു. കോൺഗ്രസ് നേതാക്കന്മാരായ പ്രൊഫ.കെ.എം.ചാണ്ടിയുടെയും കെ.എം. മാത്യുവിന്റെ പിതാവും ഒ.റ്റി.വർഗീസിന്റെ പിതാവ് ഒ.വി.തോമസും പങ്കുചേർന്ന് പാലാ ടൗണിൽ 'പാലാ മെർക്കന്റയിൽ കമ്പനി ലിമിറ്റട്' എന്ന ഒരു മലഞ്ചരക്കു കയറ്റുമതി വ്യാപാരസ്ഥാപനം നടത്തിയിരുന്നു. കെ.എം.മാത്യുവും ഒ.റ്റി യും തേവരകോളേജിൽ സഹപാഠികളായിരുന്നു. കെ.എം മാത്യുവിന്റെ 'മീനച്ചാറിന്റെ തീരത്തു നിന്ന്' എന്ന ഗ്രന്ഥത്തിൽ ആ സൗഹൃദത്തിന്റെ ഇഴയടുപ്പം വായിച്ചറിയാം. തേവര കോളേജിലെ സഹപാഠിയായിരുന്ന എൻ.എ.എബ്രാഹം ഭിന്ന തലങ്ങളിൽ തെന്നിമാറിയപ്പോഴും പിരിയാതെ നിന്ന ബന്ധം പിന്നീട് കൂട്ടുസംരംഭങ്ങളിലും തുടർന്നു.

കോൺഗ്രസ് രാഷ്ട്രീയത്തിലേയ്ക്ക് ഒ.റ്റി യെ കൈപിടിച്ചു നടത്തിയത് എക്കാലത്തെയും ആദർശാത്മക രാഷ്ട്രീയത്തിന്റെ ഉത്തമമാതൃകയായ പ്രൊഫ.കെ.എം ചാണ്ടിയാണ്. തന്റെ തത്വോപദേഷ്ടാവും



malankaralibrary.com

സുഹൃത്തും മാർഗ്ഗദർശിയുമായാണ് കെ.എം ചാണ്ടിയെ ഒ.റ്റി കാണുന്നത്. കെ.എം ചാണ്ടിയുടെ പൊതുപ്രവർത്തനത്തിൽ സഹചാരിയും സഹപ്രവർത്തകനും രാഷ്ട്രീയ ശിഷ്യനുമായിരുന്നു ഒ.റ്റി. തന്റെ ഏതു പ്രവർത്തനവും തത്ത്വാധിഷ്ഠിതമായിരിക്കണമെന്ന പ്രതിജ്ഞാബദ്ധത, രാജ്യത്തെ സമുന്നതനേതാക്കളിലൊരാളായ ചാണ്ടിയെ തികച്ചും വേറിട്ട ഒരാചാര്യനാക്കി. തിരുവിതാംകൂർ നിയമസഭാമെമ്പർ, വിവിധസംസ്ഥാനങ്ങളിൽ ഗവർണർ, കെ.പി.സി.സി പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിച്ച അദ്ദേഹം കെ.എസ്.യു, യൂത്ത് കോൺഗ്രസ്, INTUC പ്രസ്ഥാനങ്ങളുടെ സംഘടനാപരമായ രൂപീകരണത്തിൽ വഹിച്ച പങ്കാണ് കോൺഗ്രസിനെ ബഹുജനപ്രസ്ഥാനമാക്കിയത്. യൂത്ത് കോൺഗ്രസ്, കെ.എസ്.യു നേതാക്കൾക്ക് ആദർശത്തിന്റെ അടിത്തറയും ദിശാബോധവും നൽകിയതിന്റെ മുഖ്യ ഉത്തരവാദിത്വം പ്രൊഫ.ചാണ്ടിക്കായിരുന്നു എന്ന് അക്കാലത്തെ രാഷ്ട്രീയനേതാക്കൾ സമ്മതിക്കും. കേരളത്തിന്റെ ചരിത്രത്തിലെ എക്കാലത്തെയും ഉജ്ജ്വലരാഷ്ട്രീയമാതൃകകളെ വാർത്തെടുക്കുന്നതിൽ കെ.എം.ചാണ്ടിയ്ക്കു തുല്യം മറ്റാരുമില്ല. ആ നേതൃത്വത്തിന്റെ വാത്സല്യത്തിന്റെ കീഴിലാണ് ഒ.റ്റിയും പ്രവർത്തിച്ചത്. വ്യക്തിവിദ്വേഷവും സ്വാർത്ഥതാല്പര്യവും ഒട്ടുമില്ലാതിരുന്ന ചാണ്ടിസാറിന്റെ ആദർശപ്രതിബദ്ധതയും സത്യസന്ധതയും പൊതുസ്വകാര്യജീവിതത്തിലെ മൂല്യാധിഷ്ഠിതത്വവും തന്റെ ഉത്തമബോധ്യങ്ങൾക്കുവേണ്ടി പോരാടുന്നതിലുള്ള നിർഭയത്വവും ഒ.റ്റി യും പിന്തുടർന്നിട്ടുണ്ട്. ദീർഘസഹചാരിത്വം, ജീവിതത്തിന്റെ വിവിധമേഖലകളിൽ കർമ്മശുദ്ധിയോടെ നിന്ന ആ മഹാവ്യക്തിത്വത്തെ അടുത്തറിയാനുള്ള അസുലഭാവസരം നൽകി. കെ.എം.ചാണ്ടിയുടെ സഹോദരൻ പാലാ കെ.എം മാത്യു, ''വരിക വരിക സഹജരേ'' എന്ന കെ.എം ചാണ്ടിയുടെ ജീവിത മുഹൂർത്തങ്ങൾ സംക്ഷേപിച്ചെഴുതിയ ഗ്രന്ഥത്തിൽ, 'ജില്ലയിലെ പ്രധാനപ്പെട്ട മുൻകാലപ്രവർത്തകരിൽ ഒരാളും സ്മര്യപുരുഷന്റെ മിത്രവുമായ അഡ്വ.ഒ.റ്റി.വർഗീസ്'' നൽകിയ സംഭാവനകളെ ആമുഖത്തിൽ സ്മരിക്കുന്നുണ്ട്.

ഒ.റ്റിയുടെ സ്വന്തം ഭാഷയിൽ പറയുന്നു ''സുഹൃത്തുക്കളാണ് നമ്മുടെ ജീവിതത്തിന്റെ കോൺവെക്സ് (Convex) ലെൻസുകൾ. നമ്മെ നമുക്കുതന്നെ കാണിച്ചു തരുന്നത് അവരാണ്. ആത്മാർത്ഥസുഹൃത്തുക്കളാണ് പലപ്പോഴും മാർഗ്ഗഭ്രഷ്ടാക്കൾ; തുണ. എണ്ണമറ്റ സൗഹൃദങ്ങളുടെ നിധിപ്പുരയാണ് എന്റെ ജീവിതം''

ജീവിതത്തെ അർത്ഥംവയ്പിച്ച് കനം കൊടുത്തത് അദ്ദേഹത്തിന്റെ സൗഹൃദങ്ങളായിരുന്നുവെന്ന് തോന്നുന്നു.



malankaralibrary.com



മുൻമന്ത്രി വി.സി.ചാക്കോയോടൊപ്പം



സഹപാഠിയും, ഉറ്റസുഹൃത്തും, ബന്ധുവുമായ
ഷെവലിയാർ വി.ജോർജ്ജ് ഇരുമേടയോടൊപ്പം


malankaralibrary.com



സഹോദരൻ ഒ.റ്റി തോമസും കുടുംബവും



മാതാപിതാക്കളോടും സഹോദരങ്ങളോടുമൊപ്പം
പാലായിൽ താമസിക്കുമ്പോൾ


malankaralibrary.com

# അഖില കേരള ബാലജനസംഖ്യം

ശ്രീ പാലാ കെ. എം. മാത്യു മലയാള മനോരമയിൽ സഹപത്രാധിപരായി പ്രവർത്തിക്കുന്ന ഘട്ടത്തിൽ ബാലജനസംഖ്യത്തിന്റെ ചുമതലയും അദ്ദേഹത്തിനു കൈവന്നു. ബാലജനസംഖ്യത്തിന്റെ സാധ്യതകളും ദേശീയോദ്ഗ്രഥന പ്രയോജനങ്ങളും തിരിച്ചറിഞ്ഞ മനോരമ ഇതിനെ പ്രോത്സാഹിപ്പിച്ചു. യൂത്ത് കോൺഗ്രസ്സിലും സാമൂഹിക രംഗത്തും പ്രദർശിപ്പിച്ചിരുന്ന സംഘാടകശേഷിയും വാഗ്മിത്വവും നേതൃത്വഗുണങ്ങളും അധ്വാനങ്ങളുമെല്ലാം കണ്ടറിഞ്ഞിരുന്ന ശ്രീ പാലാ കെ. എം. മാത്യു, ഒ. റ്റി. യെ ബാലജനസംഖ്യത്തിന്റെ സംഘാടനത്തിൽ പങ്കുചേരാൻ ക്ഷണിച്ചു. കുട്ടികളെ ആദർശനിഷ്ഠരും വിവേകികളും ജ്ഞാനികളുമായി വളർത്തിയെടുക്കേണ്ട ആ കൃത്യത്തിന് സ്വയം സംസ്ക്കരിക്കേണ്ടതുണ്ടായിരുന്നു. നേതൃത്വയോഗ്യതകൾ, പ്രസംഗശേഷി, വ്യക്തിത്വവികസനം, സംഘടനാശേഷി, ലക്ഷ്യബോധം എന്നിവ സംബന്ധിച്ച് വളരെ പഠനങ്ങൾ നിർവ്വഹിച്ചു. മഹാത്മാഗാന്ധി മുതലായുള്ള സ്വതന്ത്ര്യ നേതാക്കന്മാരെക്കുറിച്ചും, നന്നായി പഠിച്ചു. കുട്ടികളെ നയിക്കുന്നത് വളരെ കരുതലോടെയായിരിക്കേണ്ടതെന്ന് മനസ്സിൽ ഉറപ്പിച്ചു. ബാലജനസംഖ്യത്തിലൂടെ സ്വയം വളരാനൊന്നുമില്ല. ഇളം തലമുറയെ ആദർശനിഷ്ഠരും ഉന്നതമാനസരുമായി വളർത്തിയെടുത്ത് രാജ്യക്ഷേമ തല്പരരാക്കുക എന്ന ലക്ഷ്യത്തിനായി സ്വയം സമർപ്പിക്കുകയായിരുന്നു അവിടെ ചെയ്യാനുണ്ടായിരുന്നത്. ജാതി-മത സമുദായ ചിന്തകൾക്കതീതമായ ഒരു മതേതര ചിന്തയും പരിശീലനവും നൽകുന്നതിലാണ് സഖ്യം പ്രാധാന്യം നൽകിയത്. എണ്ണമറ്റ ജാതിവർഗ്ഗഭേദങ്ങളോടുകൂടിയ നമ്മുടെ രാജ്യത്തെ അതിന്റെ വൈവിധ്യങ്ങളോടെ ഏകത്വം എന്ന ആശയധാരയിൽ ബന്ധിപ്പിക്കുക എന്നതാണ് രാജ്യത്തിനാവശ്യം. ഐക്യപൂർണ്ണമായ ഒരു സമൂഹമാകണം രാഷ്ട്രത്തിന്റെ അടിത്തറ. നൂറ്റാണ്ടുകളുടെ പാരമ്പര്യങ്ങളും അന്ധവിശ്വാസങ്ങളും തിരുത്തി ഒരു ജനതയെ ഒരു നവസമൂഹമാക്കണം. ഇത് ബാലതലമുറയിൽവേണം തുടങ്ങാൻ. തീവ്രശ്രമങ്ങളും പരിശീലനവും പ്രബോധനവും ദിശാബോധവും ആവശ്യമായ ഒരു മഹാലക്ഷ്യം.


malankaralibrary.com

ഈ ലക്ഷ്യത്തിൽ സഖ്യം ഏറെ മുന്നേറുകയും വളരെയധികം വിജയിക്കുകയും ചെയ്തു.

കോട്ടയം ജില്ലയുടെ രക്ഷാധികാരി എന്ന സ്ഥാനമാണ് ഒ. റ്റി. വഹിച്ചത്. നിരന്തരമായ വായനയിലൂടെയും മനനങ്ങളിലൂടെയും സമാർജിച്ച പരിണത ബുദ്ധിയോടെ നിരന്തരം ക്ലാസ്സുകൾ നയിച്ചു. സെമിനാറുകൾ നടത്തി. 1965-ലെ പാക്കിസ്ഥാൻ ആക്രമണഘട്ടത്തിൽ ബാലതലമുറയിൽ സ്വരാജ്യസ്നേഹവും അഭിമാനവും വിശാലചിന്തയും വളർത്തുന്നതിനുള്ള അവസരമാക്കിയെടുത്തു. അതിനുവേണ്ടി സഖ്യം പ്രതിരോധ സെമിനാറുകൾ നടത്തി. കുട്ടികളോടൊപ്പം മാതാപിതാക്കളെയും സെമിനാറുകളിൽ പങ്കെടുപ്പിച്ചു. വളരെ ആവേശപൂർണ്ണമായ പ്രതികരണമായിരുന്നു ഇത്തരം പ്രവർത്തനങ്ങൾക്ക് ലഭിച്ചത്.

സഖ്യം നടത്തിയ കാർഷിക സെമിനാറുകൾ കുട്ടികളിൽ കൃഷിയുടെ പ്രാധാന്യവും അനിവാര്യതയും സംബന്ധിച്ച ബോധവുമുണ്ടാക്കുന്നതിന് സഹായിച്ചു. സഖ്യം നടത്തിയ കലോത്സവങ്ങളാകട്ടെ വിദ്യാർത്ഥികളിൽ കലാഭിമുഖ്യം വളർത്തുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും വളരെ പങ്കുവഹിച്ചു. കലോത്സവ ക്യാമ്പുകൾ വികാരനിർഭരമായ ഒട്ടേറെ കലാപ്രദർശനങ്ങൾക്ക് കളമൊരുക്കി. ഈ ക്യാമ്പുകൾ കുട്ടികളും സഖ്യം രക്ഷാധികാരികളും അസുലഭമായ മഹോത്സവമെന്ന നിലയിലാണ് കണ്ടിരുന്നത്. എത്രയോ കലാപ്രതിഭകളെ കണ്ടെത്താനും വളർത്തിയെടുക്കാനും ഈ കലോത്സവങ്ങൾ സഹായിച്ചു. മറഞ്ഞുപോകുമായിരുന്ന കലാമുകുളങ്ങളെ കാന്തിയും മൂല്യവുമുള്ള പുഷ്പങ്ങളായ് വിടർത്തിയിട്ടുണ്ട്. നൃത്തമത്സരങ്ങൾ, ഗാനമേളകൾ, നിയമങ്ങളും ചട്ടങ്ങളും പാലിച്ചു നടത്തുന്ന, ഉന്നതനിലവാരത്തിലുള്ള മോക്ക് അസംബ്ലികൾ, പ്രസംഗമത്സരങ്ങൾ ഈടുറ്റ സ്റ്റഡിക്ലാസ്സുകൾ, സംസ്ഥാനത്തെ പ്രമുഖ നേതാക്കളുടെ സഹവാസം മറ്റ് കലാപരിപാടികൾ എല്ലാമെല്ലാം വാർഷികക്യാമ്പുകളെ പ്രഭാതം മുതൽ പാതിരാവരെ കർമ്മനിരതമാക്കിയിരുന്നു. സഹഭാവത്തിന്റെ അപൂർവ്വാനുഭവങ്ങളുമായിട്ടാണ് കുട്ടികൾ ക്യാമ്പുകൾ കഴിഞ്ഞ് യാത്ര ചോദിച്ചിരുന്നത്.

ബാലജനസംഖ്യത്തിന്റെ കൈപിടിച്ച് സ്വന്തം ആന്തരികശക്തിയെ വളർത്തിയെടുത്ത് ഉന്നതരായ എണ്ണമറ്റ നേതാക്കൾ കേരളത്തിലും പുറത്തും ഇന്ന് അഭിമാനപൂരിതമായ സ്ഥാനങ്ങൾ അലങ്കരിക്കുന്നു. ശ്രീ.വയലാർ രവി, ഉമ്മൻ ചാണ്ടി, എം.എം.ഹസ്സൻ, കെ. സി. ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ തുടങ്ങിയവർ അവരിൽ ചിലരാണ്.


malankaralibrary.com

# വിമോചന സമരം

സ്വാതന്ത്ര്യലബ്ദ്ധിക്കുശേഷം 1948-ൽ തിരുവിതാംകൂറിലെ ആദ്യത്തെ ജനകീയ മന്ത്രിസഭ പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ നിലവിൽ വന്നു. അതിനുശേഷം, തിരുവിതാംകൂറിലും തുടർന്ന് തിരുക്കൊച്ചിയിലും, 1957-ൽ കേരളത്തിലെ ആദ്യത്തെ പ്രായപൂർത്തിവോട്ടവകാശത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഒന്നാമത്തെ നിയമസഭവരെയുള്ള കാലഘട്ടം കോൺഗ്രസ് പാർട്ടിയിൽ ചേരിപ്പോരുകളുടെയും വർഗ്ഗീയ വടംവലികളുടെയും ചരിത്രം കൂടിയായിരുന്നു. പട്ടം താണുപിള്ള, പറവൂർ ടി. കെ. നാരായണപിള്ള, സി. കേശവൻ, ഏ. ജെ ജോൺ, പനമ്പിള്ളി ഗോവിന്ദമേനോൻ എന്നിവർ പ്രധാന മന്ത്രിമാരായി. 1948 ലും 1954ലുമായി രണ്ടു തവണ പട്ടം പ്രധാനമന്ത്രിയായി സ്ഥാനമേൽക്കുന്നുണ്ട്. 1957-ൽ അഖിലേന്ത്യാടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പു നടന്നു. ഈ തിരഞ്ഞെടുപ്പിൽ 126-ൽ 65 നിയമസഭാ സീറ്റുകൾ കമ്മ്യൂണിസ്റ്റ് പാർട്ടി കരസ്ഥമാക്കി, ഭൂരിപക്ഷം നേടി. ഏപ്രിൽ 5-ാം തീയതി ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ആദ്യത്തെ ജനകീയ ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നു. ലോകത്തിലാദ്യമായി കമ്മ്യൂണിസ്റ്റുകാർ ബാലറ്റുപെട്ടിയിലൂടെ അധികാരത്തിൽ ഏറുകയായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടി തിരഞ്ഞെടുപ്പിലൂടെ നേടിയ വിജയത്തെ ചരിത്രപ്രാധാന്യമുള്ള ഒരു സംഭവമായി ലോകം കണ്ടു. വിദേശീയവും ദേശീയവുമായ പത്രങ്ങൾ കമ്മ്യൂണിസ്റ്റ് അധികാരാരോഹണത്തെക്കുറിച്ച് ചർച്ച ചെയ്തപ്പോൾത്തന്നെ, ആപൽശങ്കകളും പല കോണുകളിൽ നിന്നും ഉയരുകയുണ്ടായി. കമ്മ്യൂണിസ്റ്റ് സ്റ്റേറ്റു ഗവൺമെന്റിന്റെ കൈയിൽ കേന്ദ്ര ഗവൺമെന്റിന്റെ താല്പര്യങ്ങൾ സുരക്ഷിതങ്ങളാകുകയില്ലെന്നും, കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ഏകാധിപത്യത്തിൽ എത്തിച്ചേരുമെന്നും അഭിപ്രായങ്ങൾ ഉണ്ടായി. കോൺഗ്രസ്സ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശ്രീമന്നാരായൺ, കമ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്നു ദിവസം തികയുന്നതിനു മുമ്പ് ഗവൺമെന്റിനെതിരെ സമരം തുടങ്ങാനുള്ള ആഹ്വാനം നടത്തി.


malankaralibrary.com

കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെതിരായി ഒട്ടേറെ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടു. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെക്കുറിച്ചും അതിനെതിരെ ഉയർത്തിക്കൊണ്ടുവന്ന ജനകീയ പ്രക്ഷോഭത്തെക്കുറിച്ചും ഒട്ടേറെ വിരുദ്ധാഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ട്. അനുകൂലമായും പ്രതികൂലമായും ഉണ്ടായ ഗ്രന്ഥങ്ങളുടെ ആധിക്യം തന്നെ ആ അധികാരാരോഹണവും പതനവും ചരിത്ര കുതുകികളുടെ ശ്രദ്ധയെ ആകർഷിച്ചുവെന്നതിന്റെ തെളിവാണ്.

കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ചില നടപടികളും പ്രഖ്യാപനങ്ങളും ആശങ്കകൾക്ക് കാരണമായി. രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കുക, മരണശിക്ഷയ്ക്ക് വിധേയരായി തടവിൽ കിടക്കുന്ന പ്രതികളുടെ ശിക്ഷ ഇളവു ചെയ്യുക മുതലായ പ്രവൃത്തികളും വിദേശ തോട്ടങ്ങളുടെ ദേശസാൽക്കരണവും അസാധ്യമാണെന്ന് കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ കേന്ദ്രം അറിയിക്കുകയും ഗവൺമെന്റ് ആ പരിപാടി ഉപേക്ഷിക്കുകയും ചെയ്തു. രാഷ്ട്രീയ തടവുകാർ എന്ന പേരിൽ റൗഡികളെയും കുറ്റവാളികളെയും തുറന്നുവിട്ടാൽ നിയമസമാധാനം അപകടത്തിലാകും എന്ന് കേന്ദ്ര ഗവൺമെന്റ് അഭിപ്രായപ്പെട്ടു. കേരളത്തിലെ സെൻട്രൽ ജയിലിൽ മരണശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ടു കിടന്നിരുന്ന മൂന്ന് പ്രതികളുടെ മരണശിക്ഷ ഒഴിവാക്കാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ ശുപാർശയോടും കേന്ദ്രത്തിന് അതൃപ്തിയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ കുടിയൊഴിപ്പിക്കൽ ഉത്തരവ് ഭൂവുടമകളെയും ജന്മിമാരെയും ക്ഷോഭിപ്പിച്ചു. ഗവൺമെന്റിന്റെ ഉത്തരവ് സ്വകാര്യസ്വത്തിന്മേലുള്ള കയ്യേറ്റമായി വ്യാഖ്യാനിക്കപ്പെട്ടു. തൊഴിൽത്തർക്കങ്ങളിൽ തൊഴിലാളികൾക്ക് അനുകൂലമായ നിലപാടും എതിർപ്പുളവാക്കി.

കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പകുതിയിലേറെയും നടത്തി വന്നത് പ്രൈവറ്റ് ഏജൻസികളാണ്; അവരിൽത്തന്നെ ഭൂരിഭാഗവും കത്തോലിക്കാ ഏജൻസികളുമായിരുന്നു. ക്രിസ്ത്യൻ മിഷണറിമാർ തുടങ്ങിവച്ച വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ തുടർച്ച എന്ന നിലയിലും സാമൂഹിക പുരോഗതിയ്ക്കുവേണ്ടിയുള്ള തങ്ങളുടെ ദൗത്യം എന്ന നിലയിലുമാണ് വിദ്യാഭ്യാസ പ്രവർത്തനത്തെ അവർ കണ്ടത്. ഗവൺമെന്റിന്റെ ഗ്രാന്റ് കർശന നിയന്ത്രണങ്ങളും ഉണ്ടായിരുന്നുവെങ്കിലും ഈ പ്രവർത്തനത്തിലൂടെ അവർ നേടിയെടുക്കുന്ന സാമൂഹിക മാന്യതയും മതദർശനങ്ങൾക്കുണ്ടാകുന്ന സ്വീകാര്യതയും കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന് കണ്ണിലെ കരടായി. വൈകാരികമായൊരു ആഭിമുഖ്യമായിരുന്നു കത്തോലിക്കാ മതനേതൃത്വത്തിന് വിദ്യാഭ്യാസ പ്രവർത്തനത്തോടുണ്ടായിരുന്നത്.


malankaralibrary.com

കർഷക ബന്ധബില്ലിനോടും വിദ്യാഭ്യാസ ബില്ലിനോടും കൂടിയാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന് എതിരായ വിമോചന സമരം യഥാർത്ഥത്തിൽ ആരംഭിക്കുന്നത്. വിവാദ വിഷയമായ വിദ്യാഭ്യാസ ബില്ല് 1957- സെപ്തംബർ രണ്ടാം തീയതി കേരള നിയമസഭ പാസ്സാക്കി. രാഷ്ട്രപതിയുടെ അനുമതിക്കുവേണ്ടി അയച്ചു കൊടുത്ത ബില്ലിലെ ചില വ്യവസ്ഥകൾ പ്രൈവറ്റ് ഏജൻസികളെ നിരുത്സാഹപ്പെടുത്തുന്നവയാണെന്ന് കേന്ദ്ര ആഭ്യന്തരവകുപ്പ് നിരീക്ഷിക്കുകയാൽ ബില്ല് സുപ്രീംകോടതിയുടെ അഭിപ്രായത്തിനായി റഫർ ചെയ്തു. സുപ്രീംകോടതിയുടെ ഒരു ഫുൾ ബഞ്ച് വിദ്യാഭ്യാസ ബില്ലിനെപ്പറ്റിയുള്ള വാദം കേട്ടു. കേന്ദ്രസർക്കാരിനുവേണ്ടി അറ്റോർണി ജനറൽ സെതൽവാദം കേരള ഗവൺമെന്റിനുവേണ്ടി ബ്രിട്ടനിലെ പ്രസിദ്ധ അഭിഭാഷകനായ ടി. എൻ. പ്രിറ്റും വാദം നടത്തി. മതന്യൂനപക്ഷങ്ങൾക്ക് സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള അവകാശം അലംഘനീയമാണെന്ന് സുപ്രീംകോതി വിധി പ്രസ്താവിച്ചു. വാസ്തവത്തിൽ വിദ്യാഭ്യാസ ബില്ലിനെതിരായ പ്രതിഷേധം ഇവിടെ അവസാനിക്കേണ്ടതായിരുന്നു; എന്നാൽ വിദ്യാഭ്യാസ പ്രശ്നം തുടരുകയാണുണ്ടായത്. കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് വിദ്യാഭ്യാസ നിയമം വഴി കത്തോലിക്കരുടെ മതസ്വാതന്ത്ര്യത്തിന്മേൽ കൈയ്യേറ്റം നടത്തുകയാണെന്നുള്ള വിചാരം കത്തോലിക്കരെ വിട്ടുമാറിയില്ല. ഈ ഘട്ടത്തിലാണ് ഭരണപരിഷ്ക്കരണ ബില്ല് നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടത്. ഇതോടെ കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രക്ഷോഭത്തിൽ കത്തോലിക്കരോടൊപ്പം നായന്മാരും പങ്കാളികളായി. ഇങ്ങനെ രണ്ടു പ്രബലവിഭാഗങ്ങളെ കമ്മ്യൂണിസ്റ്റിനെതിരായി അണി നിരത്താൻ സംസ്ഥാന ഗവൺമെന്റിന്റെ നിയമനിർമ്മാണ പരിപാടികൾ കാരണമായി.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അഖിലേന്ത്യാ പ്രസിഡന്റ് യു. എൻ. ധേബർ കമ്മ്യൂണിസ്റ്റ് ഭരണത്തോട് അനുകൂലനിലപാടല്ല സ്വീകരിച്ചിരുന്നത്. എന്നാൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന് സഹിഷ്ണുതാപരമായ സമീപനമായിരുന്നു. കേരളത്തിലെ കോൺഗ്രസ് നേതാക്കൾ കമ്മ്യൂണിസ്റ്റ് ഭരണത്തിലെ ഭരണഘടനാവിരുദ്ധ നടപടികളെ എതിർത്തു; വമോചനസമരത്തിൽ അണി ചേരുകയും ചെയ്തു. 1959-ൽ ജനുവരിയിൽ ഇന്ദിരാഗാന്ധി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റാകുകയും ആ വർഷം ഏപ്രിലിൽ ആർ ശങ്കർ കെ.പി.സി.സി. പ്രസിഡന്റാകുകയും ചെയ്തതോടെ കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രക്ഷോഭത്തിൽ കോൺഗ്രസ് വർദ്ധിത


malankaralibrary.com

വീര്യത്തോടെ പങ്കുചേർന്നു. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെക്കുറിച്ച് ആർ. ശങ്കർ പറഞ്ഞു "കേരളത്തിലെ കമ്മ്യൂണിസ്റ്റ് സർക്കാറിനെതിരെ ജനാധിപത്യകക്ഷികളുടെ പ്രക്ഷോഭണത്തിന്റെ ഊക്ക് വർദ്ധിപ്പിക്കുകയും അങ്ങനെ പൊതുജനാഭിപ്രായത്തിന്റെ ശക്തികൊണ്ട് രാജിവെച്ചൊഴിഞ്ഞു പോകാൻ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ നിർബന്ധിതമാക്കുകയും ചെയ്യും."

ആർ. ശങ്കർ, കെ.പി.സി.സി. നേതൃത്വം ഏറ്റെടുക്കുന്നതുവരെ ഒരു കക്ഷിയെന്ന നിലയിൽ കോൺഗ്രസ് വിമോചനസമരത്തിൽ പങ്കെടുത്തിരുന്നില്ല. ശങ്കർ, കമ്മ്യൂണിസ്റ്റ് വിരോധികളായ പി. എസ്. പി, ആർ. എസ്. പി. മുസ്ലീം ലീഗ് എന്നീ രാഷ്ട്രീയ കക്ഷികളെയും എൻ. എസ്. എസ്, കത്തോലിക്കാ കോൺഗ്രസ് കത്തോലിക്കാ മതാദ്ധ്യക്ഷന്മാർ എന്നീ സാമൂഹിക ശക്തികളെയും അണിനിരത്തി ഗവൺമെന്റിന് എതിരെ ഒരു പ്രസ്ഥാനം കെട്ടിപ്പടുത്തു. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ അതിനിശിതമായി വിമർശിച്ചുകൊണ്ട് ലഘുലേഖകളും പ്രസ്താവനകളും അച്ചടിച്ച് വിതരണം ചെയ്തു.

കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ വിദ്യാഭ്യാസ നിയമവും കർഷക ബന്ധബില്ലും പാടേ നിരസിക്കണമെന്ന് കത്തോലിക്കരും എൻ. എസ്. എസും ആവശ്യപ്പെട്ടു.

ആർ. ശങ്കർ ദൽഹിയിൽ കേന്ദ്രനേതാക്കളുമായി ബന്ധപ്പെടുകയും അവരുടെ പിന്തുണ നേടിയെടുക്കുവാൻ ശ്രമിക്കുകയും ചെയ്തു. അക്രമരഹിതമായ മാർഗ്ഗത്തിൽ സംസ്ഥാനവ്യാപകമായ പ്രക്ഷോഭം നടത്താനും അതിന്റെ ഭാഗമായി സംസ്ഥാനത്ത് എമ്പാടും സമ്മേളനങ്ങൾ നടത്താനും ഹർത്താൽ ആചരിക്കാനും കോൺഗ്രസ് പദ്ധതി തയ്യറാക്കി. സ്കൂളുകൾ ബഹിഷ്ക്കരിക്കാനും, കമ്മൂണിസ്റ്റ് ഗവൺമെന്റിനെ പിരിച്ചുവിട്ട് പുതിയ തെരഞ്ഞെടുപ്പ് നടത്തണമെന്നാവശ്യപ്പെട്ട് പ്രമേയങ്ങൾ പാസ്സാക്കി കേന്ദ്രഗവൺമെന്റിന് അയച്ചു കൊടുക്കാനും കെ.പി.സി.സി. ആഹ്വാനം ചെയ്തു. ശങ്കർ എല്ലാ പ്രതിപക്ഷ രാഷ്ട്രീയകക്ഷികളെയും എൻ. എസ്. എസ്, കത്തോലിക്കാ കോൺഗ്രസ് തുടങ്ങിയ സംഘടനകളുടെ പ്രതിനിധികളെയും ചേർത്ത് ഒരു സംയുക്ത സമരസമിതി സംഘടിപ്പിച്ചു. വിമോചന സമരം അനുദിനം ശക്തി പ്രാപിച്ചു.

അന്ന് പി. ടി. ചാക്കോയായിരുന്നു പ്രതിപക്ഷ നേതാവ്. തിരുവിതാംകൂർ നിയമസഭയിലും തിരുക്കൊച്ചി നിയമസഭയിലും പ്രവർത്തിച്ച പരിചയസമ്പന്നനായ, അദ്ദേഹത്തിന്റെ പ്രാഗത്ഭ്യത്തിന്റെ മുമ്പിൽ


malankaralibrary.com

ട്രഷറി ബഞ്ച് പലപ്പോഴും പതറിത്തരിച്ചു. ശ്രീ സി. അച്യുതമേനോൻ, 'എത്രയായാലും ടി.വി.യോ നമ്പൂതിരിപ്പാടോ, പട്ടം താണുപ്പിള്ളപോലുമോ പ്രതിപക്ഷത്ത് അത്രയും ശോഭിച്ചിട്ടില്ല' എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. 1938-ൽ നിയമലംഘനത്തിൽ പങ്കെടുത്തതിന് ആറുമാസം തടവുശിക്ഷയനുഭവിക്കുകയും 1945-ലെ സർ. സി. പി. യുടെ വിദ്യാഭ്യാസം ദേശസാൽക്കരിക്കാനും മതബോധനം നടത്തുന്ന പ്രാഥമിക വിദ്യാലയങ്ങൾക്ക് സർക്കാറിൽ നിന്നുള്ള സഹായധനം ചെയ്യുന്നതിനുമുള്ള നിയമത്തെ എതിർത്ത് നാടൊട്ടുക്ക് പ്രസംഗിച്ചതിനും പുസ്തകം പ്രസിദ്ധീകരിച്ചതിനും അറസ്റ്റു ചെയ്യപ്പെടുകയും ചെയ്തിരുന്ന ധീരോജ്ജ്വലമായ രാഷ്ട്രീയ ചരിത്രം അദ്ദേഹത്തിനുണ്ടായിരുന്നു. 1948-ൽ മീനച്ചിൽ മണ്ഡലത്തിൽ നിന്ന എതിരില്ലാതെ നിയമസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1949-ൽ ഭരണഘടനാ അസംബ്ലിയിലേയ്ക്കും 1952-ൽ മീനച്ചിൽ സീറ്റിൽ നിന്ന് ലോകസഭയിലേക്കും 1957-ൽ വാഴൂരിൽ നിന്നും അദ്ദേഹം തെരഞ്ഞടുക്കപ്പെട്ടു. പ്രതിപക്ഷത്തായിരുന്ന പി. എസ്. പി.യുടെ നിയമസഭാ കക്ഷി നേതാവ് ആജ്ഞാശക്തിയിലും, വാഗ്‌വിലാസത്തിലും തൻപോരിമയിലും, താരതമ്യം ഇല്ലാത്ത പട്ടം താണുപിള്ളയായിരുന്നു. ഇവരെ കൂടാതെ നാരായണക്കുറുപ്പ്, സി. എച്ച്. മുഹമ്മദുകോയ തുടങ്ങിയ കിടയറ്റ മെമ്പറുമാരാൽ സമ്പന്നമായിരുന്നു പ്രതിപക്ഷം. നിയമസഭയ്ക്കകത്തും പുറത്തും പ്രതിപക്ഷം സർക്കാരിനെതിരെ അധിശക്തമായ ആക്രമണമാണ് നടത്തിയത്.

കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ വിദ്യാഭ്യാസബില്ലിനെതിരെയായിരുന്നുവല്ലോ കത്തോലിക്കാസഭയുടെ എതിർപ്പ്. 1957 ജൂലൈ 7-ാം തീയതി വിദ്യാഭ്യാസബിൽ പ്രസിദ്ധപ്പെടുത്തി. അതിൻപ്രകാരം പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവുമാക്കി. വിദ്യാഭ്യാസ ചിലവു മുഴുവൻ സർക്കാർ വഹിക്കുന്നതായിരിക്കും. മാനേജർമാർ പിരിക്കുന്ന ഫീസ് മുഴുവൻ ഖജനാവിൽ അടയ്ക്കണം. അദ്ധ്യാപകർക്കുള്ള ശമ്പളം സർക്കാർ നേരിട്ടു നൽകും. പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകുന്ന ലിസ്റ്റിൽ നിന്നുവേണം മാനേജർ അദ്ധ്യാപകരെ നിയമിക്കാൻ. സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ എയ്ഡഡ് സ്കൂൾ അധ്യാപകർക്കും ബാധകമാക്കി. ഇങ്ങനെ, സ്വകാര്യ (പ്രത്യേകിച്ചും കത്തോലിക്കാ) വിദ്യാഭ്യാസ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതും അവരെ സംശയത്തിന്റെ നിഴലിൽ നിർത്തുന്നതുമായിരുന്നു ഈ ബിൽ. തങ്ങളുടെ ഒരു നിയോഗമെന്ന നിലയിൽ ത്യാഗപൂർണമായ പ്രവർത്തനത്തിലൂടെയായിരുന്നു ഓരോ



malankaralibrary.com

വിദ്യാഭ്യാസസ്ഥാപനവും പള്ളിയോടു ചേർന്നു തന്നെ പടുത്തുയർത്തിയിരുന്നത്. ആവശ്യം വന്നാൽ സ്ഥാപനം ഏറ്റെടുക്കാം എന്ന വ്യവസ്ഥ ബില്ലിൽ ഉണ്ടായിരുന്നത് ആപൽശങ്ക വർദ്ധിപ്പിച്ചു. വിദ്യാഭ്യാസ ബില്ലിനെ എതിർത്തുകൊണ്ട് ജൂലൈ 10, 11, 12, 14, 18 തീയതികളിലായി സുദീർഘമായ മുഖപ്രസംഗം 'ദീപിക' പ്രസിദ്ധീകരിച്ചു. തിരുവിതാംകൂർ രാഷ്ട്രീയത്തിലെ ഇതിഹാസപുരുഷനായ കുമ്പളത്തു ശങ്കുപ്പിള്ള വിദ്യാഭ്യാസ ബില്ലിനെതിരെ ശക്തമായി പ്രതികരിച്ചു. ബിഷപ്പ് മാർ ജോർജ് ആലപ്പാട്ടിന്റെ ആഹ്വാനപ്രകാരം ജൂലൈ പന്ത്രണ്ടിന് തൃശൂർ ടൗണിൽ ഹർത്താൽ ആചരിച്ചു. പാലാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ കൽപ്പന പ്രകാരം 13-ാം തീയതി പാലായിലും ഹർത്താലും കരിങ്കൊടി ജാഥയും പൊതുസമ്മേളവും നടന്നു. എറണാകുളത്തും കൊല്ലത്തും പ്രതിഷേധറാലികളും പൊതുസമ്മേളനങ്ങളും നടന്നു. ബില്ലിനോടുള്ള പ്രതിഷേധസൂചകമായി കത്തോലിക്കർ ജൂലൈ 21 പ്രാർത്ഥനാദിനമായി ആചരിച്ചു. കെ.പി.സി.സി.യും കെ.എസ്.പിയും ബില്ലിനെ ശക്തമായി എതിർത്തു. നിയമസഭയുടെ സെലക്ട് കമ്മറ്റി ബില്ലിനെക്കുറിച്ച് ആലുവായിൽ തെളിവെടുപ്പ് നടത്തിയപ്പോൾ കോട്ടയത്തുനിന്ന് അയ്യായിരത്തോളം പേർ തൊപ്പിപ്പാളയണിഞ്ഞ് തെളിവു കൊടുക്കാൻ വന്നു. ബില്ലിനെതിരെ ആഗസ്റ്റ് 26-ന് തിരുവനന്തപുരത്ത് പതിനായിരങ്ങൾ പങ്കെടുത്ത പ്രകടനം നടന്നു. തൊപ്പിപ്പാളയണിഞ്ഞ് കച്ചത്തോർത്തുടുത്ത് പുരുഷന്മാരും പരമ്പരാഗത ക്രിസ്ത്യൻ വേഷമണിഞ്ഞ് ധാരാളം സ്ത്രീകളും പ്രകടനത്തിൽ പങ്കെടുത്തത് അസാധാരണമായൊരു കാഴ്ചയായിരുന്നു. ഗാന്ധിയൻ സമരമാതൃകയിൽ അക്രമരഹിതമായ മാർഗ്ഗം സ്വീകരിച്ചു. എന്നാൽ തീവ്രമായ രോഷത്തോടുകൂടിയായിരുന്നു പ്രകടനം. തിരുവനന്തപുരം നഗരം നാടാകെ കാണുകയായിരുന്നു അത്തരമൊരു പ്രതിഷേധറാലി.

പാലാ കേന്ദ്രീകരിച്ച് ബില്ലിനെതിരെ ഉണ്ടായ പ്രതിഷേധസമരങ്ങളുടെ മുൻനിരയിലേക്ക് ഒ. റ്റി. വർഗീസ് നിയോഗിക്കപ്പെടുകയായിരുന്നു. കോട്ടയം ജില്ലാ കോൺഗ്രസ് കമ്മറ്റിയംഗമായിരുന്നു അന്ന് അദ്ദേഹം. നല്ല തലപ്പൊക്കവും ഉജ്ജ്വലമായ ശബ്ദഗാംഭീര്യവും, ഉയർന്ന വിദ്യാഭ്യാസയോഗ്യതയും വാക്പാടവവും അദ്ദേഹത്തെ പ്രതിഷേധസമരങ്ങളുടെ നേതൃത്വത്തിലേയ്ക്ക് ആനയിക്കുകയായിരുന്നു. കേരളത്തിന്റെ സാമൂഹിക പുരോഗതിയുടെ ഒരു പരിച്ഛേദമായി മീനച്ചിൽത്താലൂക്കിനെ കണക്കാക്കിയാൽ 1950-ൽ പാലാരൂപത സ്ഥാപിതമായിതനുശേഷം നിരന്തരവും വ്യാപകവുമായ വിദ്യാഭ്യാസ



malankaralibrary.com

യത്നങ്ങൾ നടത്തിയ പരിവർത്തനം സുവ്യക്തമായിരുന്നു. ജാതി മതങ്ങളുടെ വേലിക്കെട്ടുകൾ തകർന്നതും സാംസ്ക്കാരികമായും സാമ്പത്തികമായും ഈ നാട് ഉയർന്നുവരുന്നതും കണ്ടറിഞ്ഞയാളാ യിരുന്നു ഒ. റ്റി. വർഗ്ഗീസ്. മുണ്ട് മുറുക്കിയുടുത്ത് മിച്ചം പിടിച്ചും പിടി യരിപിരിച്ചും കായികാധ്വാനം കൊണ്ട് സഹായിച്ചുമായിരുന്നു ഇവി ടുത്തെ സ്കൂളുകൾ പടുത്തുയർത്തിയിരുന്നത്. അത് നഷ്ടപ്പെടുന്ന തിന്റെ ദിശാസൂചന ഉൾക്കൊള്ളുന്നതായിരുന്നു കമ്മ്യൂണിസ്റ്റ് സർക്കാ രിന്റെ വിദ്യാഭ്യാസ ബില്ല്.

വോട്ടെടുപ്പിലൂടെയുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അധികാരാരോ ഹണവും അതിനെതിരെ നടന്ന ബഹുജനപ്രക്ഷോഭവും ആ ഗവൺ മെന്റിനെ കേന്ദ്ര ഗവൺമെന്റ് പിരിച്ചു വിട്ടതും വിപുലമായ ചരിത്ര വായനകൾക്കും വിശകലനങ്ങൾക്കും വിധേയമായിട്ടുള്ളതാണ്.

ബഹുകക്ഷി പാർലമെന്ററി രീതിയെ അംഗീകരിച്ചുകൊണ്ടുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാടുമാറ്റം തന്നെ ആഗോള കമ്മ്യൂണിസ്റ്റ് നയങ്ങളിൽ നിന്നുള്ള വ്യതിചലനമായിരിന്നു. ഒരു സംസ്ഥാനത്തു മാത്രമുണ്ടായ അധികാരലബ്ധി കമ്മ്യൂണിസ്റ്റ് രാഷ്ട്ര നിർമ്മിതിക്കുള്ള സമ്മതപത്രമായി കണ്ടതും കമ്മ്യൂണിസ്റ്റ് റഷ്യയുടെയും ചൈനയു ടെയും ഭരണമാതൃകകൾ പെട്ടെന്ന് കൈവരുത്താം എന്ന വിഭ്രാന്തിയും പാർലമെന്ററി രീതിയിലുണ്ടായ പരിചയക്കുറവുമൊക്കെ ആ ഭരണത്തെ പരീക്ഷണാത്മകമാക്കി.

മീനച്ചിൽ ദേശത്തെ കമ്മ്യൂണിസ്റ്റ് സർക്കാരിനെതിരെയുണ്ടായ പ്രക്ഷോഭം ഏതാണ്ട് സർവ്വജനസമ്മതമായിരുന്നു. ആഢ്യന്മാരായ സവർണഹിന്ദുവിഭാഗത്തോട് പുലർത്തിയിരുന്ന ആദരവും ജാതിഭേദം കൂടാതെ നടത്തിയിരുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഈ ദേശ ങ്ങളിൽ കത്തോലിക്കാസഭയെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ അജാത ശത്രുവാക്കി മാറ്റിയിരുന്നു. ഈ പ്രദേശം മുഴുവൻ ഈ സമരപരി പാടികളിൽ ഭാഗഭാക്കായി എന്നു പറയാം. പള്ളികൾ തോറും നടത്തി യിരുന്ന പ്രചരണങ്ങളും ക്രിസ്റ്റഫർ സേനപോലുള്ള സംഘടിത കർമ്മസേനകളും പ്രദേശത്തെ സമരമുദ്രാവാക്യങ്ങൾകൊണ്ട് മുഖരി തമാക്കി. രുപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വയലിന്റെ ആശീർവാദ ത്തോടെ ഫാ. ജേക്കബ് മണ്ണനാലായിരുന്നു സമരസംഘാടകൻ. പ്രൊഫ. കെ. എം. ചാണ്ടി, കുരീപ്പുഴവക്കീൽ, ചെറിയാൻ കാപ്പൻ, സി. എം. മാത്യു തുടങ്ങിയവരോടൊപ്പം ഒ. റ്റി.യും സമരത്തിന്റെ നേതൃനിരയിൽ അണി നിരന്നു.


malankaralibrary.com

മൂന്നുമാസക്കാലം ഈ സമരനേതാക്കൾ അക്ഷരാർത്ഥത്തിൽ രാപകലില്ലാതെ സമരവേദിയിൽ ആയിരുന്നു. നൂറിലേറെ വേദികളെ ഒ. റ്റി. യുടെ തീപ്പൊരിപ്രസംഗം പ്രകമ്പനം കൊള്ളിച്ചു. ഏതാണ്ട് അൻപതിനായിരം പേർ പങ്കെടുത്ത വൈക്കത്തെ മഹാസമ്മേളനത്തിലെ അര മണിക്കൂറിലേറെ നീണ്ടു നിന്ന ഒ. റ്റി. യുടെ പ്രസംഗം ഒരു ചരിത്രസ്മരണ തന്നെയാണ്. ശ്രീ മന്നത്തു പത്മനാഭൻ അദ്ധ്യക്ഷനും റ്റി. ഒ. ബാവയെപ്പോലുള്ള കോൺഗ്രസിലെ അതിരഥന്മാർ പ്രസംഗകരുമായുണ്ടായിരുന്ന വേദിയിലായിരുന്നു ആ പ്രസംഗം.

നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റിനെ ജനകീയസമരങ്ങളുടെ സമ്മർദ്ദം കൊണ്ട് പുറത്താക്കുന്നതിന്റെ നിതീരാഹിത്യത്തെക്കുറിച്ച് പലരും പിന്നീട് വിമർശിക്കുന്നതായി കണ്ടിട്ടുണ്ട്. അങ്ങനെയുള്ളവർ തന്നെ ഇന്ദിരാഗാന്ധിയുടെ ഭരണത്തിനെതിരെ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭത്തെ അനുകൂലിക്കുന്നതായും കാണുന്നു. കമ്മ്യൂണിസ്റ്റ് ഭരണസങ്കല്പത്തെ ഇന്ത്യയുടെ ബഹുമത-ജാതി-സംസ്കാരപശ്ചാത്തലത്തിൽ അഭിസംബോധന ചെയ്യാൻ കഴിയാത്തതും സമവായത്തിൽ അധിഷ്ഠിതമായ ഒരു ഭരണസംവിധാനത്തെക്കുറിച്ച് മനസ്സിലാക്കാതിരുന്നതുമായിരുന്നു കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ പരാജയകാരണം. സ്വാതന്ത്രരുടെ പിന്തുണയോടെ മാത്രം കൈവന്ന ഭൂരിപക്ഷത്തെ വിനയത്തോടെയല്ല ധാർഷ്ട്യത്തോടെയാണ് കമ്മ്യൂണിസ്റ്റുകാർ സ്വീകരിച്ചത്. ''പാർലമെന്ററി പ്രതിപക്ഷങ്ങളെ സഹിഷ്ണുതയോടും സമചിത്തതയോടും കൂടി അഭിമുഖീകരിച്ചിട്ടുള്ള ഒരു ഭരണകക്ഷിയായി കമ്മ്യൂണിസ്റ്റ പാർട്ടി ലോകത്തിലെങ്ങും ഇന്നേവരെ അറിയപ്പെട്ടിട്ടില്ല. എതിർസ്ഥാനാർത്ഥികളില്ലാത്ത തെരഞ്ഞെടുപ്പുകളും 90 ശതമാനത്തിൽ കുറയാത്ത വോട്ടുകളും പ്രതിപക്ഷമില്ലാത്ത ഭരണവുമാണ് കമ്മ്യൂണിസ്റ്റ രാജ്യങ്ങളിലെ സാധാരണ പതിവ്. അവരുടെ ദൃഷ്ടിയിലൂടെ നോക്കുമ്പോൾ ആ അനുഗ്രഹീതമായ സാഹചര്യങ്ങളൊന്നും കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർക്ക് വിധിക്കപ്പെട്ടിട്ടില്ല. ഇവിടെയാകട്ടെ ജനാധിപത്യപ്രതിപക്ഷം സുശക്തമായി അവരുടെ മുമ്പിൽ അണിനിരന്നിരിക്കുന്നു. നിയമസഭയ്ക്ക് വെളിയിൽ ആയിരമായിരം കണ്ണുകൾ അവരുടെ നടപടികളെ സൂക്ഷിച്ചുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ ഈ ചുറ്റുപാടുകളിൽ നിന്ന് പല പുതിയ പാഠങ്ങളും അവർക്ക് പഠിക്കാൻ കഴിയും'' 1957 ഏപ്രിൽ 5-ാം തീയതി പുതിയ സർക്കാരിന് അഭിമുഖീകരിക്കേണ്ട സാഹചര്യത്തെക്കുറിച്ച് തിരുവനന്തപുരത്തു നിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'കേരള ജനത' പത്രം നൽകിയ മുന്നിറിയിപ്പായിരുന്നു



malankaralibrary.com

ഇത്. അർത്ഥവത്തായിരുന്നു ഈ മുന്നറിയിപ്പ്. എന്നാൽ പുതിയ പാഠങ്ങൾ പഠിക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്ക് കഴിഞ്ഞത് പിന്നെയും കുറെ കാലങ്ങൾ കഴിഞ്ഞിട്ടാണ്.

വിദ്യാഭ്യാസ ബില്ലിനും കാർഷികബന്ധബില്ലിനുമെതിരെ പ്രക്ഷോഭങ്ങൾ ശക്തമായതോടെ കമ്മ്യൂണിസ്റ്റ് പ്രതിരോധവും ശക്തമായി. ആലപ്പുഴയിലും വള്ളികുന്നത്തും വരന്തരപ്പള്ളിയിലും, മറ്റും വിരുദ്ധ പ്രക്ഷോഭകർ കൊല്ലപ്പെട്ടു. പ്രകടനങ്ങൾക്കു നേരെ ആക്രമണങ്ങൾ ഉണ്ടായി. ഇതേ കാലത്ത് ഭക്ഷ്യക്ഷാമം രൂക്ഷമായി. ഇതിനെതിരെ കോൺഗ്രസ് പ്രക്ഷോഭം ശക്തമാക്കി. ഭക്ഷ്യപ്രശ്നത്തിന് പരിഹാരമായി മക്രോണി എന്ന ഭക്ഷ്യവസ്തു അവതരിപ്പിച്ചത് പരിഹാസത്തിനു കാരണമായി. ആന്ധ്രയിൽ നിന്നുള്ള അരി ഇറക്കുമതിയിൽ അഴിമതി ആരോപിക്കപ്പെട്ടു. ഇതിനോടൊപ്പം വ്യാപകമായുണ്ടായ ഒരാക്ഷേപമായിരുന്നു കമ്മ്യൂണിസ്റ്റുകാരുടെ സെൽഭരണത്തെ സംബന്ധിച്ചുള്ളത്. കേരളമാകെ സമരമുഖരിതമായി പള്ളിക്കൂടങ്ങൾ അടഞ്ഞു. ബസ്സുകൾ ഓടാതായി. ഗവൺമെന്റാഫീസുകൾ പ്രവർത്തനരഹിതമായി. ചിലയിടങ്ങളിൽ വിമോചനസമരസമിതി ജൂലൈ അവസാനം അന്തിമ പരിപാടി പ്രഖ്യാപിച്ചു. വാളന്റിയർമാരും ജനസഹസ്രങ്ങളും സെക്രട്ടിറിയേറ്റിലേയ്ക്ക് മാർച്ച് ചെയ്ത് ഭരണം സ്തംഭിപ്പിക്കുകയെന്നതായിരുന്നു ആ പരിപാടി. സമരം കൊടുമ്പിരി കൊണ്ടു. ജൂലൈ 31-ാം തീയതി രാഷ്ട്രപതി ഗവൺമെന്റിനെ പിരിച്ചു വിട്ടു.

വിമോചന സമരത്തിന്റെ ന്യായന്യായങ്ങൾ പിന്നീട് പല കുറി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. തുടർന്നു വന്ന ഗവൺമെന്റുകൾ ഇതിന്റെ നിഴലും വെളിച്ചവും ഉൾക്കൊണ്ടവയാണ്. അടിയുറച്ച ഒരു കോൺഗ്രസുകാരൻ എന്ന നിലയിൽ ഒ. റ്റി. വർഗീസിന്റെ നിലപാട് കോൺഗ്രസ്സിന്റെ ഔദ്യോഗിക നിലപാടിനോട് ചേർന്നതായിരുന്നു. 1957 ജൂലൈ 14-ന് കോൺഗ്രസ് വിദ്യാഭ്യാസബില്ലിനെക്കുറിച്ച് പ്രമേയം പാസ്സാക്കി. പ്രൈവറ്റ് സ്കൂളദ്ധ്യാപകരുടെ നില മെച്ചപ്പെടുത്താൻ കോൺഗ്രസ് ഗവൺമെന്റ് നിരന്തരം യത്നിച്ചിട്ടുണ്ട്. അതു വിജയിക്കുകയും കോൺഗ്രസ് സ്വീകരിച്ച നടപടിയ്ക്ക് പൊതുജനങ്ങളുടെയും അദ്ധ്യാപകരുടെയും സമ്മതിയാർജിച്ചിട്ടുണ്ട്. ജോലി സ്ഥിരത. തുല്യജോലിയ്ക്ക് തുല്യവേതനം, പെൻഷൻ, പ്രോവിഡന്റ് ഫണ്ട് എന്നിവയെ സംബന്ധിച്ച് അദ്ധ്യാപകരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുതകിയ സുവ്യക്തമായ നിർദ്ദേശങ്ങൾ ഈ ബില്ലിൽ ഇല്ലാത്തതിനാൽ ഖേദിക്കുന്നു. നോട്ടീസു കൊടുക്കാതെയും



malankaralibrary.com


കാരണം പറയാതെയും സ്കൂളിന്റെ മാനേജ്മെന്റ് ഏറ്റെടുക്കുവാൻ വ്യവസ്ഥ ചെയ്യുന്ന 16 (2) വകുപ്പ് സാമാന്യരീതിയ്ക്ക് കടകവിരുദ്ധവും സ്വേച്ഛാധിപത്യപരവുമാണ്... ഈ ബില്ല് ദുരുപദിഷ്ടവും സർവ്വാധിപത്യപരവും പട്ടാളച്ചിട്ട കൊണ്ടുവരാൻ കരുതിക്കൂട്ടിയുള്ളതുമാണെന്ന് ഞങ്ങൾ കരുതുന്നു.'' ഈ ബില്ലിനെപ്പറ്റി കോൺഗ്രസിന്റെ നിലപാടെന്താണെന്നും ബില്ലിന്റെ ആപൽക്കരങ്ങളായ പ്രവണതകളെ വിശദീകരിച്ചുകൊടുക്കാനുമുള്ള ഉത്തരവാദിത്വമാണ് ഒ. റ്റി. വർഗീസ് ഏറ്റെടുത്തത്. വ്യക്തിപരമായി കത്തോലിക്കാസഭയിൽ നിന്നും അദ്ദേഹം എന്തെങ്കിലും നേടുകയോ സഭയുടെ ഇഷ്ടപുത്രനായി പിന്നീടു കരുതപ്പെടുകയോ ചെയ്തിട്ടില്ല.

കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ പിരിച്ചുവിടലിനുശേഷം അദ്ദേഹം കോൺഗ്രസ് പ്രവർത്തനത്തിൽ വ്യാപൃതനായി. അക്കാലത്ത് സുസംഘടിതമായ ഒരു സംഘടനാരീതി നിലവിലുണ്ടായിരുന്നില്ലെന്നതാണ് സത്യം. വിദ്യാസമ്പന്നരും ദേശസ്നേഹികളുമായ ആളുകളുടെ ഒരു കൂട്ടത്തിന്റെ സ്വഭാവമായിരുന്നു കോൺഗ്രസിന്. അംഗത്വ സ്വീകരണം, കമ്മറ്റി രൂപീകരണം, മിനിറ്റ്സ്, അജൻഡ തുടങ്ങിയ രീതികളൊക്കെ കോൺഗ്രസിന് അന്യമായിരുന്നു. കൃത്യമായ നിയമാവലിയോ അഥവാ ഉണ്ടെങ്കിൽത്തന്നെ അതിന്റെ പിന്തുടരലോ ഉണ്ടാകാറില്ല. എങ്കിലും അദ്ദേഹം കോൺഗ്രസ് ജില്ലാ കമ്മറ്റിയംഗമായി നിയോഗിക്കപ്പെട്ടു.




Be industrious......
VARGHESE O. T.

വേദികളിലെ കരുത്തുറ്റ ശബ്ദം


...ിച്ച പ്രതിഷേധമഹായോഗം

...1959 ...ള്ളിയാഴ്ച പകൽ 5 മണിക്ക്
അദ്ധ്യക്ഷൻ: സർവ്വശ്രീ.
M. P. ഗോവിന്ദൻ നായർ B. A., B. L.
പ്രാസംഗികർ:-
ശ്രീമാന്മാരായ P. C. ചെറിയാൻ M. A., B. L.,
K. M. മാത്യു M. A., B. L., K. T. തോമസ് B. A., B. L.,
O. T. വർഗീസ് M. A., B. L., പാലാ. തിരുവാർപ്പ്


കോൺഗ്രസ് സമ്മേളനം
K. M. മാണി B. A. B. L.



malankaralibrary.com

# കോൺഗ്രസിൽ ഉദാസീനനാകുന്നു.

വിമോചനസമരത്തിന്റെ വിജയത്തിൽ താൻ വഹിച്ച പങ്കിൽ ഒ.റ്റി ആഹ്ലാദിക്കുകയും അഭിമാനം കൊള്ളുകയും ചെയ്തുവെങ്കിലും തുടർന്നുള്ള കോൺ.പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം ഉൽക്കണ്ഠാകുലനായിരുന്നു. വരാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള ചർച്ചകളിൽ വ്യാപൃതനായി. ചെറിയാൻ കാപ്പൻ, കെ.എം.ചാണ്ടി, സി.എം മാത്യു (പിന്നീട് തൊടുപുഴ എം.എൽ.എ) തുടങ്ങിയവരായിരുന്നു കോട്ടയം ജില്ലയിലെ പ്രമുഖനേതാക്കൾ. തിരഞ്ഞെടുപ്പുഫലം ഒരിക്കലും പ്രതികുലമാകരുതെന്ന് അവർ നിശ്ചയിച്ചു. കോൺഗ്രസ്, പി.എസ്.പി, മുസ്ലീംലീഗ് എന്നിവർ സഖ്യകക്ഷികളായി മത്സരിക്കുവാൻ തീരുമാനിച്ചു. ആർ.എസ്.പിയുമായി സഖ്യമുണ്ടാക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. 1960- ജനുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സഖ്യം വൻവിജയം നേടി. കോൺഗ്രസിന് ഒറ്റയ്ക്കു ഭരിക്കുവാനുള്ള ഭൂരിപക്ഷം ലഭിച്ചുവെങ്കിലും മുന്നണിമര്യാദ കൈവിടാൻ കോൺഗ്രസ് തയ്യാറായില്ല. അക്കാലത്ത് കോൺഗ്രസിൽ സഹജമായിരുന്ന അധികാരത്തർക്കവും വിഭാഗീയതയും ന്യൂനപക്ഷ കക്ഷിയുടെ നേതാവായ പട്ടം താണുപിള്ളയെ മുഖ്യമന്ത്രിയാക്കുന്നതിലാണ് കലാശിച്ചത്. എന്നാൽ ഭരണം ആരംഭിച്ചതോടെ മുന്നണിയിൽ ആഭ്യന്തരകലാപവും ആരംഭിച്ചു. ഡപ്യൂട്ടി മുഖ്യമന്ത്രിയായിരുന്ന ആർ.ശങ്കറിനെ പട്ടം അവഗണിച്ചുകൊണ്ട് തന്നിഷ്ടംപോലെ കാര്യങ്ങൾ നടത്തിത്തുടങ്ങി. ഏതാണ്ടൊരു ഏകാധിപതിയുടെ മട്ടിലായിരുന്നു പട്ടം താണുപിള്ളയുടെ ഭരണം. 1961-ലെ കെ.പി.സി.സി തെരഞ്ഞെടുപ്പിൽ രണ്ടു പ്രബലമായ ഗ്രൂപ്പുകളുണ്ടായിരുന്നു. പി.ടി ചാക്കോയുടെയും സി.കെ ഗോവിന്ദൻനായരുടെയും, പിന്നീട് സി.കെ.ഗോവിന്ദൻനായർ (സി.കെ.ജി) കെ.പി.സി.സി പ്രസിഡന്റായി. ആദർശനിഷ്ഠമായിരുന്ന രാഷ്ട്രീയ നിലപാടുകൾ സ്വീകരിച്ചിരുന്ന സി.കെ.ജി യോടായിരുന്നു ഒ.റ്റി യ്ക്ക് ആഭിമുഖ്യം.

കൂട്ടുമന്ത്രിസഭാ പ്രവർത്തനത്തിലെ കുഴപ്പങ്ങളും കോൺ.ലെ തന്നെ ഗ്രൂപ്പു വഴക്കുകളും കൊണ്ട് പട്ടത്തിന് രാജിവയ്ക്കേണ്ടിവന്നു.


malankaralibrary.com

1962-സെപ്റ്റംബറിൽ പട്ടം രാജിവയ്ക്കുകയും ആർ.ശങ്കർ മുഖ്യ മന്ത്രിയാകുകയും ചെയ്തു.

ആർ.ശങ്കറിന്റെ വളരെയടുത്ത സുഹൃത്തായിരുന്നു ഒ.റ്റി. വിമോചനസമരത്തിലെ സഹകരിച്ചുള്ള പ്രവർത്തനങ്ങളും നിലപാടുകളിലെ അടുപ്പവും സ്വഭാവരീതികളുമെല്ലാം ഇവരെ ഉറ്റസുഹൃത്തുക്കളാക്കി. ഡപ്യൂട്ടി മുഖ്യമന്ത്രിയായും മുഖ്യമന്ത്രിയായും ഭരണം നടത്തിയിരുന്നപ്പോഴെല്ലാം നിരന്തരസഹവർത്തിത്വം പുലർത്തുകയും ആശയസംവാദങ്ങൾ നടത്തുകയും ചെയ്തിരുന്നു. മുഖ്യമായും കൈകാര്യം ചെയ്തത് ധനകാര്യവകുപ്പും പിന്നീട് വിദ്യാഭ്യാസവകുപ്പും, അല്പകാലത്തേക്ക് ആഭ്യന്തരവകുപ്പുമായിരുന്നു.

ഇതിനിടെ മുഖ്യമന്ത്രി ആർ.ശങ്കറും ആഭ്യന്തരമന്ത്രി പി.റ്റി. ചാക്കോയും തമ്മിൽ അഭിപ്രായഭിന്നത രൂപപ്പെട്ടു. അത് ചില നിർഭാഗ്യകരമായ പരിണാമങ്ങളിലേയ്ക്ക് വികസിക്കുകയും ചെയ്തു. അധികാരത്തെ തങ്ങളുടെ വരുതിയിലാക്കാൻ ആഗ്രഹിച്ച ചില വർഗ്ഗീയവിഭാഗങ്ങളുടെ ഒളിപ്രവർത്തനം ഈ ഭിന്നതയ്ക്കു പിന്നിലുണ്ടായിരുന്നു. ശങ്കറിനോടുള്ള കറയറ്റ വിശ്വാസവും രാഷ്ട്രീയ നീതിനിഷ്ഠയും കാരണം ഒ.റ്റി ശങ്കറിനോടൊപ്പം നിലകൊണ്ടു. 1964-ൽ അപ്രതീക്ഷിതമായി പി.റ്റി.ചോക്കോ മരിച്ചതോടെ ഈ ഭിന്നത മറനീക്കി പുറത്തെത്തിക്കുവാൻ ചാക്കോയുടെ അനുയായികൾ തുനിഞ്ഞു. അത് കേരളാ കോൺഗ്രസ് എന്ന ഒരു പുതിയ പാർട്ടിയുടെ ആവിർഭാവത്തിനു കാരണമായി.

ശങ്കർ, ചാക്കോ അഭിപ്രായഭിന്നതയുടെ കാലത്തുനടന്ന കോൺ.ന്റെ ജില്ലാ കമ്മറ്റിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ അദ്ദേഹം കെ.എം. മാണിയോട് പരാജയപ്പെടുകയും ചെയ്തിരുന്നു.

സംശുദ്ധവും ആഭിജാതവുമായ രാഷ്ട്രീയപ്രവർത്തനം, അധികാരത്തിന്റെ സൗകര്യങ്ങളും ജനപ്രിയതയിലും വശംവദരായ ചിലർ ചില അനഭിലക്ഷണീയമായ തന്ത്രങ്ങളിലൂടെ കയ്യടക്കാൻ ശ്രമിച്ചപ്പോൾ ഒ.റ്റി യെ പോലുള്ളവർക്ക് അവിടെ പിടിച്ചു നിൽക്കാൻ വയ്യാതെയായി. കോട്ടയം ഡി.സി.സി യിലേയ്ക്കുള്ള പരാജയം 'ഉർവ്വശീശാപം ഉപകാരം പോലെ'യായി. മുൻപുതന്നെ പിതാവ്, പ്രത്യക്ഷത്തിൽ പ്രയോജനമൊന്നും കൈവരുത്താത്ത ഈ രാഷ്ട്രീയപ്രവർത്തനത്തിൽ അനിഷ്ടം കാണിച്ചിരുന്നു. വീട്ടിലെ മൂത്തയാൾ; ഇളയവരൊക്കെ പഠിക്കുന്നു; നല്ല വിദ്യാഭ്യാസം നേടുകയും ആഗ്രഹിക്കുന്ന ജോലി ലഭിക്കുകയും ചെയ്യാവുന്ന സാഹചര്യം രാഷ്ട്രീയത്തിൽ




malankaralibrary.com

കളയുന്നതിൽ അസ്വസ്ഥനായിരുന്നു. പിതാവിന്റെ ഇഷ്ടപ്രകാരം കുടുംബ ബിസിനസ്സായ ഒ.വി.തോമസ് കമ്പനിയിൽ കൂടുതൽ ശ്രദ്ധിക്കുവാനും അതോടൊപ്പം ഒ.റ്റി യുടെ ഉന്നതവിദ്യാഭ്യാസ മേഖല യായ അഭിഭാഷകവൃത്തിയിൽ പ്രവേശിക്കുവാൻ ഈ അവസരം തന്നെ യുക്തം എന്നദ്ദേഹം തീരുമാനിച്ചു.

കൊട്ടുകാപ്പള്ളി ജോർജ് ജോസഫ് എം.പി യുടെ പ്ലാന്റേഷനു കളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും ലീഗൽ അഡ്വൈസർ എന്ന നിലയിൽ ഏറെക്കാലം പ്രവർത്തിച്ചു. നിയമത്തിലും ടാക്സ് കാര്യങ്ങളിലും ഒരേപോലെ പരിജ്ഞാനമുള്ള ഒ.റ്റി യുടെ സഹകരണം അദ്ദേഹത്തിന് വലിയ സഹായമായിരുന്നു. രാഷ്ട്രീയനേതാവും ധനാ ഢ്യനും ഉദാരശീലനും സഹൃദയനുമായിരുന്നു കൊട്ടുകാപ്പള്ളി.

കേരളത്തിലെ വാണിജ്യരംഗത്തും പ്ലാന്റേഷനിലും ഹോട്ടൽ ബിസി നസിലും ഒരുപോലെ വിരാജിച്ചയാളായിരുന്നു മണർകാട് പാപ്പൻ എന്ന മൈക്കിൾ ജോസഫ്. അദ്ദേഹം മാർഗ്ഗദർശകനും ഉപദേശകനും സുഹൃത്തുമായി കണ്ടെത്തിയ ആളായിരുന്നു ഒ.റ്റി. വിദ്യാസമ്പന്ന രോടും കലാകായികപ്രതിഭകളോടും മണർകാട് പാപ്പനുണ്ടായിരുന്ന ആദരം ഒന്നു പ്രത്യേകമാണ്. വളരെ തുറന്നതും പരസ്പരാദരത്തോടു കൂടിയതുമായിരുന്നു ആ സഹവർത്തിത്വം. അദ്ദേഹത്തിന്റെ എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും വാതിലുകൾ ഒ.റ്റി യ്ക്കു മുമ്പിൽ എന്നും തുറന്നുതന്നെ കിടന്നിരുന്നു. സ്വതേ സുഹൃദ്ജനസല്ലാപത്തിൽ തല്പരനായിരുന്ന ഒ.റ്റി യ്ക്ക് ആ ബന്ധം വളരെ നല്ല നാളുകളെ സമ്മാനിച്ചു. മണർകാട്ട് പ്ലാന്റേഷൻ തേയില, കാപ്പിതോട്ടങ്ങളും മറ്റു വ്യവസായ സ്ഥാപനങ്ങളുമായി വിപുലമായ ഒരു വ്യവസായ ശൃംഖല അദ്ദേഹത്തിനുണ്ടായിരുന്നു. കോട്ടയം ഡി.സി.സി. ട്രഷററായും, മികച്ച സ്പോർട്സ് പ്രോത്സാഹകനായും ഉദാരനായ ദാനധർമ്മി എന്ന നില യിലുമൊക്കെയുള്ള മണർകാട് പാപ്പന്റെ പ്രവർത്തനങ്ങൾ എന്നും സ്മരണീയമാണ്.





malankaralibrary.com

# ബിസിനസ് ജീവിതം

ഉന്നതവിദ്യാഭ്യാസത്തിനു ശേഷം രാഷ്ട്രീയ സാമൂഹിക മേഖലകളിൽ സജീവമായി പ്രവർത്തിക്കാനായിരുന്നു ചെറുപ്പക്കാരനായ ഒ.റ്റിയുടെ താല്പര്യം. പക്ഷെ കുടുംബ ബിസ്സിനസ് ആയ ഒ.വി തോമസ് കമ്പനി എന്ന സ്ഥാപനം വിപുലപ്പെടുത്തി നടത്തിക്കൊണ്ടുപോകേണ്ട ആവശ്യവും മൂത്തമകനായ ഒ.റ്റി യിൽ നിന്നും സ്വന്തം പിതാവ് പ്രതീക്ഷിച്ചിരുന്നു. പിതാവിന്റെ ആഗ്രഹമനുസരിച്ച് ശ്രീ ഒ.റ്റി ബിസിനസ് മേഖലയിലേക്ക് പ്രവേശിച്ചു. ആ കാലത്ത് കിഴക്കൻ മേഖലയിൽ മലഞ്ചരക്ക് വ്യാപാരത്തിൽ ഉണ്ടായ വളർച്ച പിന്നീട് ഒ.വി തോമസ് കമ്പനി വളർന്ന് പാലാ മർക്കന്റയിൽ കമ്പനി ലിമിറ്റട് എന്ന പേരിൽ ഒരു ലിമിറ്റട് കമ്പനിയായി രൂപാന്തരപ്പെട്ടു. തിരുവിതാംകൂറിലെ മലഞ്ചരക്കു വ്യാപാരമേഖലയിലെ ആദ്യകാല ലിമിറ്റട് കമ്പനികളിലൊന്നായ പാലാ മർക്കന്റയിൽ കമ്പനി എന്ന സ്ഥാപനം പാലായിലും ആലപ്പുഴയിലുമായി കുരുമുളക്, റബർ, പുൽതൈലം എന്നിവയുടെ വ്യാപാരത്തിൽ മുന്നിട്ട് നിന്നിരുന്നു. അന്നത്തെ പ്രമുഖ ഇംഗ്ലീഷ് കയറ്റുമതി സ്ഥാപനങ്ങളായ ആസ്പിൻ വാൾ, പിയേഴ്സ് ലെസ്ലി, ടാറാസ് മെയിൻ എന്നീ സ്ഥാപനങ്ങളുമായി പാലാ മർക്കന്റയിൽ കമ്പനിയ്ക്ക് ഉള്ള വ്യാപാരബന്ധങ്ങൾ വളരെ ദൃഢമായിരുന്നു.

കേരളപിറവിക്കു ശേഷം ആലപ്പുഴയെ പിൻതള്ളി കയറ്റുമതി ബിസിനസിന്റെ സിരാകേന്ദ്രമായി കൊച്ചി അതിവേഗം വളർന്നു. ബിസിനസിൽ കൂടുതൽ ശ്രദ്ധീകരിക്കാൻ 1961 ൽ ഒ.റ്റി കുടുംബസമേതം എറണാകുളത്തേക്ക് താമസമായി. എങ്കിലും പാലായുമായിട്ടുള്ള അഭേദ്യബന്ധം എപ്പോഴും നിലനിർത്തി. സമകാലീനരായ പല ബിസിനസ്സുകാരും ഒ.റ്റി യെപ്പോലെ ആ സമയത്ത് എറണാകുളം കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്നു. അത് ഒരു നല്ല സുഹൃദ്വലയം വികസിപ്പിക്കുവാൻ ഒ.റ്റിയ്ക്ക് സാധിച്ചു. കയറ്റുമതി ബിസിനസിന്റെ പല ഔദ്യോഗിക സ്ഥാനങ്ങളും ഒ.റ്റി യെ തേടിയെത്തി.

അങ്ങനെയിരിക്കെയാണ് കോളപ്പാത്ത് തൊമ്മിക്കുഞ്ഞിന്റെ ഉടമസ്ഥതയിലുള്ള എറണാകുളം വില്ലിംങ്ടൺ ഐലന്റിലെ പ്രസിദ്ധമായ മലബാർ ഹോട്ടലിന്റെ മാനേജരായി ആത്മമിത്രം എൻ.എ.എബ്രാഹം


malankaralibrary.com


ചാർജെടുക്കുന്നത്. കേരളത്തിലെ പ്രസിദ്ധരായ രാഷ്ട്രീയക്കാരുടെ സങ്കേതവും രാഷ്ട്രീയ കരുനീക്കങ്ങളുടെ ഇടവുമായിരുന്നു അക്കാലത്ത് മലബാർ ഹോട്ടൽ. അത്യാധുനിക സുഖസജ്ജീകരണങ്ങളോടുകൂടിയ മലബാർ ഹോട്ടൽ വിദേശസഞ്ചാരികളുടെയും ബിസ്സിനസ്സുകാരുടെയും ഒത്തുചേരൽ സ്ഥലമായിരുന്നു. വാക്ചാതുരിയും ബുദ്ധിവൈഭവും കൊണ്ട് അനുഗൃഹീതനായ ഒ.റ്റി.വർഗ്ഗീസ് അവരുടെയെല്ലാവരുടെയും സ്നേഹവലയത്തിലായി. വിദേശികളുമായുണ്ടായ സമ്പർക്കത്തിൽ നിന്നാണ് ഈട്ടിത്തടി കയറ്റുമതിയുടെ സാധ്യതകൾ മനസ്സിലാക്കിയത്. ഈട്ടിത്തടിയ്ക്ക് വിദേശത്തുള്ള ഡിമാന്റ് മനസ്സിലാക്കിയ ഒ.റ്റി, എൻ.എ.എബ്രാഹാമിനെയും പാലാ കെ.എം മാത്യുവിനെയും സഹകരിപ്പിച്ച് ഈട്ടിത്തടി കയറ്റുമതിയ്ക്കു വേണ്ടി ഇന്റർകോണ്ടിനന്റൽ ഇന്റസ്ട്രീസ് എന്ന ഒരു കയറ്റുമതി സ്ഥാപനം രൂപീകരിച്ചു. കൊട്ടുകാപ്പള്ളിയുടെ തോട്ടത്തിൽ നിന്ന് വെട്ടിയ കുറെയേറെ ഈട്ടിത്തടികൾ കയറ്റുമതി ചെയ്യാനുള്ള ശ്രമം വിജയം കണ്ടു.

ആയിടെ കുറെ നീലേശ്വരംകാർ മലയാറ്റൂർ കൂപ്പെടുത്ത് ഈട്ടിത്തടി വെട്ടി, കയറ്റിയയക്കാൻ ശ്രമിച്ചിരുന്നു. മലബാർ ഹോട്ടലിന്റെ സൈഡിൽ തടിയിടാനുള്ള സൗകര്യമൊരുക്കി ഒ.റ്റി അവരുടെ സൗഹൃദം തേടി. പെരുമ്പാവൂരിനടുത്ത് മൂടിക്കൽ എന്ന സ്ഥലത്ത് ഈട്ടിത്തടിയുടെ ലഭ്യതയുണ്ടെന്നറിഞ്ഞ് അതും തരപ്പെടുത്തി. ഇറ്റലി, ജപ്പാൻ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കും ഈട്ടിത്തടി വ്യാപകമായി കയറ്റുമതിചെയ്തു. തിരക്കേറിയ ഒരു ജീവിതഘട്ടമായിരുന്നു അക്കാലത്തേത്. കയറ്റുമതിയും സാമ്പത്തികക്രമീകരണങ്ങളും വിദേശയാത്രകളും കൊണ്ട് അക്കാലം ചലനാത്മകമായിരുന്നു.

മലബാറിലെ സ്വകാര്യ വനങ്ങൾ, സ്വകാര്യവ്യക്തികളുടെ പറമ്പുകൾ, ഇടുക്കിയിലെ ഈട്ടിത്തടി കേന്ദ്രങ്ങൾ എല്ലാം കയറിയിറങ്ങി സഞ്ചരിച്ചു. പക്ഷേ അപ്രതീക്ഷിതമായി ഈട്ടിത്തടി കയറ്റുമതി കേന്ദ്രഗവൺമെന്റ് നിരോധിച്ചപ്പോൾ ബിസിനസ് മന്ദഗതിയിലേക്ക് നീങ്ങി.

ജീവിതത്തിലെ ഏറ്റവും കഠോരമായ പ്രയത്നഘട്ടമായിരുന്നു ബിസിനസ് കാലം എന്നുതോന്നുന്നു. എങ്കിലും എറണാകുളം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന മുൻകാല ബിസിനസുകളിൽ ശ്രീ ഒ.റ്റി വർഗ്ഗീസ് പല നേതൃസ്ഥാനങ്ങളും വഹിച്ച് മറക്കാനാവാത്ത വ്യക്തിമുദ്ര പതിപ്പിച്ചു. അദ്ദേഹത്തിന്റെ കൂടെ പ്രവർത്തിച്ചിരുന്ന പലരും ഇന്ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞെങ്കിലും പിൻതലമുറയിലെ പലരും ഇന്നും ശ്രീ.ഒ.റ്റി.വർഗ്ഗീസിനെ പിതൃസ്ഥാനത്ത് നിർത്തി തങ്ങളുടെ ബിസിനസ് മേഖലകളിൽ സ്മരിക്കുന്നു.


malankaralibrary.com


J M J

O. V. THOMAS & Co.,

Dealers in Rubber, Tea, & Export Rights, Palai.

LEDGER FOR THE YEAR 1943.



ശ്രീ എൻ.എ.എബ്രഹാമും സുഹൃത്തുക്കളുമൊപ്പം



അഡ്വ.ആർ.ജി.ഡയസും മറ്റു അഭിഭാഷക സുഹൃത്തുക്കളും



malankaralibrary.com

# വിവാഹവും കുടുംബജീവിതവും

നാട്ടിൽ പ്രമാണിയും വ്യാപാരപ്രമുഖനുമായിരുന്ന പിതാവ് ശ്രീ ഒ.വി തോമസ് (ഒഴുകയിൽ കുഞ്ഞ്), വിദ്യാസമ്പന്നനും വള്ളിച്ചിറ എന്ന ഗ്രാമത്തിൽ നിന്നും ഉള്ള ആദ്യ ബിരുദാനന്തരബിരുദധാരിയും യുവ അഭിഭാഷകനുമായ ഒ.റ്റി വർഗ്ഗീസിന് അനുയോജ്യയായ ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ ശ്രമിച്ചിരുന്നു. സുഹൃത്തായ കല്ലുക്കുന്നേൽ തൊമ്മച്ചൻ തന്റെ ബന്ധുപുത്രിയും വൈക്കം പുത്തനങ്ങാടി പാട്ടപ്പറമ്പിൽ വർക്കി വക്കീലിന്റെയും (Adv. V. Varkey), ആലപ്പുഴ നടക്കൽ കുടുംബാഗം മറിയാമ്മയുടെയും മകൾ ആലീസുമായുള്ള ഒരു ആലോചന കൊണ്ടുവന്നു. അന്ന് വൈക്കത്തെ ഏറ്റവും പ്രമുഖ അഭിഭാഷകനായിരുന്നു വർക്കി വക്കീൽ. പൊതുപ്രവർത്തകനും നാട്ടുകാരുടെ പ്രിയങ്കരനുമായിരുന്ന വർക്കി വക്കീൽ അക്കാലത്ത് കത്തോലിക്കാ സഭയുടെ പല കേസുകളിലും സഭയ്ക്ക് വേണ്ടി വാദിച്ചു പ്രസിദ്ധി നേടിയിരുന്നു. ദേശസ്നേഹിയും ഉന്നതബിരുദധാരിയുമായ ഒ.റ്റി യെ തന്റെ മരുമകനായി കിട്ടണം എന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. തന്റെ കാലശേഷം മരുമകൻ തന്റെ പ്രവർത്തന മേഖലയായ അഭിഭാഷകവൃത്തിയിൽ തുടരും എന്ന ഒരു ആഗ്രഹവും ലക്ഷ്യവും ഉള്ളിൽ കാത്തുസൂക്ഷിച്ചിരുന്നു.

അങ്ങനെ 1958 മെയ് മാസം 25 ന് ശ്രീ ഒ.റ്റി വർഗ്ഗീസും (പാപ്പച്ചൻ) ശ്രീമതി ആലീസും (കുഞ്ഞമ്മയും) തമ്മിലുള്ള വിവാഹം വള്ളിച്ചിറ പൈങ്ങളം പള്ളിയിൽ വെച്ചു ആശീർവദിക്കപ്പെട്ടു.

സമീപപ്രദേശങ്ങളായിരുന്നുവെങ്കിലും ആ കാലത്ത് പാലായും വൈക്കവും തമ്മിൽ ജീവിത രീതികളിലും സാമൂഹിക കാഴ്ചപാടിലുമൊക്കെ വളരെയേറെ വൈരുധ്യങ്ങൾ നിറഞ്ഞിരുന്നു. അവയോടെല്ലാം പൊരുത്തപ്പെടുവാൻ ആദ്യകാലങ്ങളിൽ ബുദ്ധിമുട്ടിയെങ്കിലും കുലീനയും, സൗന്ദര്യവതിയും, ശാന്തശീലുയമായ ആലീസ് സഹോദരങ്ങളുടെയും, ബന്ധുമിത്രാദികളുടെയും നാട്ടുകാരുടെയും സ്നേഹവതിയായ കുഞ്ഞമ്മ ചേച്ചിയായി മാറാൻ അധികം സമയം വേണ്ടി വന്നില്ല.


malankaralibrary.com

മൂന്നുമക്കളുടെ ജനനത്തിനുശേഷം 1961 ൽ തന്റെ പൊതുപ്രവർത്തനത്തിനും, ബിസ്സിനസ് മേഖലയ്ക്കും കൂടുതൽ സൗകര്യമായ എറണാകുളത്തേക്ക് ഒ.റ്റി കുടുംബസമേതം താമസം മാറ്റി. ആ കാലത്ത് എറണാകുളം പട്ടണം വികസിച്ചുവരുന്നതേയുള്ളൂ. ഒ.റ്റി എപ്പോഴും തന്റെ പൊതുപ്രവർത്തനത്തിലും ബിസ്സിനസുകാര്യങ്ങളിലും മുഴുകി യാത്രയിൽ തന്നെ. പക്ഷെ എല്ലാത്തിനും പിന്തുണയുമായി സമൃദ്ധമായ കുടുംബിനിയായി കുഞ്ഞമ്മ കൂടെ നിന്നു. പറക്കമുറ്റാത്ത തന്റെ കുഞ്ഞുങ്ങളെ ചിറകിനടിയിൽ വെച്ചു വളർത്തി ആ കാലത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിച്ചു വലുതാക്കി. മക്കളുടെ ഒരു കാര്യത്തിനും സ്കൂളുകളിലും കോളേജുകളിലും പോകേണ്ടിവന്നിട്ടില്ല എന്ന് ഒ.റ്റി തന്നെ സമ്മതിക്കുന്നു. 1968 ൽ ഒൻപത് വയസ്സ് പ്രായമുള്ള മേജിമോൾ എന്ന മകൾ ആകസ്മികമായി കർത്തൃസന്നിധിയിലേക്ക് വിളിക്കപ്പെട്ടുവെങ്കിലും തങ്ങളുടെ അടിയുറച്ച ദൈവവിശ്വാസം അവർക്ക് താങ്ങും തണലുമായിരുന്നു. മൂല്യാധിഷ്ഠിതവും പ്രാർത്ഥനാനിരതവും ആയ ഒരു ഉത്തമ കത്തോലിക്കാ കുടുംബം പണിതുയർത്തുവാൻ സാധിച്ചു എന്നതുതന്നെ ഒ.റ്റിയുടെയും ഭാര്യയുടെയും ഏറ്റവും വലിയ ജീവിതവിജയം.

കുടുംബബന്ധങ്ങൾക്ക് ഏറെ വിലമതിച്ചിരുന്ന ഒ.റ്റി തന്റെ മക്കൾക്കും കൊച്ചുമക്കൾക്കും അനുയോജ്യരായ ജീവിത പങ്കാളികളെ കണ്ടെത്തുന്നതിൽ ഏറെ ശ്രദ്ധാലുവായിരുന്നു. മൂത്തമകൾ സിജിയമ്മ തന്റെ സുഹൃത്തും തേവര (S.H College – ൽ സഹപാഠിയുമായിരുന്ന ഷെവലിയാർ വി.ജോർജ്ജ് ഇരുമേടയുടെ മകൻ ലാലിന്റെ ജീവിതപങ്കാളിയായി, പല ബഹുരാഷ്ട്ര കമ്പനികളുടെയും സാരഥിയായി പ്രവർത്തിക്കുന്ന ഭർത്താവിനോടൊപ്പം കുടുംബിനിയായി കഴിയുന്നു. മൂത്തമകൻ ടോമിച്ചൻ എറണാകുളം പൂതുള്ളി കുടുംബത്തിൽ നിന്നും ഹണിയെ വിവാഹം ചെയ്തു നാട്ടിൽ സ്ഥിരതാമസം. ഇളയമകൻ ജോജോ, മാമ്പുഴക്കരി വെങ്ങാന്തറ കുടുംബത്തിൽ നിന്നും പ്രിയയെ വിവാഹം ചെയ്ത് അമേരിക്കയിൽ സ്ഥിരതാമസം. ഇളയ മകളായ ഡാജിയെ കൊറ്റമം ചുണ്ടങ്ങ കുടംബത്തിലെ ഷിബു (ഇന്റർകോണ്ടിനെന്റൽ ഹോട്ടൽ ഗ്രൂപ്പിൽ ഡയറക്ടർ) വിവാഹം ചെയ്ത് സിംബാബ്വേയിൽ താമസം. മറ്റൊരു മകൻ ലിജു തോട്ടക്കാട് ചെത്തിമറ്റം കുടുംബാംഗം അൽഫോൺസയെ വിവാഹം ചെയ്തു സിംബാബ്വേയിൽ ബിസ്സിനസ് മേഖലയിൽ. ഇളയ മകൻ മാർട്ടിൻ തൊടുപുഴ ചെമ്പരത്തി കുടുംബാംഗം അന്നയെ വിവാഹം ചെയ്ത് സാംമ്പിയയിൽ ബിസ്സിനസ് മേഖലയിൽ. കൊച്ചുമക്കളിൽ



malankaralibrary.com

മുതിർന്ന പൗത്രൻ ഡോ.ജോർജ്ജി ഏറ്റുമാനൂർ വെട്ടൂർ കുടുംബത്തിൽ നിന്നും അന്നയെ വിവാഹം ചെയ്ത് സൗത്ത് ആഫ്രിക്കയിൽ സ്ഥിരതാമസം. മറ്റു കൊച്ചുമക്കളിൽ പലരും ഡോക്ടർമാർ, സി.എക്കാർ, പല രാജ്യങ്ങളിലും ഉയർന്ന വിദ്യാഭ്യാസ മേഖലകളിൽ വിദ്യാർത്ഥികൾ. ഏഴു മക്കളും പതിനാറു കൊച്ചുമക്കളും രണ്ടു പേരക്കുട്ടികളും അടങ്ങുന്ന ഒരു അനുഗ്രഹീത കുടുംബം. അവരുടെ സ്നേഹാദരവുകളും സാമീപ്യവും ആണ് ഈ വാർദ്ധക്യകാലത്ത് ഏറ്റവും ധന്യവും സന്തോഷകരവുമായ നിമിഷങ്ങൾ.!



Adv. V. Varkey Puthanagady B.A.,B.L.
(Puthanagady, Chemmanathukara, Vaikom
S/O Puthanagady Varkey

Mrs. Mariamma Varkey
( Nadackal, Pazhavangady, Alappuzha.)

**ഭാര്യയുടെ മാതാപിതാക്കൾ**



malankaralibrary.com

# അസുലഭ കൂടിക്കാഴ്ചകൾ, നിരവധി വേദികൾ

തന്റെ രാഷ്ട്രീയ സാമൂഹിക മേഖലകളിലെ പ്രവർത്തനഭാഗമായി ഒ.റ്റി പല ദേശീയ നേതാക്കളുമായി ഉണ്ടായ കൂടിക്കാഴ്ചകൾ ഇപ്പോഴും ഊഷ്മളതയോടെ അനുസ്മരിക്കുന്നു. സ്വാതന്ത്ര്യത്തിനു ശേഷം ഒരു നവീന രാഷ്ട്രം കെട്ടിപ്പടുത്തുന്നതിന് ജനാധിപത്യ ഭരണസംവിധാനത്തിന്റെ ഭാഗമായി ആ കാലത്ത് നടന്നിരുന്ന പല സമ്മേളനങ്ങളിലും ദേശീയ സംസ്ഥാന നേതാക്കൾക്കൊപ്പം ഒ.റ്റി വേദികൾ പങ്കിട്ടിരുന്നു. വിമോചന സമരകാലത്ത് വൈക്കത്ത് വച്ച് നടന്ന അനേകായിരങ്ങൾ പങ്കെടുത്ത, ശ്രീ മന്നത്ത് പത്മനാഭന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു മഹാസമ്മേളനത്തിൽ ഒ.റ്റി നടത്തിയ പ്രസംഗം ഇന്നും പഴമക്കാർ പലരുടെയും ഓർമ്മയിൽ തങ്ങിനിൽക്കുന്നു.

നൂറ്റാണ്ടുകളോളം ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെയും വർണ്ണവിവേചനത്തിന്റെയും ഈറ്റില്ലങ്ങളായിരുന്ന ദക്ഷിണാഫ്രിക്കൻ രാജ്യങ്ങൾ സന്ദർശിക്കാൻ ഒ.റ്റി യ്ക്ക് അവസരങ്ങൾ ലഭിച്ചു. 1988 ലെ സിംബാബ്വേ സന്ദർശനം അറിവിന്റെ വാതിലുകൾ തുറന്ന ഒരനുഭവം തന്നെയായിരുന്നു. എവിടെയും സ്വാതന്ത്ര്യലബ്ധിയുടെയും നവോധാനത്തിന്റെയും ഒരു പുതിയ രാഷ്ട്ര നിർമ്മാണത്തിന്റെയും അലകൾ! പ്രസിഡന്റ് മുഗാബെ ഉൾപ്പെടെ പല നേതാക്കന്മാരുമായി കൂടിക്കാഴ്ചയ്ക്കുള്ള അവസരങ്ങൾ ലഭിച്ചു. അന്ന് സൗത്ത് ആഫ്രിക്കയിൽ നെൽസൺ മണ്ടേല ജയിൽ മോചിതനായി ഒരു പുതിയ സൗത്ത് ആഫ്രിക്ക ഉടലെടുക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ വരുന്നതേയുള്ളൂ. ആ കാലത്ത് എല്ലാ ഇന്ത്യൻ പാസ്പോർട്ടുകളിലും "Valid for all Countries Except for South Africa" എന്ന ഒരു നിയന്ത്രിത മുദ്ര പതിപ്പിച്ചിരുന്നു. വർണ്ണവിവേചന നയത്തിന് ഭാരതത്തിന്റെ ഏറ്റവും കടുത്ത ഭാഷയിലുള്ള തിരസ്കാരം! പിന്നീട് ആ യാത്രാ നിയന്ത്രണം മാറ്റിയപ്പോൾ സൗത്ത് ആഫ്രിക്കയിലേക്ക് യാത്ര ചെയ്ത ആദ്യകാല വ്യക്തികളിൽ ഒരാളായിരുന്നു ശ്രീ ഒ.റ്റി.

രാജ്യം സ്വാതന്ത്ര്യത്തിന്റെ പാതയിലൂടെ നീങ്ങുമ്പോഴും പലയിടങ്ങളിലും വർണ്ണവിവേചനത്തിന്റെ മാറാപ്പുകൾ പ്രകടമായിരുന്നു.



malankaralibrary.com

ജനങ്ങളിലെല്ലാം ഒരു പുതിയ ഉന്മേഷം പ്രതീക്ഷകൾ ആശങ്കകൾ എല്ലാം കൊണ്ടും സമ്മിശ്രമായ ഒരു പുതിയ രാഷ്ട്ര വികസനത്തിന്റെ തുടിപ്പുകൾ. ആ സന്ദർശനം ആഫ്രിക്കയെപ്പറ്റിയുള്ള പല ധാരണകളും അറിവുകളും തകിടം മറിച്ചു. പല കാര്യങ്ങളിലും ദക്ഷിണാഫ്രിക്കൻ രാജ്യങ്ങൾ നമ്മുടെ നാടിനേക്കാൾ മുൻപിൽ. മൈലുകളോളം നീളുന്ന നാലു വരി പാതകൾ ഭംഗിയായി ആസൂത്രിതം ചെയ്ത നഗരങ്ങൾ, കെട്ടിടസമുച്ചയങ്ങൾ എല്ലാത്തിലുമുപരി വിശാല മനസ്കരും സ്നേഹവുമുള്ള നല്ല മനുഷ്യർ, ആഫ്രിക്കൻ കുടുംബങ്ങളിൽ കാരണവന്മാരോടും വയോധികരോടും ഉള്ള ബഹുമാനം നമ്മെ അത്ഭുതപ്പെടുത്തും. പക്ഷെ പല ജീവിതസൗകര്യങ്ങളിലും അവസരങ്ങളിലും വെള്ളക്കാരും തദ്ദേശികളായ ആഫ്രിക്കൻ ആളുകളും തമ്മിലുള്ള അന്തരം വളരെ വലുതായിരുന്നു. വർണ്ണവിവേചന നയം മൂലം ഒരു ജനതയ്ക്കു വന്ന കേടുപാടുകൾ നമ്മെ വേദനിപ്പിക്കും. വർണ്ണവിവേചന നയത്തിനെതിരായുള്ള സമരങ്ങളിൽ ദക്ഷിണാഫ്രിക്കൻ ഇന്ത്യാക്കാർ വഹിച്ച പങ്ക് നമ്മളെയെല്ലാം അഭിമാനപൂരിതരാക്കും. ഗാന്ധിജി തന്റെ നിസ്സഹകരണ രീതിയിലുള്ള സത്യാഗ്രഹ സമരമുറ ആരംഭിച്ചതു തന്നെ ദക്ഷിണാഫ്രിക്കയിലാണല്ലോ. ഗാന്ധിജി തുടങ്ങിവച്ച സമരമുറ നെൽസൺ മണ്ടേലയെപ്പോലെയുള്ള ദീർഘവീക്ഷണമുള്ളവർ ഏറ്റെടുത്തപ്പോൾ ഒരു പുതിയ രാഷ്ട്രത്തിന് പിറവിയായി.

പല രീതിയിലും വളരെ സമ്പന്നമായ രാജ്യങ്ങൾ! ജൊഹാനാസ്ബർഗ് നഗരം തന്നെ അനേകം ഭൂഗർഭസ്വർണ്ണഖനികൾക്കുമുകളിൽ പണിതിരിക്കുന്നു. Gold reef city എന്ന ഭൂഗർഭ സ്വർണ്ണഖനിയിൽ നടത്തിയ സന്ദർശനം ഒ.റ്റി വിസ്മയത്തോടെ വർണ്ണിക്കുന്നു. വർണ്ണവിവേചനകാലത്തെ ഏറ്റവും വലിയ തെറ്റായി ഒ.റ്റി കാണുന്നത് ആ കാലത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉണ്ടായിരുന്ന വിവേചന നയം. മനുഷ്യന്റെ നിറമനുസരിച്ച് വേർതിരിച്ചിരുന്ന പഠനശാലകൾ, പാഠ്യവിഷയങ്ങൾ!! അത് തലമുറകളെത്തന്നെ വർണ്ണവിവേചനത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിർത്തുന്നു. പിൽക്കാലത്ത് സൗത്ത് ആഫ്രിക്കൻ വിദ്യാഭ്യാസ മേഖലകളിൽ മലയാളികൾ ചെയ്ത സേവനങ്ങൾ പലരും നന്ദിയോടെ സ്മരിക്കുന്നു. പുതിയ തലമുറകൾ ഇതിൽ നിന്നും മോചനം നേടി ഒരു പുതിയ രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ വിജയിക്കും എന്ന് പ്രതീക്ഷിക്കാം.

പിന്നീട് നടത്തിയ യാത്രയിൽ സാംബിയയുടെ രാഷ്ട്രപിതാവും ആദ്യത്തെ പ്രസിഡന്റുമായ ഡോ.കെന്നത് കൗണ്ടയുമായുള്ള



malankaralibrary.com

കൂടിക്കാഴ്ച ജീവിതത്തിലെ തന്നെ ഏറ്റവും അപൂർവ്വ സന്ദർഭങ്ങളിലൊന്നായി ഒ.റ്റി അനുസ്മരിക്കുന്നു. ഇന്ന് ആഫ്രിക്കയിലെ പല രാജ്യങ്ങളും സ്വാതന്ത്ര്യത്തിന്റെ മഹിമ അനുഭവിക്കുന്നതിന്റെ പിന്നിൽ ഡോ.കെന്നത് കൗണ്ടെയെപ്പോലെയുള്ളവരുടെ ത്യാഗവും പിന്തുണയുമാണ് ഏറ്റവും പ്രധാനം. കേരളത്തിൽ നിന്നാണ് എന്നറിഞ്ഞപ്പോൾ തന്റെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുശേഷമുള്ള ആദ്യകാലങ്ങളിൽ മലയാളികളായ അധ്യാപകർ ചെയ്ത സേവനം അദ്ദേഹം നന്ദിയോടെ അനുസ്മരിച്ചു. ഒരു രാജ്യത്തിന്റെ വികസനത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് അദ്ദേഹം മനസ്സിലാക്കിയിരുന്നു.

സ്വാതന്ത്ര്യത്തിന്റെ ആദ്യ വർഷങ്ങളിൽ 'ഒരു ദിവസം ഒരു പുതിയ വിദ്യാലയം'' എന്ന രീതിയിൽ ധൃതഗതിയിൽ വിദ്യാഭ്യാസമേഖയിൽ നടത്തിയ വികസനം സാക്ഷാത്ക്കരിക്കപ്പെട്ടത് സുഹൃദ് രാജ്യങ്ങളായ ഭാരതത്തിൽ നിന്നും ഉള്ള അധ്യാപകരുടെ നിസ്വാർത്ഥസേവനം കൊണ്ടു മാത്രമാണെന്ന് അദ്ദേഹം സ്മരിച്ചു. ഇന്ന് ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യർ ഉള്ള ഒരു രാജ്യം എന്ന നിലയിൽ സാംബിയ മറ്റു പല ആഫ്രിക്കൻ രാജ്യങ്ങൾക്കും മുന്നിലാണ്. തികച്ചും ഗാന്ധിയനും ഭാരതത്തിന്റെ ഉറ്റ മിത്രവുമായി ഇന്നും നിലകൊള്ളുന്ന ഈ രാഷ്ട്രപിതാവുമായുള്ള കൂടിക്കാഴ്ച ഒ.റ്റി.യെ സംബന്ധിച്ചിടത്തോളം ഒരു വലിയ അനുഭവമായി!

ഇന്ത്യയുടെ സാംബിയയിലെ നയതന്ത്രാലയം നടത്തിയ സ്വാതന്ത്ര്യ ആഘോഷവേളയിൽ ആ രാജ്യത്തെ പല നേതാക്കളുമായി സംവേദിക്കാനും അവസരം ലഭിച്ചു. അതിൽ ഏറ്റവും പ്രധാനം സാംബിയായിലെ അഭിഭാഷക സംഘടനയുടെ സാരഥിയും ഒക്സ്ഫോർഡ് ബിരുദധാരിയുമായ യുവ അഭിഭാഷകൻ ഏലിയാസ് ചിപ്പിമോ, ഒരു മുതിർന്ന അഭിഭാഷകൻ എന്ന നിലയിൽ ഒ.റ്റി.യോട് പ്രകടിപ്പിച്ച ആദരവ് അമ്പരപ്പിക്കുന്നതായിരുന്നു. രാഷ്ട്രീയ പ്രവർത്തനത്തിൽ വ്യാപൃതനായ അദ്ദേഹം ഒരുപക്ഷേ സാംബിയായുടെ വരുംതലമുറ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടേക്കാം.

ജീവിതത്തിൽ എല്ലാ തരത്തിലും വിശുദ്ധയായി ജീവിച്ചിരുന്ന മദർ ഡോ. ലിറ്റി സ്ഥാപിച്ച ദൈവപരിപാലനാഭവനം എന്ന സന്ന്യാസസമൂഹത്തിന്റെ സാംബിയയിലെ ഭവനത്തിലും ശ്രീ. ഒ.റ്റി. സന്ദർശിച്ചിരുന്നു. മദർ ലിറ്റി തന്റെ സമൂഹത്തിന്റെ പ്രവർത്തനമേഖല ആഫ്രിക്കൻ രാജ്യങ്ങളിലേക്കും എത്തിക്കണം എന്ന ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ഒ.റ്റി.യും തന്റെ ബന്ധുവായ ഇരുമേട ജോർജ് സാറും കൂടി അതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും തന്റെ മക്കളിലൂടെ


malankaralibrary.com

ചെയ്തു. ഇളയമകൻ മാർട്ടിനും കുടുംബവും ആദ്യകാലങ്ങളിൽ ഈ സമൂഹത്തിലെ സിസ്റ്റേഴ്സിന് ആതിഥ്യം നല്കി. ഒരു ദൈവപരിപാലനാഭവൻ സാംബിയായിലും തുടങ്ങുവാനുള്ള ക്രമീകരണങ്ങൾ ചെയ്തു. ഇന്ന് ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് അനാഥരായ നിരവധി കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുന്നതു കാണുമ്പോൾ സ്വർഗ്ഗത്തിലിരുന്ന് മദർ ലിറ്റിയും ഇരുമേട ജോർജ് സാറും ഏറ്റവും സന്തോഷിക്കുന്നുണ്ടായിരിക്കും. അങ്ങനെ ഒരു ദൈവപരിപാലനാഭവൻ ആഫ്രിക്കയിലും തുടങ്ങുവാൻ ചെറുതാണെങ്കിലും ഒരു പങ്കു വഹിക്കാൻ ഒ.റ്റി. യ്ക്ക് കിട്ടിയ അവസരം ഒരു വലിയ അനുഗ്രഹമായി കരുതി, ഒ.റ്റി. സർവ്വശക്തന് നന്ദി പറയുന്നു.

"എല്ലാ ജനാധിപത്യ സംവിധാനങ്ങളിലും, നന്മകളും കുറവുകളുമുണ്ട്. പക്ഷെ ചിലപ്പോൾ ഓർക്കും ജനാധിപത്യത്തിന്റെ ആദ്യപടികൾ കയറാൻ ശ്രമിക്കുന്ന ചില ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുപോലും നമ്മൾ പലതും പഠിക്കേണ്ടതുണ്ട്. പക്ഷെ ലോകത്തിലെ ഏറ്റവും വലിയ മതേതര ജനാധിപത്യരാഷ്ട്രമായ ഭാരതത്തിലേക്ക് പല രാജ്യങ്ങളും ഉറ്റുനോക്കുന്നു, മാതൃകയാക്കാൻ ശ്രമിക്കുന്നു. നമ്മുടെ നേതാക്കൾ അത് ഒരിക്കലും മറക്കരുത്." നിശ്ചയദാഢ്യത്തോടെ ഒ.റ്റി. എന്ന പ്രബുദ്ധ രാഷ്ട്രീയ നേതാവ് ഓർമ്മിപ്പിക്കുന്നു.



**സാംബിയായുടെ രാഷ്ട്രപിതാവും ആദ്യ പ്രസിഡന്റുമായ ഡോ.കെന്നത്ത് കൗണ്ടയോടൊപ്പം**



malankaralibrary.com





സാംബിയായിലെ ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ

മുഖ്യാതിഥികളോടൊപ്പം



malankaralibrary.com





സാംബിയായിലെ അഭിഭാഷക സംഘടനയുടെ സാരഥിയും
യുവരാഷ്ട്രീയ നേതാവുമായ അഡ്വ. എലായാസ് ചിപീമോയോടൊപ്പം



malankaralibrary.com

# ആഫ്രിക്കൻ വനാന്തരങ്ങളിലൂടെ













malankaralibrary.com

# അനുബന്ധം

## പഴേപറമ്പിൽ കുടുംബം.
## (ഒ.റ്റി.വർഗ്ഗീസിന്റെ മാതൃഭവനം)

പഴേപറമ്പിൽ കുടുംബത്തിന്റെ തായ്‌വഴി കൊടുങ്ങല്ലൂർ അങ്ങാടിത്തലയ്ക്കലാണ്. അവിടെനിന്നും അതിരമ്പുഴ അരുവിത്തുറ അമ്പാറ എത്തിയപ്പോൾ മണ്ണൂർ എന്നായി വീട്ടുപേര്. അമ്പാറ മണ്ണൂരിൽ നിന്നും മീനച്ചിൽ കർത്താക്കന്മാരുടെ അടുത്ത് വിദ്യ അഭ്യസിക്കാനെത്തിയ തൊമ്മച്ചനാശാൻ തന്റെ ഭാര്യവീട്ടുകാരായ പൂവത്താനിക്കാരിൽ നിന്ന് അവരുടെ ഒരു പഴയ ദേഹണ്ഡസ്ഥലം വിലയ്ക്കുവാങ്ങി താമസമാരംഭിച്ചപ്പോൾ വീട്ടുപേര് പഴേപറമ്പിൽ എന്നായി.

തൊമ്മച്ചനാശാന്റെ നാല് ആൺമക്കളിൽ മൂന്നാമനാണ് പൂവരണി പള്ളിസ്ഥാപകരിലൊരാളായ, ഞങ്ങൾ വല്യച്ചൻ എന്നു വിളിക്കുന്ന റവ.ഫാ. തോമസ് പഴേപറമ്പിൽ. തൊമ്മച്ചനാശാന്റെ, നാലാമത്തെ മകൻ ഉലഹന്നാന്റെ മൂന്നാമത്തെ മകനാണ് ഞങ്ങൾ കൊച്ചച്ചൻ എന്നു വിളിക്കുന്ന ഫാ. ജോസഫ് ഫാ. ജോസഫിന്റെ ഇളയസഹോദരനായ വർഗ്ഗീസിന്റെ മൂത്തപുത്രിയായ മാമ്മിയാണ് ഒ.റ്റി വർഗ്ഗീസിന്റെ മാതാവ്. മാമ്മിയുടെ പിതാവായ വർഗ്ഗീസ് പ്രതാപശാലിയായ ഒരു നാട്ടുപ്രമാണിയായിരുന്നു. അച്ചനും ആനയുമുള്ള കുടുംബം അസാധാരണ ബഹുമാന്യത നേടിയിരുന്നു അക്കാലത്ത്. തന്റെ ചിറ്റപ്പനും ജ്യേഷ്ഠനും ഭരിച്ചിരുന്ന പൂവരണിപ്പള്ളിയോട് അദ്ദേഹത്തിനുള്ള വൈകാരികാഭിമുഖ്യം ഒന്നു വേറെതന്നെയായിരുന്നു. 1926-ൽ പള്ളിയുടെ ട്രസ്റ്റിയായും കൈക്കാരനായും പ്രവർത്തിച്ചിട്ടുണ്ട്. പൂവരണി പള്ളിയ്ക്കകത്ത് നാല് വൈദികരെ കബറടക്കിയിട്ടുണ്ട്, ഫാ. എബ്രാഹം പുവത്താനി, ഫാ. മാണി പുല്ലാട്ട്, ഫാ. തോമസ് പഴേപറമ്പിൽ, ഫാ. ജോസഫ് പഴേപറമ്പിൽ പള്ളിയ്ക്കകത്ത് കബറടക്കിയ നാലു വൈദികരിൽ രണ്ടുപേർ പഴേപറമ്പിൽ കുടുംബത്തിലെ വൈദികരാണ്.

ഉലഹന്നാൻ വർഗ്ഗീസിന്റെ ഭാര്യ ഇടമറ്റത്ത് കുരുവിനാപ്പൊതിയിൽ മാത്യുവിന്റെയും ഏലിയുടെ മകൾ കുഞ്ഞേലിയായിരുന്നു. ഇവർക്കു മുന്ന് ആണും മൂന്ന് പെണ്ണുമായി ആറു മക്കൾ.


malankaralibrary.com

മൂത്തപുത്രിയായ മാമ്മിയാണ് ഒ.റ്റി വർഗ്ഗീസിന്റെ മാതാവ്. പാലായിൽ കുരുമുളക് വ്യാപാരരംഗത്ത് പ്രസിദ്ധനായ ഒഴുകയിൽ ഒ.വി തോമസിന്റെ ഭാര്യയായി മാമ്മി എത്തുന്നത് ഐശ്വര്യത്തിന്റെ പൊൻതളയുമിട്ടായിരുന്നു. ഒ.വി തോമസ് 1943-ൽ ഒ.വി തോമസ് കമ്പനി എന്ന പേരിൽ മലഞ്ചരക്കിന്റെ മൊത്തസംഭരണശാല തുടങ്ങി. പാലാ കുരുമുളക് എന്ന് അന്യനാടുകളിൽ ഇവിടുത്തെ കുരുമുളക് ഇപ്പോഴും അറിയപ്പെടുന്നതിൽ ഈ കമ്പനിയുടെ പങ്ക് വലുതായിരുന്നു.

ഉലഹന്നാൻ വർഗ്ഗീസിന്റെ പുത്രൻ മാത്യു (കുഞ്ഞ്) ആണ്. ഭാര്യ കുറ്റിയാനിക്കൽ ജോസഫ്-മറിയം മകൾ അന്നമ്മ. അവർക്ക് ഒൻപതു മക്കൾ. അഞ്ച് പുത്രൻമാർ. രണ്ടുപേർ കന്യാസ്ത്രീകളായി സഭാജീവിതം നയിക്കുന്നു.- സി.ലോറൻസിയാ, സി.മേരിമാത്യു. രണ്ടാമത്തെ പുത്രൻ അപ്പച്ചന്റെ പുത്രനാണ് ഫാ.തോമസ് H.G.N മൂന്നാമത്തെ പുത്രൻ പി.എം തോമസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി വിരമിച്ചു. നാലാമത്തെ പുത്രൻ മാത്യുവിന്റെ പുത്രനാണ് ഫാ. മാത്യു (ക്ലാരനിറ്റ് സെമിനാരി കുറവിലങ്ങാട്).

ഉലഹന്നാൻ വർഗ്ഗീസിന്റെ രണ്ടാമത്തെ പുത്രി ചിന്നമ്മയെ വിവാഹം കഴിച്ചിരിക്കുന്നത് പാലക്കാട് വെട്ടിക്കുഴുക്കുന്നേൽ തൊമ്മച്ചനാണ്. അവർക്ക് ഏഴ് മക്കൾ. അവരിൽ സി. മേഴ്സിക്കുട്ടി അപ്പസ്തോലർ ഒപ്തിഗേറ്റ്സ് സഭാംഗമാണ്. ബ്ര. റ്റോമി (സെബാസ്റ്റ്യൻ) ഒ.സി.ഡി ഇപ്പോൾ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു.

ഉലഹന്നാൻ വർഗ്ഗീസിന്റെ പുത്രനായ തൊമ്മച്ചൻ മലേഷ്യയിലാണ് തന്റെ ജീവിതത്തിന്റെ ഏറിയകാലവും ചെലവഴിച്ചത്. മലേഷ്യയിലെ അധികാരമണ്ഡലങ്ങളിലെ കരുനീക്കങ്ങളിലെ പ്രധാനിയായി തൊമ്മച്ചൻ വളർന്നു. മലേഷ്യൻ പ്രധാനമന്ത്രിയായിരുന്ന തുങ്ക് അബ്ദുൾ റഹ്മാന്റെ സുഹൃത്തും ഉപദേഷ്ടാവുമായി മാറിയ തൊമ്മച്ചന് മലേഷ്യൻ ഗവ. അവരുടെ വിശിഷ്ടബഹുമതിയായ പി.ജെ.കെ ബിരുദം നൽകി ആദരിച്ചു. രണ്ട് മക്കൾ. മകൾ അമേരിക്കയിൽ ഡോ.ജോണിന്റെ ഭാര്യ. കുഞ്ഞേപ്പ് ആയിരുന്നു ഉലഹന്നാൻ വർഗ്ഗീസിന്റെ ഇളയ പുത്രൻ. ഭാര്യ പാറേക്കാട്ട് (മറ്റപ്പള്ളി) തോമസിന്റെ മകൾ മറിയക്കുട്ടി. അവർക്ക് ഒൻപത് മക്കൾ.

വർഗ്ഗീസിന്റെ ഇളയപുത്രി എത്സി നിത്യവ്രതവാഗ്ദാനം സ്വീകരിച്ച്, വിശാഖപട്ടണം സെന്റ്. ജോസഫ്സ് കോൺവന്റിൽ വിവിധ മേഖലയിൽ പ്രവർത്തിച്ച് ഇപ്പോൾ വിശ്രമജീവിതം നയിക്കുന്നു. ഒ.റ്റി വർഗ്ഗീസിന്റെ സമപ്രായക്കാരിയാണ്.



malankaralibrary.com

ദൈവവിളികൊണ്ട് അനുഗൃഹീത പഴേപറമ്പിൽ കുടുംബത്തിൽ 14 വൈദികർ ഉണ്ടായിട്ടുണ്ട്. അവിഭക്തതലശ്ശേരി രൂപതയുടെ പ്രഥമ വികാരിജനറാൽ മോൺ. തോമസ് പഴേപറമ്പിൽ കുറിച്ചുവച്ച കുടുംബ ചരിത്രമാണ് കാലോചിതമായ മാറ്റങ്ങളോടെ 2000-ൽ പ്രസിദ്ധീകരിച്ചത്. ഇപ്പോഴത്തെ കാഞ്ഞിരപ്പള്ളി രൂപതാ വികാരിജനറാൾ റവ.ഫാ. ജസ്റ്റിൻ പഴേപറമ്പിലാണ്. 25 കന്യാസ്ത്രീകളാണ് പഴേപറമ്പിൽ കുടുംബത്തിൽ നിന്ന് സഭാജീവിതത്തിന് നിയോഗിക്കപ്പെട്ടത്. കുടുംബത്തിലെ ആദ്യത്തെ കന്യാസ്ത്രീ സി. ളൂയിസാമ്മ F.C.C ഉലഹന്നാൻ വർഗ്ഗീസിന്റെ ഇളയസഹോദരിയാണ്.



malankaralibrary.com

# നന്ദിയുടെ ഒരു വാക്ക്

ഞങ്ങളുടെ പ്രിയ പിതാവ് ശ്രീ ഒ.റ്റി വർഗീസ് 'നവതി' ആഘോഷിക്കുന്ന ഈ അവസരത്തിൽ പ്രിയപ്പെട്ട പല ബന്ധുമിത്രാദികളും അദ്ദേഹത്തിന്റെ വളരെ അടുത്ത ചില സുഹൃത്തുക്കളും, ഒരു സ്മരണിക പ്രസിദ്ധീകരിക്കണം എന്ന് ആവശ്യപ്പെടുകയുണ്ടായി. എല്ലാവരുടേയും പ്രിയങ്കരനായ ഒ.റ്റി വർഗീസ് എന്ന വ്യത്യസ്തനായ രാഷ്ട്രിയ സാമൂഹിക നേതാവിന്റെ അനുഭവസമ്പത്ത് ഒരു രേഖയാക്കി പ്രസിദ്ധീകരിച്ചാൽ വരും തലമുറകൾക്കും അത് ഒരു പ്രചോദനമാകുവാൻ ഉപകരിക്കുമെന്നതിനാൽ ശ്രമകരമായ ഈ ഉദ്യമത്തിന് ഞങ്ങൾ മുതിരുകയാണ്. കുറവുകൾ ധാരാളം ഉണ്ടാകാം. സദയം ക്ഷമിക്കുക.

ആവശ്യപ്പെട്ടപ്പോൾ വളരെ സന്തോഷത്തോടെ നവതി ആശംസകൾ എഴുതി തന്ന അഭിവന്ദ്യ പിതാക്കന്മാർക്കും, രാഷ്ട്രീയ സാമൂഹിക നേതാക്കൾക്കും, സുഹൃത്തുകൾക്കും ബന്ധുക്കൾക്കും നിർഭരമായ നന്ദി. ഈ പ്രസിദ്ധീകരണത്തിന്റെ പ്രധാന രൂപകർത്താവ് ഡോ. പി.ജെ സെബാസ്റ്റ്യൻ തന്റെ മലയാള ഭാഷയിലെ പാണ്ഡിത്യവും വാക്കുകളുടെ മനോഹാരിതയും, പ്രകടമാക്കുന്ന രീതിയിൽ തന്റെ കർത്തവ്യം നിറവേറ്റി. നന്ദിയുടെ ആയിരം പൂച്ചെണ്ടുകൾ. ഈ പ്രസിദ്ധീകരണത്തിന് അവതാരിക എഴുതി ഇതിനെ ധന്യമാക്കിയ ശ്രീ. പി. എം തോമസിനോടുള്ള കടപ്പാടും നന്ദിയും അറിയിക്കുന്നു.

ഇതിന്റെ മുദ്രണം സമയബന്ധിതമായും മനോഹരമായും നിർമ്മിച്ച എറണാകുളം, ഡോൺബോസ്കോ പ്രസിദ്ധീകരണശാലയിലെ എല്ലാ നല്ല ജീവനക്കാർക്കും ആത്മാർത്ഥമായ നന്ദി.

ഞങ്ങളുടെ പിതാവിന് എല്ലാവിധ നന്മകളും നേർന്നുകൊണ്ട് നവതിയുടെ നിറവിൽ അദ്ദേഹത്തിന്റെ പാദങ്ങളിൽ ഈ സ്മരണിക സമർപ്പിക്കുന്നു.

ജോർജ്ജ് വർഗ്ഗീസ് ഇരുമേട

ടോമി വർഗ്ഗീസ് ഒഴുകയിൽ



malankaralibrary.com



നവതിആശംസകളുമായി ലുലു ഗ്രൂപ്പ് ചെയർമാൻ
ശ്രീ എം.എ യൂസഫ് അലി



മക്കളോടൊപ്പം നവതിയുടെ നിറവിൽ

malankaralibrary.com



സഹോദരങ്ങളോടും
പിൻതലമുറയോടുമൊപ്പം



മക്കളും കൊച്ചുമക്കളും

malankaralibrary.com



പേരക്കിടാങ്ങൾക്കൊപ്പം
ആഘോഷങ്ങൾ!



malankaralibrary.com



നവതി ആഘോഷവേളകളിൽ
കുടുംബാംഗങ്ങളോടൊപ്പം



malankaralibrary.com



സാംബിയായുടെ രാഷ്ട്രപിതാവും ആദ്യ
പ്രസിഡന്റുമായ ഡോ.കെന്നത്ത് കൗണ്ടയോടൊപ്പം



സാംബിയായിൽ ഭാരത സ്വാതന്ത്ര്യദിന
ആഘോഷങ്ങളിൽ മുഖ്യാതിഥിയായി

malankaralibrary.com

MALANKARA
LIBRARY
malankaralibrary.com



Born on the 25th June 1928 as the eldest son of O V Thomas Ozhukayil Pala and Mammy Thomas Pazhayaparambil, Poovarany. After his schooling at St. Antonys School Cherukara, St Thomas High School Pala and Intermediate from Sacred Heart College Thevara, he graduated with a Bachelors (BA) and Masters Degree (MA) in Economics and Political Science from Khalsa College Mumbai and attained his LLB from Government Law College, Mumbai.

Returning to Kerala in 1950 he joined the family export business of OV Thomas and Company Ltd and partnered in founding Intercontinental Industries and Exporters Ltd and was later elected as the Chairperson of the Association of Timber Exporters. After a short period as an Educator at Pala St.Thomas College and as a practicing Advocate, he joined Politics in 1954 as a vibrant young activist and leader for the Indian National Congress Party, Elected as the first President for Karoor Panchayat, President for the Youth Congress in Kottayam and various other leadership positions within the Congress party... Was the THUNDER VOICE of the opposition during the Vimochana Samaram.

Mentor and Guide to many of the leaders today when they were young, through the leadership training platforms like Akhila Kerala Balagana Sakhyam, shaping the young leadership for the country... A life filled with service to others and selfless leadership of a life time...

Married to Alice Varghese d/o Adv V. Varkey Puthanangadi, Vaikom in 1958, and blessed with 7 children and 16 grandchildren and two great grand children...

A legacy to guide us and footsteps to follow for generations to come...

malankaralibrary.com